ഒരു സമൂഹജീവിയായ മനുഷ്യന് മറ്റുള്ളവരുടെ സഹായവും സഹകരണവും കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. സമുദായ ജീവിയായ മനുഷ്യന് സമുദായത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അവന്റെ പ്രശ്നങ്ങൾ തന്നെയാണ്. സമുദായത്തിന്റെ ഉയർച്ച അവന്റെ ഉയർച്ചയും, സമുദായത്തിന്റെ നാശം അവന്റെ നാശവുമാണ്. അതുകൊണ്ട് തലയുയർത്തിവരുന്ന സാമൂഹ്യ പ്രശ്നങ്ങളുടെ നേരെ കണ്ണടക്കുവാൻ സാദ്ധ്യമല്ല. ഇവയുടെയൊക്കെ പരിഹാരത്തിനായി പല സാമൂഹ്യസേവന സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെയുള്ള വിവിധ സാമൂഹ്യ സംഘടനകൾ ഒന്നിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി സോഷ്യൽ വെൽഫയർ സെന്ററുകളും മറ്റും ഗവണ്മെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇൻഡ്യയിൽ സാമൂഹ്യസേവനം നടത്തുന്ന അനേകം സംഘടനകൾ ഉണ്ട് എങ്കിലും അവയെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നു പറയുവാൻ സാദ്ധ്യമല്ല. ഇൻഡ്യയിലെ മിക്ക കോളേജുകളിലും സോഷ്യൽ സർവ്വീസ് ലീഗുകൾ സംഘടിപ്പിച്ച് സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത്തരം സംഘടനകൾ ഹൈസ്കൂളുകളിൽ സ്ഥാപിച്ച് സാമൂഹ്യ പ്രവർത്തനം നടത്തുന്നതിന് സുബുദ്ധീകൃതരും മറ്റും താല്പര്യം കാണിക്കുന്നു ചാരിതാർത്ഥ്യജനകം തന്നെ. എന്നാൽ ചുരുക്കം ചില കോളേജുകൾ സാമൂഹ്യ സേവനത്തിനു വേണ്ടത്ര പ്രാധാന്യം നൽകികാണുന്നില്ല. എന്നതു വളരെ ദുഃഖകരമായ ഒരു വസ്തുതയാണ്. കോളേജുകളിലും മറ്റും സോഷ്യൽ സർവ്വീസ് ലീഗുകൾ നടത്തുന്ന സേവനം വെറും പേരും പെരുമയ്ക്കും വേണ്ടിയാണ് എന്നു പറയുന്നവർ ഇപ്പോഴും ഉണ്ട് എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സോഷ്യൽ സർവ്വീസ് ലീഗിലെ ഒരംഗമായി പ്രവർത്തിക്കുവാൻ സാധിച്ചതുകൊണ്ട് എനിക്കു തീർത്തു പറയുവാൻ സാധിക്കും, പ്രസ്തുത സംഘടനയുടെ പ്രവർത്തനം വെറും പേരും പെരുമയ്ക്കും വേണ്ടിയല്ലെന്നും മറിച്ച് യുവജനങ്ങളുടെ സേവനതല്പരത വർദ്ധിപ്പിക്കാൻ വേണ്ടിയാണെന്നും.

ഈ യുഗത്തിൽ സാമൂഹ്യസേവനത്തിൽ താല്പര്യമുള്ളവരുടെ എണ്ണം താരതമ്യേന കുറവായിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾ പൊതുവേ അലസ ജീവിതം ഇഷ്ടപ്പെടുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. പുഷ്പങ്ങൾതോറും നടന്ന് മദോന്മത്തരായ വണ്ടുകളെപ്പോലെ ആഡംബരത്തിലും ആർഭാടത്തിലും ജീവിക്കുവാനാണ് കൂടുതൽ വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്നതു്. ജീവിതത്തിന്റെ പരുപരുത്ത വശങ്ങളുമായി ബന്ധപ്പെടാതെ വർണ്ണപ്പകിട്ടാർന്ന സ്വപ്നങ്ങളുമായി കലാലയത്തിൽ കഴിഞ്ഞുകൂടുന്ന അവർ പ്രായോഗിക ജീവിതവുമായി ഏറ്റുമുട്ടുമ്പോൾ മാത്രമാണ് യാഥാർത്ഥ്യങ്ങളുമായി തങ്ങളുടെ ജീവിതത്തിനു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല എന്നു മനസ്സിലാകുന്നതു്. ഇത്തരത്തിലുള്ള സ്ഥി

ശക്തിയായ ഒരു മനോഭാവം യുവജനങ്ങളിൽ ഉണ്ടാകണമെങ്കിൽ അവയുടെ ദുഷ്യഫലങ്ങൾ സമുദായത്തെയും, രാജ്യത്തെയും എങ്ങനെ ബാധിക്കുന്നു എന്ന് വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെ ശരിയായി മനസ്സിലാക്കണം. സാമൂഹ്യപ്രവർത്തനം ഇക്കാര്യത്തിൽ വളരെയധികം ഉപകാരപ്രദമായിരിക്കും.

സാമൂഹ്യസേവനത്തിനായി രംഗത്തുവരുന്ന നാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. സേവനത്തിനായി മുന്നോട്ടു വരുന്നവർക്ക് നാനാമുഖമായ കഷ്ടപ്പാടുകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരും. യാഥാസ്ഥിതികരും, സ്ഥാപിതതാല്പര്യക്കാരുമായുള്ളവരിൽനിന്നുള്ള പരിഹാസങ്ങളും, എതിർപ്പുകളും നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി നിലകൊള്ളും. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ പൊതുപ്രവർത്തനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചവരെ പ്രോത്സാഹിപ്പിക്കുവാൻ സമുദായം എപ്പോഴും സന്നദ്ധമാണ്. ഒരു പക്ഷേ നമ്മുടെ നാട്ടിൽ സാമൂഹ്യപ്രവർത്തനത്തിനായി മുമ്പോട്ടുവരുന്നവരുടെ എണ്ണം കുറയുന്നതിന്റെയും കാരണം അതുതന്നെയായിരിക്കണം. ഇതിനൊരു പരിഹാരം ഉണ്ടാകണമെങ്കിൽ ഊർജ്ജസ്വലരും, സേവയുടെ മാഹാത്മ്യത്തെ മാനിക്കുവാൻ തയ്യാറുള്ളവരുമായ ചെറുപ്പക്കാർ ഗ്രാമങ്ങൾതോറും സാമൂഹ്യപ്രവർത്തനം സംഘടിപ്പിക്കണം. സാമൂഹ്യജീവിതത്തിന്റെ പുരോഗതിക്ക് ഈ മാതൃക വളരെയധികം സഹായകമായിരിക്കും. പട്ടിലും, പൗഡറിലും പൊതിഞ്ഞ് സുന്ദരസ്വപ്നങ്ങൾ മാത്രം കണ്ടുകൊണ്ട് വെറും സ്വപ്നജീവികളായി നാം അധഃപതിക്കരുത്. കഠിനാദ്ധ്വാനം ചെയ്യുന്ന പട്ടിണിപ്പാവങ്ങളായ ജനലക്ഷങ്ങളുടെ മദ്ധ്യത്തിലേക്കിറങ്ങി അവരുടെ അഭിവൃദ്ധിക്കായി പ്രവർത്തിക്കുക. വല്ലപ്പോഴും ഒരിക്കൽ ഓടകൾ വൃത്തിയാക്കിയതുകൊണ്ടോ, മൂന്നോ നാലോ വീടുകൾ മേഞ്ഞുകൊടുത്തതുകൊണ്ടോ സമുദായ പുരോഗമനമുണ്ടാവുകയോ, ജനങ്ങളുടെ കഷ്ടപ്പാടുകൾ അവസാനിക്കുകയോ ഇല്ല. എപ്പോഴും ജനങ്ങളുടെ സേവകരും, പ്രതിനിധിയുമായിരിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. ജീവിതം നാടിനുവേണ്ടിയാണെന്നുള്ള തത്വം നാം അംഗീകരിക്കണം. നാം ഓരോരുത്തരും ത്യാഗത്തിന്റെ മോഹനവീഥിയിലൂടെ ഇടറാത്ത കാൽപാദങ്ങളോടുകൂടി പുഞ്ചിരി തൂകിക്കൊണ്ട് മുന്നേറുവാൻ കരുത്തുള്ള പടത്തലവന്മാരാവുക.



വെറുക്കുന്നവരെ സ്നേഹിക്കുമ്പോൾ മാത്രമാണ് നാം അക്രമരാഹിത്യത്തിന്റെ ഉപാസകരാവുക.

—ഗാന്ധിജി

കവിത

# ചിന്ത

ചുട്ടറ്റ ചിന്തയാലാകുലനാ-
യേകാന്തനായി ഞാനങ്ങിരിക്കെ,
പുഞ്ചിരിയുമായെൻ്റെ മുമ്പിൽ
ഓടിവന്നെത്തിയെൻ കൊച്ചനുജൻ.
അന്നുതയ്പ്പിച്ചതാം സിൽക്കുടുപ്പും
നിക്കറും തന്നെയവൻ്റെ വേഷം.

മൂന്നുവയസ്സു തികഞ്ഞിടാത്താ-
പൈതലിൻ പുഞ്ചിരി കണ്ടിടുമ്പോൾ
എന്നിലെ സ്നേഹത്തിൻ നീരുറവ
ഞാനറിയാതെ തഴച്ചൊഴുകി.
നിർമ്മലലോലമപ്പുഞ്ചിരിയിൽ
താനെ ലയിച്ചു ഞാൻ നിന്നിടുമ്പോൾ

കൊച്ചരിപ്പല്ലുതൻ ഭംഗികാട്ടി
മെച്ചമേറുംതൻ കളനാദത്തിൽ
എന്നോടവൻവന്നു ചോദിക്കയായ്
തന്നുടെ വർദ്ധിച്ചമോദത്തോടെ
“ചേട്ടാ, ഇതുകണ്ടോ? എൻ്റെ പുത്തൻ
നിക്കറും സിൽക്കു തുണിയുടുപ്പും”

ആ കളനാദത്തിൻ മാധുര്യത്താ
ലാകൃഷ്ടനായി ഞാൻ നിന്നിടുമ്പോൾ
തൻകൊച്ചുകൈയ്യുകളും രണ്ടുമൊപ്പം
നിക്കർതൻപോക്കറ്റിലിട്ടുവേഗം
ഓടിപ്പോയ് തിണ്ണയിൽ ചെന്നങ്ങവൻ
തുള്ളിക്കളിക്കയാണാഹ്ലാദത്താൽ

എൻ തപ്തമാനസം ചിന്തിച്ചുപോയ്
ഞാനുമൊരു പൈതലായിരുന്നേൽ!

ജോർജ്ജ് ററി. പി.
II P. D. C.

ചെറുകഥ

# വഴിയമ്പലം

വി. സി. ഐസക്ക്
II P. D. C.

ഇരുട്ടത്ത സന്ധ്യയ്ക്കു മനോഹാരിത കൂടുതൽ തോന്നി. പടിഞ്ഞാറെ ചക്രവാളത്തിലെ സിന്ദൂരരവി മായാതെ കിടക്കുകയായിരുന്നു അപ്പോഴും.

വീടിന്റെ മുറ്റത്ത്, അലങ്കാരങ്ങൾ പാകാത്ത വിവാഹപ്പന്തൽ! ഈന്തോലക്കീറിൽ തെരുപ്പിടിച്ചുകൊണ്ട് അകലേക്കു മിഴിനട്ടു നിൽക്കുകയായിരുന്നു സൂസൻ.

കണ്ണീരിന്റെ ഈറനണിഞ്ഞ ഓർമ്മകൾ ഹൃദയത്തിൽ അള്ളിപ്പിടിച്ചു നിന്നപ്പോൾ, അവളറിയാതെ തേങ്ങിപ്പോയി. ജീവിതം കൈമോശപ്പെട്ടുപോയിരിക്കുന്നു. ഒരിക്കലും തിരിച്ചു കിട്ടാത്ത വിധത്തിൽ!

മനസ്സിന്റെ ശവപ്പറമ്പിൽ മണ്ണോടു ചേരാതെകിടക്കുന്ന അസ്ഥികഷണങ്ങൾ! നിറം മങ്ങിയ കിനാവുകൾ............!

എല്ലാം മറക്കാൻ ശ്രമിക്കുകയായിരുന്നു അവൾ. മറവിയുടെ ഇരുട്ടറയിൽ ഓർമ്മകളുടെ നിലാവെളിച്ചം കടന്നു ചെല്ലാതിരുന്നെങ്കിൽ..........! അവളാഗ്രഹിച്ചു.

അനന്തതയുടെ അജ്ഞാത വിദൂരതയിൽ അലിഞ്ഞില്ലാതായ നെടുവീർപ്പുകൾ............തേങ്ങലുകളുടെ പ്രതിധ്വനികൾ............!!

'ചേച്ചീ............!'

അനിയത്തി പിന്നിൽ നിന്നു വിളിച്ചു. കരഞ്ഞു തുടുത്ത മുഖം അനിയത്തിയിൽ നിന്നും മറച്ചുപിടിക്കാൻ ശ്രമിക്കുകയായിരുന്നു സൂസൻ.

'ടാൻസർ സാൻക്ഷനായിട്ടുണ്ടോ ചേച്ചീ—?'

'ഉവ്വ്'............!'

സൂസന്റെ ചുണ്ടുകൾ വിതുമ്പിയത് അനിയത്തി അറിഞ്ഞിരിക്കില്ല.

ആകാശത്തിന്റെ കവിൾത്തട്ടിനെ ഉരുമ്മി, മുകിൽക്കീറുകൾ അലഞ്ഞുനടന്നു. അതോടൊപ്പം സൂസന്റെ ചിന്തകളും.....!

'ഇന്നുതന്നെ പോവാൻ........ തീരുമാനിച്ചുവല്ലേ—ചേച്ചീ?' ആ ശബ്ദത്തിൽ ഗദ്ഗദം നിറഞ്ഞു നിന്നിരുന്നു.

സൂസന്റെ തളർന്ന മിഴികൾ മോളിയുടെ മുഖത്തു തറഞ്ഞുനിന്നു.

'എന്റെ........ അനിയത്തീ.........! ഇന്നുവരെ നിനക്കുവേണ്ടി മാ....ത്രമാണു ഞാൻ ജീവിച്ചതു്.

ഇ.......നി...... ഇനി........, നിനക്കുവേണ്ടി ജീവിക്കുവാൻ മറ്റൊരാളുണ്ടു്.

.......നീ, എന്നെയോർത്തു .......വിഷമിക്കാതെ......പൊന്നനിയത്തീ......!!

സൂസൻ അനിയത്തിയെ കെട്ടിപ്പിടിച്ചുകൊണ്ടു പൊട്ടിപ്പൊട്ടി കരഞ്ഞു.

മോളിക്കും സഹിക്കാൻ കഴിഞ്ഞില്ല. കാരണം അവളുടെ അപ്പനും അമ്മയും എല്ലാം അവളുടെ സ്നേഹനിധിയായ ചേച്ചി മാത്രമായിരുന്നു.

തന്റെ അനിയത്തിക്കു വേണ്ടിമാത്രം ജീവിച്ചു. കഷ്ടപ്പെട്ടു പഠിച്ചു. നല്ല ഒരു ഉദ്യോഗവും കിട്ടി. പക്ഷെ........! സ്വന്തം ജീവിക്കുവാൻ അവൾ മറന്നുപോയി.

ചിറകടിച്ചകന്ന വസന്തത്തിന്റെ നിറം മങ്ങിയ പാഴ്നിഴൽ മാത്രം അവശേഷിക്കുകയാണ്—അവളിലിന്നും. അശ്രു മാഞ്ഞുതുടങ്ങിയിരിക്കുന്നു.

വിസ്തൃതമായ വയലിന്റെ നടുവിലൂടെ നീണ്ടുകിടക്കുന്ന ടാറിട്ട പാത.

'വരട്ടെ—യനിയത്തീ...............!' കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീരു തുടച്ചുകൊണ്ടു് സൂസൻ വിട ചോദിച്ചു.

'.....ബ......ന്നീ......ഞാൻ.......' അക്ഷരങ്ങൾ അവളുടെ തൊണ്ടയിൽ കുരുങ്ങിനിന്നു.

തോളിൽ തൂക്കിയ ബാഗുമായി സൂസൻ നടന്നകന്നു. നെല്ലോലത്തലപ്പുകളെ തലോടിക്കടന്നുപോയ വരണ്ട കാറ്റ്.

അമ്പലക്കുന്നിന്റെ താഴെ കരയിൽ, പാറക്കെട്ടിലൂടെ മാറത്തലച്ചൊഴുകുന്ന കൊച്ചരുവിയും — അതിന്റെ കരയിലെ മുളങ്കാടും. കാലം മറന്നിട്ടുപോയ ഒരു പിടി ഓർമ്മകൾ അവിടെ വാടിക്കരിഞ്ഞു കിടക്കുന്നു. ഓർമ്മകൾ തിരിനീട്ടിയപ്പോൾ അവ്യക്തമായ നൊമ്പരം സൂസന്റെ ഹൃദയത്തിലേക്കു് ഊറിവീണു.

'സൂസൻ.......! ഇനിയും ഞാനെത്ര നാൾ കാത്തിരിക്കണം—?'

ഒരിക്കൽ ബന്നി ആ അരുവിക്കരയിൽ വെച്ചാണതു ചോദിച്ചതു്.

'അല്പം കൂടി!

'എന്നു വച്ചാൽ—?'

ബന്നി അക്ഷമനാവുകയായിരുന്നു.

'ഒരു വർഷം കൂടി!'

അവളതു പറഞ്ഞിട്ടു്— നിർത്താതെ ചിരിച്ചു.

'എനിക്കീ പൊള്ളച്ചിരിയൊന്നും കാണണ്ട.' ബന്നിയവളുടെ കൈപിടിച്ചു തിരിച്ചു.

'അയ്യോ! എന്റെ കൈ.

'എന്താ! നോവുന്നോ—? നോവട്ടെ. നൊന്താലേ പഠിക്കൂ. അന്യന്റെ വേദന മനസ്സിലാക്കൂ!

ഹൊ! കാട്ടാളൻ! മനുഷ്യരെ ഞെക്കി കൊല്ലുന്ന രസം. അവളുടെ കണ്ണുനിറഞ്ഞു—വേദനയോടെ കൈത്തണ്ടയിൽ നോക്കിയപ്പോൾ.

പിറ്റേ ദിവസം സ്റ്റാഫ് റൂമിലേക്കു കടന്നു വന്നപ്പോൾ കൈത്തണ്ടയിൽ കഴന്നു പുരട്ടിയിരിക്കുന്നതു ബന്നി കണ്ടു. നീരുണ്ടായിരുന്നു.

'എന്തുപറ്റി ടീച്ചർ കൈക്കു്—?'

ഒന്നുമറിയാത്തമട്ടിൽ ബന്നി ചോദി

ച്ചു. ഒരു കഷണം ചോക്കുമായി മുഖവും കനപ്പിച്ച് സൂസൻ ക്ലാസ്സിലേയ്ക്ക് നടന്നു. സ്കൂളിന്റെ വരാന്തയിലിറങ്ങി നോക്കി നിൽക്കുകയായിരുന്നു ബെന്നി!

അന്നു വൈകുന്നേരം ബെന്നി സൈക്കിളിൽകയറി സൂസന്റെ വീട്ടിലേയ്ക്കു തിരിച്ചു. വഴിയ്ക്കുവെച്ച് സൈക്കിളിൽ നിന്നും വീണ് കാലിനു പരിക്കുപററി. ഒരു വിധത്തിൽ സൂസന്റെ വീട്ടുമുന്നിലെത്തി. കാലിൽ നിന്നും രക്തം ഒലിക്കുന്നതു കണ്ടപ്പോൾ സൂസൻ ഭയന്നുപോയി.

സൂസൻ തന്നെ മുറിവു ബാൻഡു ചെയ്തു.

'ഞാൻ പോവുന്നു സൂസൻ'

'എവിടേയ്ക്ക്—?'

'വല്ല, ഹോസ്പിററലിലേയ്ക്കും........... അന്യനാട്ടുകാരനായ എനിക്ക് ഇവിടാരുണ്ട് ശുശ്രൂഷിക്കാൻ—?' അവൻ ആരോടെന്നില്ലാതെ പറഞ്ഞു.

'എന്നെ........ പരീക്ഷിക്കുകയാണോ ബെന്നി—?

അതു പറയുമ്പോൾ സൂസന്റെ മിഴിത്തുമ്പിൽ കണ്ണീരുകെട്ടി.

x x x x

പ്രഭാതം മുതൽ മഞ്ഞിൽ പുതഞ്ഞു കിടന്നു. ബെന്നി കിടക്കയിൽ നിന്നും ഉണർന്നിരുന്നില്ല.

സമയമായപ്പോൾ സൂസൻ സ്കൂളിലേയ്ക്കു പോയി. ബെന്നിയെ ശുശ്രൂഷിക്കുന്നതിൽ മോളിക്കായിരുന്നു കൂടുതൽ താല്പര്യം. മോളി കോളേജിൽ പോലും പോകാതെ രണ്ടു മൂന്നു ദിവസം ബെന്നിയുടെ അരികിൽ കഴിഞ്ഞുകൂടി. വിടർന്നു വരുന്ന ആ പനിനീർപുഷ്പത്തെ ബെന്നി എല്ലാം മറന്നു സ്നേഹിച്ചു. സൂസന്റെ ആത്മാവിൽ ചവുട്ടിനിന്നുകൊണ്ട് മോളിയും ബെന്നിയെ സ്നേഹിച്ചു. സൂസൻ അതറിഞ്ഞിരുന്നില്ല.

അന്നൊരു ദിവസം............ മോളി സൂസനെ വിവരം ധരിപ്പിച്ചു. സൂസൻ എതിർത്തു.

ഈ വിവാഹം നടന്നില്ലെങ്കിൽ......! ഞാൻ ജീവിച്ചിരിക്കില്ല ചേച്ചീ! അവളുടെ പ്രിയപ്പെട്ട ചേച്ചിയുടെ പാദത്തിൽ കെട്ടിപ്പിടിച്ച് മോളി കേണപേക്ഷിച്ചു.

കിഴക്കേ കുന്നിൻ മുകളിൽ തപസ്സു നിൽക്കുന്ന കുരിശുപള്ളി. അതിന്റെ കുരിശ് സൂസനെ തുറിച്ചുനോക്കിനിന്നു. ആ കുരിശിലേയ്ക്കു അവൾ സ്വയം വലിച്ചെറിയപ്പെട്ടതായി അവൾക്കു തോന്നി.

ടാറിട്ട പാത അവസാനിക്കാതെ കിടന്നു. അകലെ എത്തിയപ്പോൾ സൂസൻ ഒരിക്കൽക്കൂടി അവൾ ജനിച്ചു വളർന്ന വീടിനെ തിരിഞ്ഞുനോക്കി.

അലങ്കാരങ്ങൾ പഴകാത്ത വിവാഹപ്പന്തൽ! അവിടെ അന്തിയുറങ്ങുന്ന പാഴ്ക്കിനാക്കൾ!

ചിറകററ സ്വപ്നങ്ങൾ അലയുകയായിരുന്നു—അപ്പോഴും. അകലെയുള്ള വഴിയമ്പലം തേടി..............!!



Out - going Students — II P. D. C. Batch VI



The College N C C

# ഗാന്ധിജി സംസാരിക്കുന്നു

—ഏ. കെ. ശശിധരൻ
II P. D. C.

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജന്മശതാബ്ദി അടുത്തവർഷം ആഘോഷിക്കപ്പെടുകയാണ്. അദ്ദേഹത്തിന്റെ ചിത്രംവച്ചു പൂജിക്കുകയും ആദർശ പരിപാടികൾക്കു കടകവിരുദ്ധമായി ജീവിക്കുകയും ചെയ്യുന്ന ആരാധകർ അതിനുപകരം അദ്ദേഹത്തിന്റെ മഹൽ തത്വങ്ങൾ സനിഷ്കർഷം അപഗ്രഥിച്ചു പഠിച്ച് അതു ജീവിതത്തിൽ പകർത്തുവാൻ ശ്രമിച്ചാൽ നന്നായിരിക്കും. മരണസമയത്തുപോലും 'ഹേ റാം' എന്നു മന്ദസ്മിതത്തോടുച്ചരിച്ച ആ ആദർശസമ്പന്നന്റെ ആദർശങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

1 ഈ ലോകത്തിൽ ഞാൻ അംഗീകരിക്കുന്ന ഏക സ്വേച്ഛാധിപതി എന്റെ അന്തരംഗത്തിലുള്ള പ്രശാന്തമായ ആ കൊച്ചുശബ്ദം മാത്രമാണ്.

2 ശക്തനായ ഒരു മനുഷ്യനേ, ദയ കാണിക്കാൻ സാധ്യമാവൂ.

3 വേദന ഒഴിവാക്കുന്നതിനു സന്തോഷം ബലി കഴിക്കേണ്ടിവന്നാലും അതൊരു നേട്ടമാണ്.

4 അഹിംസയുടെ നിഘണ്ടുവിൽ പരാജയത്തിനു സ്ഥാനമില്ല.

5 വിനയം കൂടാതെയുള്ള സേവനം, സ്വാർത്ഥതയും, ഞാനെന്ന ഭാവത്തിന്റെ പ്രകടനവുമാണ്.

6 കൂടുതൽ സംഭാവന ചെയ്യുന്നവനിൽനിന്നും വളരെക്കൂടുതൽ പ്രതീക്ഷിക്കുന്നു.

7 ദീനാനുകമ്പ പോലെ തന്നെ അഹിംസയും സ്വന്തം ഭവനത്തിൽനിന്നാരംഭിക്കുന്നു.

8 വെറുക്കുന്നവരെ സ്നേഹിക്കുമ്പോൾ മാത്രമാണ് നാം അക്രമരാഹിത്യത്തിന്റെ ഉപാസകരാവുക.

9 പൗരൻ തന്റെ വ്യക്തിസ്വാതന്ത്ര്യ

ത്തിനു നൽകുന്ന വിലയാണു നിയമത്തോടുള്ള വിധേയത്വം.

10 നാം നമ്മുടെ ചുമതലകൾ ശരിയായി നിർവ്വഹിക്കുകയാണെങ്കിൽ അവകാശങ്ങളെപ്പററി അധികമൊന്നും അന്വേഷിക്കേണ്ടി വരില്ല.

11 യഥാർത്ഥ സൗന്ദര്യമാണെന്റെ ലക്ഷ്യം. അതു തിന്മക്കെതിരെ നന്മ ചെയ്യുകയാണ്.

12 കർശനമായ സ്വയം ശിക്ഷണബോധം നമ്മുടെ നേട്ടങ്ങളെ നിലനിറുത്തുവാൻ നമ്മെ പ്രാപ്തരാക്കിത്തീർക്കുന്ന ഒരു ശക്തി നമ്മിൽ ഉളവാക്കും.

13 നമ്മുടെ രാജ്യത്തിന്റെ രക്ഷാമാർഗ്ഗം മററുള്ളവരുടെ കൈകളിലല്ലെന്നും, എന്നാൽ അതു നമ്മുടെ കൈകളിലാണെന്നും ഓർക്കേണ്ടതാണ്.

14 സത്യത്തിനും സത്യത്തിൽ എത്തിച്ചേരുവാനുള്ള നിശ്ചയദാർഢ്യത്തിനും വേണ്ടിയുള്ള നിരന്തരമായ അന്വേഷണമാണ് സത്യഗ്രഹം.

15 മനുഷ്യനെ പരസ്പരം അകററുന്നതിനുള്ളതല്ല മതങ്ങൾ, അവരെ കൂട്ടി യോജിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളവയാണ്

16 വിദ്വേഷം എപ്പോഴും നാശകാരിയാണ്. സ്നേഹത്തിനോ ഒരിക്കലും നാശമില്ല.

17 സാമൂഹ്യസേവനം ഫലപ്രദമാകണമെങ്കിൽ അതൊച്ചപ്പാടില്ലാതെ നിർവ്വഹിക്കപ്പെടണം.

18 നിങ്ങളുടെ കഴിവുകളെ നാണയത്തുട്ടുകളാക്കി മാററാതെ രാഷ്ട്രത്തിന്റെ സേവനത്തിനായി നിക്ഷേപിക്കുക.

19 പരാജയം, എന്നെ ഒരിക്കലും നിരുൽസാഹപ്പെടുത്തുകയില്ല. പ്രത്യുത കൂടുതൽ വിനയമുള്ളവനാക്കിത്തീർക്കുകയേയുള്ളു.

20 സംയോജിപ്പിക്കുന്ന ശക്തിയാണ് സത്യഗ്രഹം. അതു വൈവിധ്യത്തിൽ ഏകത്വം കണ്ടെത്തുന്നു.

21 മനുഷ്യവർഗ്ഗത്തിന്റെ മേലുള്ള ദുസ്സഹമായ ശാപമാണ് മദ്യഷാപ്പുകൾ.

22 ഇച്ഛാശക്തി വികസിപ്പിച്ചെടുക്കാൻ നമുക്കു കഴിഞ്ഞാൽ കൈകളുടെ ശക്തി നമുക്കാവശ്യമില്ലെന്നു നമുക്കു മനസ്സിലാകും

23 വ്യക്തി സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് ആരോഗ്യകരമായ ഒരു സമൂഹത്തിനു രൂപം നൽകാനാവില്ല.

24 യഥാർത്ഥ സാമ്പത്തിക ശാസ്ത്രം സർവ്വജന നന്മ വാഗ്ദാനം ചെയ്യുന്ന സാമൂഹ്യ നീതിക്കുവേണ്ടി നിലകൊള്ളുന്നു.

25 ജനാധിപത്യ ജീവിതക്രമത്തിൽ രാഷ്ട്രീയത്തിന്റെ സ്പർശനമേൽക്കാത്ത ഒരു ജീവിതരംഗവുമില്ല.

26 ഒരു സംസ്ക്കാരത്തിന്റെ മാഹാത്മ്യം വിലയിരുത്തേണ്ടതു് ആ വ്യവസ്ഥിതിയിൽ ന്യൂനപക്ഷങ്ങൾ എങ്ങനെ കൈകാര്യം ചെയ്യപ്പെട്ടു എന്നതിനെ അടിസ്ഥാനപ്പെടുത്തിവേണം.

27 അഹിംസയുടെ തത്വശാസ്ത്രം മാത്രമേ നമ്മെ യഥാർത്ഥ ജനാധിപത്യത്തിലേക്കു നയിക്കൂ.

28 ഓരോരുത്തനും അവനവന്റെ

ആവശ്യത്തിനുള്ളതു ലഭിക്കുക എന്നതാണ് സാമ്പത്തിക സമത്വം എന്നതിന്റെ യഥാർത്ഥ അർത്ഥം.

29 അഹിംസയുടെ മാർഗ്ഗത്തിൽ ഉറച്ചുനിൽക്കാൻ ഹിംസയുടെ മാർഗ്ഗത്തിൽ ചരിക്കുന്നതിനേക്കാൾ വളരെ കൂടുതൽ ധൈര്യമാവശ്യമുണ്ടു്.

30 കൊടിയ അന്ധകാരത്തെ തുരത്താൻ ഒരു ചെറിയ ദീപം മാത്രം മതിയാകും.

31 അച്ചടക്കത്തിന്റെ സത്താണ് അഹിംസ.

32 സ്വഭാവ വിശുദ്ധിയും പാപത്തിൽ നിന്നുള്ള മോചനവും ഹൃദയ വിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു.

33 ആദർശങ്ങൾ പ്രായോഗികമായിരിക്കണം അല്ലാത്തപക്ഷം അവ നിശ്ചേതനമായിരിക്കും.

34 ഒരു ഔൺസ് പ്രവൃത്തി ടൺ കണക്കിനു പ്രസംഗത്തേക്കാൾ വിലയേറിയതാണ്.

35 വ്യക്തിപരമായ നേട്ടത്തിനു വേണ്ടി സത്യഗ്രഹത്തെ ഒരിക്കലും ഉപയോഗപ്പെടുത്തരുതു്.

36 വെറും ദേശാഭിമാനം മാത്രം പോരാ, ആരോടും പകയും അരുതു്.

37 നീതി അന്വേഷിക്കുന്ന നാം മററുള്ളവരോടു നീതി കാട്ടാൻ കടമപ്പെട്ടിരിക്കുന്നു.

38 ശരിയെന്നു് ഒരുവൻ വിശ്വസിക്കുന്നതു, നിർഭയം ചെയ്യുവാനുള്ള സാഹചര്യത്തെ, സുവർണ്ണഭരണമെന്നു പറയാം.

39 അർച്ചന എത്രയും പരിശുദ്ധമായിരിക്കുന്നുവോ അത്രയും എളുപ്പമായിരിക്കും പുരോഗതി.

40 നിർഭാഗ്യത്തിന്റെ മൂശയിലാണ് സ്നേഹബന്ധങ്ങൾ പരീക്ഷിക്കപ്പെടുന്നതു്.

41 എവിടെ സ്നേഹമുണ്ടോ അവിടെ ജീവനുണ്ടു് വെറുപ്പും വിദ്വേഷവും നാശത്തിലേക്കു നയിക്കുന്നു.

42 അവകാശങ്ങൾ പ്രാപിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം കടമകൾ നിർവ്വഹിക്കുന്നതാണ്.

43 നിങ്ങൾ എന്തു ചെയ്താലും ലോകത്തോടും നിങ്ങളോടു തന്നെയും അതു സത്യസന്ധമായിരിക്കണം.

44 സത്യമാണ് ആദ്യമന്വേഷിക്കേണ്ടതു്. സൗന്ദര്യവും നന്മയുമെല്ലാം അപ്പോൾ അക്കൂട്ടത്തിൽ നിങ്ങളുടെ സമീപമെത്തിക്കൊള്ളും.

45 കടമകൾ നിർവഹിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിക്കുക. ശൈത്യകാലത്തിനുപുറമേ വസന്തം വന്നണയുന്നതുപോലെ അവകാശങ്ങൾ നിങ്ങളുടെ സമീപമെത്തിക്കൊള്ളും.

46 ആത്മാവിന്റെ ശാസ്ത്രമാണ് മതം കൈകാര്യം ചെയ്യുന്നതു്.

47 ഒരു സമൂഹത്തെ പരിശുദ്ധമായും ആരോഗ്യകരമായും നിലനിർത്താൻ പൊതുജനാഭിപ്രായത്തിനുമാത്രമേ കഴിയൂ.

48 നമുക്ക് ഈശ്വരനെ ഭയപ്പെടാം

മനുഷ്യനോടുള്ള വെറി ഉപേക്ഷിക്കുകയും ചെയ്യാം.

49 മനുഷ്യൻ അവന്റെ സ്വസ്വരൂപമായി വെളിപ്പെടാൻ ആഗ്രഹിക്കുമ്പോൾ അവനൊരു മൂന്നാമനായി ആലോചിക്കുകയില്ല.

50 ചർക്കയുടെ വിപ്ലവം സമാധാനവും, സൗഹൃദവും പരസ്പര സ്നേഹവും നൽകുന്നു.

51 നിങ്ങൾക്കു ലഭിക്കുന്ന സന്തോഷം, മറ്റുള്ളവർക്കു നൽകാൻ നിങ്ങൾക്കു കഴിയുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു, നിങ്ങൾക്കു ലഭിക്കുന്നുവെന്നതിനെ ആശ്രയിച്ചല്ലിരിക്കുന്നത്.

52 കർമ്മനിർവഹണത്തിന്റെ സുവർണ്ണാധിപത്യം സ്ഥിതിചെയ്യുന്നത്, പരസ്പര സഹിഷ്ണുതയിലാണ്.

53 തെറ്റുണ്ടാവുക മനുഷ്യസഹജമാണ്. പക്ഷേ സ്വന്തം തെറ്റിനെ അംഗീകരിക്കുകയും അതു തിരുത്തുന്നുവെന്നു തെളിയിക്കത്തക്കവിധം പ്രവർത്തിക്കുകയും ചെയ്യുന്നതാണ് പുരുഷത്വം.

54 കാര്യങ്ങൾ ശരിക്കു മനസ്സിലാക്കുന്നതിനു തടസ്സം സൃഷ്ടിക്കുന്ന ഇരട്ട ശത്രുക്കളുണ്ട് കോപവും അക്ഷമയും.

55 മനസ്സാക്ഷിയോടു ബന്ധപ്പെട്ട കാര്യങ്ങളിൽ ഭൂരിപക്ഷത്തിന്റെ നിയമത്തിനു യാതൊരു സ്ഥാനവുമില്ല

56 പൊതുജനാഭിപ്രായം രൂപംകൊള്ളുന്നതിനു മുമ്പുള്ള നിയമനിർമ്മാണം ഫലശൂന്യമാണ്.

57 പാവങ്ങളെ സ്നേഹിക്കുന്നതിലുപരി യാതൊരു ഈശ്വരാരാധനയും എനിക്കു സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ല.

58 അത്യധികമായ വിനയബോധം ഇല്ലാത്തവർക്കു സത്യത്തെ കണ്ടെത്താൻ കഴിയുന്നതല്ല.

59 അഹിംസയുടെയും സത്യത്തിന്റെയും മാർഗ്ഗം കത്തിമുനപോലെ മൂർച്ചയുള്ളതാണ്.

60 നമുക്കു പുരോഗമിക്കണമെന്നുണ്ടെങ്കിൽ നാം ചരിത്രം ആവർത്തിച്ചാൽ പോരാ പുതിയ ചരിത്രം സൃഷ്ടിക്കുക തന്നെ വേണം.

61 അസഹനീയമായ ഒരു പാതകത്തിനെതിരായി ശബ്ദമുയർത്തുക എന്നത് എല്ലാ രാജ്യങ്ങളിലെയും പൗരന്മാരുടെ അവകാശമാണ്. മാത്രമല്ല അവരുടെ ചുമതലകൂടിയാണ്.

62 നിങ്ങൾ നിങ്ങളുടെ തന്നെ ന്യായാധിപനായി പ്രവർത്തിക്കുക. അപ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ സന്തുഷ്ടനായിരിക്കും.

63 കിറുക്കുപിടിച്ച മുന്നേറ്റമല്ല ഇളകാത്ത ശാന്തതയാണ് വിവേകം കൈവരുത്തുന്നത്.

64 അവകാശങ്ങൾ പിടിച്ചുപറ്റാനുള്ള യഥാർത്ഥ മാർഗ്ഗം കടമ നിർവ്വഹിക്കുന്നതാണ്.

65 നിലനിൽക്കുന്ന യാതൊന്നും അക്രമത്തിന്മേൽ പണിതുറപ്പിക്കാൻ കഴിയുകയില്ലെന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

66 എന്റെ സ്വപ്നത്തിലുള്ള രാമരാജ്യം രാജകുമാരനും യാചകനും തുല്യാവകാശങ്ങൾ ഉറപ്പുനൽകുന്നു.

FOR GOOD PHOTOGRAPHY!!

**Contact:**

# KERALA STUDIO

PALLIKAVALA

**KURAVILANGAD**

For life like Studio Portraits,
Out-Door Groups, Developing, Printing,
Enlarging, Colouring,
Oil painting,
Cinema Slides,
All other Photography works

CHARGES MODERATE!

**Neat & Quick Service is our Motto**

**Prop:**
**JOHNSON KUZHIVELIL**

# HILLSON TYRES

(FULL CIRCLE RETREADERS & VULCANIZERS)

**M. C. ROAD, KOTTAYAM**

(Br. MUNDAKAYAM)

## ഫാഷൻ ജൗളിത്തരങ്ങൾക്ക്

സന്ദർശിക്കുക!

# പെട്ടക്കാട്ടു സ്റ്റോഴ്സ്

കുറവിലങ്ങാട്ട്

67 സമുദായങ്ങൾക്കിടയിലെ വിദ്വേഷമാണ് നമുക്ക് ചിന്തിക്കാവുന്നതിൽ ഏററവും വികൃതമായ കഷ്ടം.

68 സത്യാന്വേഷി നിലത്തെപ്പൊടിയോളം താഴ്മയുള്ളവനായിരിക്കണം.

69 ഉണർവും ഉഷാറുമുള്ളവർക്ക വേണ്ടിയാണ് സ്വരാജ്. ഉറക്കം തൂങ്ങികൾക്കും അജ്ഞർക്കും വേണ്ടിയുള്ളതല്ല.

70 പ്രാതികൂല്യങ്ങളെ സഹിക്കുവാൻ തയാറുള്ള ഒരുവനു മാത്രമേ ഈശ്വരനെ ആരാധിക്കുവാൻ കഴിയൂ എന്നാണെൻെറ മതം പഠിപ്പിക്കുന്നത്.

71 സ്വകാര്യ ജീവിതത്തിൻെറ പ്രതിദ്ധ്വനിയായിരിക്കണം രാഷ്ട്രീയ ജീവിതം എന്നു ഞാൻ വിചാരിക്കുന്നു.

72 അച്ചടക്കവും സംയമവും പാലിക്കാനുള്ള കഴിവാണു മൃഗങ്ങളിൽനിന്നും നമ്മെ വ്യത്യസ്തരാക്കുന്നത്

73 നിങ്ങൾ എതിരാളിയെ നേരിടുമ്പോൾ സ്നേഹംകൊണ്ടയാളെ കീഴടക്കുക.

74 അളവില്ലാത്തത്ര ത്യാഗങ്ങൾക്കു തയ്യാറാകുന്ന രാജ്യം നിസ്സീമമായി വളരും.

75 സേവനത്തിനിറങ്ങുന്നവർ സർവ്വ മാനാപമാനങ്ങളും പരിത്യജിച്ച് ഈശ്വരാർപ്പണമായി സേവനം നിർവഹിക്കണം.

76 ഹൃദയ വിശുദ്ധിയിലാണു യഥാർത്ഥ സൗന്ദര്യം സ്ഥിതി ചെയ്യുന്നത്.

77 ഒരു പൊതു ഉദ്ദേശ്യവും, പൊതു ലക്ഷ്യവും പൊതുവായ ദുഃഖങ്ങളും നമുക്കുണ്ടായിരിക്കുന്നതിനാലാണ് ഐക്യം സ്ഥിതി ചെയ്യുന്നത്.

78 ഈശ്വരനിൽ നിന്നു നമ്മെ അകററുകയോ നമ്മെ ഈശ്വരനിലേക്കു നയിക്കാതിരിക്കുകയോ ചെയ്യുന്ന ചിന്തകൾ നമ്മുടെ പാതയിൽ മുള്ളുവിതയ്ക്കുന്നു.

79 ക്ഷമ കരുത്തൻെറ ഗുണവിശേഷമാണ്.

80 നമ്മെക്കുറിച്ച് സംസാരിക്കാൻ നമ്മുടെ വാക്കുകളെയല്ല; ജീവിതരീതിയെയാണ് ഉപയോഗിക്കേണ്ടത്.

81 മനുഷ്യ വർഗ്ഗത്തിൻെറ അധീനത്തിലുള്ള ഏററവും വലിയ ശക്തി അക്രമരാഹിത്യമാണ്.

82 ധീരത ശരീരത്തിൻെറ ഒരു ഗുണമല്ല. പ്രത്യുത ആത്മാവിൻെറ ഗുണമാണ്.

83 മഹത്തായ ഒരു ലക്ഷ്യത്തിനു വേണ്ടി നാം ജീവിതം സമർപ്പിച്ചുകഴിഞ്ഞാൽ നമ്മുടെ പാതയിൽ സമ്പത്തും പണവും അർത്ഥശൂന്യമാണ്.

84 ഓരോ വീടും ഓരോ കലാലയവും മാതാപിതാക്കൾ അവിടുത്തെ അദ്ധ്യാപകരുമാണ്.

85 പ്രതിഫലേച്ഛ കൂടാതെ മനുഷ്യ സമൂഹത്തിൻെറ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം എന്നതാണ് ഏററവും വലിയ സാന്മാർഗ്ഗിക നിയമം.

86 ഒരു ലക്ഷ്യമുണ്ടായിരിക്കുന്നതിലും ആ ലക്ഷ്യത്തിലെത്തിച്ചേരാൻ ശ്രമിക്കുന്നതിലുമാണ് മഹത്വം സ്ഥിതിചെയ്യു

ന്നതു്. അല്ലാതെ ലക്ഷ്യത്തിൽ എത്തുന്നതിൽ മാത്രമല്ല.

87 നിങ്ങളുടെ കഴിവിനതീതമായി നീങ്ങരുതു്. അതു് ഒരിനം സത്യലംഘനമായിരിക്കും.

88 എന്റെ ഗുരു സത്യവും എന്റെ ശിഷ്യൻ ഞാൻ മാത്രവുമാകുന്നു.

89 വളരെ വിദൂരമായ ഭാവിയിൽ എന്തുണ്ടാകുമെന്നു കാണാൻ എനിക്കാഗ്രഹമില്ല. നമ്മുടെ കാലം വേണ്ടവിധം ആകർഷകമാണെങ്കിൽ ഭാവി അതിൽനിന്നധികം വ്യത്യസ്തമായിരിക്കുകയില്ല.

90 നമ്മുടെ വഴികൾ ശുദ്ധമാക്കുവാനുള്ള എളുപ്പമാർഗ്ഗം സത്യം പറയുകയും സത്യത്തെക്കുറിച്ചു ചിന്തിക്കുകയും സത്യസന്ധമായി പെരുമാറുകയും ചെയ്യുന്നതാണു്.

91 നാഗരികത, അതിന്റെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നതു് ആവശ്യങ്ങളുടെ വർദ്ധനയല്ല, നേരെമറിച്ചു് മനഃപൂർവ്വമായും സ്വമനസ്സാലെയും ആവശ്യങ്ങൾ കുറച്ചുകൊണ്ടു വരിക എന്നതാണു്.

92 വേദഗ്രന്ഥങ്ങൾക്കു ബുദ്ധിയെയും സത്യത്തെയും മറികടക്കാൻ സാദ്ധ്യമല്ല. ബുദ്ധിയെ ശുദ്ധീകരിക്കാനും സത്യത്തെ പ്രകാശമാനമാക്കുന്നതിനുമാണവ ഉപദേശിക്കപ്പെട്ടിട്ടുള്ളതു്.

93 ജനാധിപത്യം സംബന്ധിച്ച ശരിയായ ബോധം വളർത്തുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ അസഹിഷ്ണുക്കളാകുവാൻ നമുക്കു കഴിയുന്നതല്ല.

94 ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടത്ര ശ്രദ്ധ ലഭിക്കുന്നുണ്ടെന്നും മററുവിധത്തിലുള്ള അവഗണനകൾക്കു് അവർ വിധേയരാവുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതു് ഭൂരിപക്ഷസമുദായത്തിന്റെ കർത്തവ്യമാണു്.

95 അഹിംസ ഭീരുത്വത്തിനുള്ള മൂടുപടമല്ല. ധൈര്യശാലിയുടെ ഏററവും മഹത്തായ ഗുണമാണു്. അഹിംസാപാലനത്തിനു വാളുകൊണ്ടു യുദ്ധം ചെയ്യുന്നതിനേക്കാൾ എത്രയോ മടങ്ങു ധൈര്യമാവശ്യമാണു്.

96 നിർഭയരായ വ്യക്തികൾ മനുഷ്യത്വഹീനമായ ആചാരങ്ങളും വഴക്കങ്ങളും ലംഘിച്ചതിലൂടെയല്ലാതെ യാതൊരു പരിഷ്കാരവും ഒരിക്കലുമുണ്ടായിട്ടില്ല.

97 നാളത്തെ ലോകം അഹിംസയെ അടിസ്ഥാനമാക്കിയുള്ള ഒരു ലോകമായിരിക്കും. അങ്ങനെയായിരിക്കുകയും വേണം. ഇതാണു് ഒന്നാമത്തെ നിയമം. ഇതിൽ നിന്നു മറെറല്ലാ നന്മകളുമുണ്ടാകുന്നു.

98 താഴ്ന്നവനും ഉയർന്നവനും തമ്മിലുള്ള വ്യത്യാസങ്ങൾ മറക്കുകയും എല്ലാവർക്കും സമത്വം അംഗീകരിക്കുകയും ചെയ്യുന്നതിനേക്കാൾ വലിയ യാതൊരു ത്യാഗവും ഇന്നു നമുക്കനുഷ്ഠിക്കാനില്ല.

99 താൻ നിർവഹിക്കുന്ന സേവനത്തിൽ സ്വയം ആനന്ദം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ അത്തരം സേവനം അർത്ഥശൂന്യമാണു്. മററുള്ളവർ കാണുന്നതിനു വേണ്ടിയോ, പൊതുജനാഭിപ്രായത്തെ ഭയന്നോ നിർവഹിക്കപ്പെടുന്ന സേവനം മനുഷ്യനെ മുരടിപ്പിക്കുകയും അവന്റെ ആത്മാവിനെ തകർക്കുകയും ചെയ്യുന്നു.

ഹാസ്യം

# ‘പേട്ടയിലൊരു ക്യാമ്പ്’

(ഓട്ടൻതുള്ളൽ)

—എൻ. ഡി. എബ്രഹാം
II P. D. C.

എൻ സി സിയ്ക്കൊരു ക്യാമ്പിനുവേണ്ടി
പോയൊരുകഥ ഞാനല്പമുരയ്ക്കാം

ശ്രദ്ധിക്കേണം ക്യാമ്പിനുപോകാൻ
വെമ്പലുകൊണ്ടു നടക്കുംകൂട്ടർ

ക്രിസ്ത്‌മസ്‌രാവിൽ അരുവിത്തുറയിൽ
തെല്ലൊരു പത്തുദിനത്തിൽമാത്രം

ഒന്നാംകൊല്ലം ക്യാമ്പിനുവേണ്ടി
പോയവരൊക്കെ കൈമണികൊട്ടി

സ്വപ്നംകണ്ടു കഴിഞ്ഞൊരുഞാനും
ക്യാമ്പിനുപോകാൻ പേട്ടയിലെത്തി

ചെന്നാദിവസം രാവിൽതന്നെ
കാലെക്കൂട്ടി കഞ്ഞികുടിച്ചു

നല്ലൊരു ഞായറതാകും ദിവസം
പുലരുംമുമ്പു പരേഡിനിറങ്ങി

കാപ്പിക്കായി ക്യൂനിൽക്കുന്നൊരു
ജനതതിയമ്പേ! ആയിരമുണ്ട്!

മണിരണ്ടായാൽ മുത്താഴത്തിനു
കേഡറ്റ്സെത്തും വരിവരിയായി

സാമ്പാർ, തോരൻ, മോരുംചോറും
ജീരകവെള്ളവുമാണേ വിഭവം

ഊണൊരുവമ്പൻ സദ്യയതാണ്
ഉപ്പുവേണേൽ ചന്തേൽപോണം

ചോറിനുകറം പറവാൻമേലാ
കറമുരച്ചാൽ മീശപിരിക്കും
അത്താഴത്തിനു ചെന്നാലയ്യോ-
നല്ലൊരുമട്ടൻ കറിയുംകിട്ടും
എല്ലാം കൂടിയുമല്ലാതൊന്നും
കാണാനില്ലീ മട്ടൻകറിയിൽ
കുറമിതൊന്നും ചൊല്ലാൻമേലാ
നിയമം കഠിനം എൻസിസിയ്ക്ക്
വെളിയിൽപോകാൻ ചീട്ടുവേണം
പുകവലിയിവിടെ പാടില്ലത്രേ
അന്തികഴിഞ്ഞു കളിക്കാൻമേലാ
എട്ടുമണിക്ക കിടക്കാൻമേലാ
ഒന്നുകിടന്നു മയങ്ങണമെങ്കിൽ
ചെന്നേപറ്റൂ രാവൊരുപകുതി
പിന്നെങ്ങാനുമനങ്ങിപ്പോയാൽ
നട്ടെല്ലൊരു എക്സ്ട്രായുണ്ടേ!
ഇങ്ങനെ ഞങ്ങള് പത്തുതികച്ചു
പോരുംദിനവും സംഗതമായി
കാലേക്കൂട്ടി കിറ്റും കെയിനും
വെളിയിലിറക്കിയഴിച്ചുനിരത്തി
പലരുടെ പലതും 'മാസി' യതുണ്ടേൽ
കണ്ടുപിടിക്കാൻ ബഹളവുമായി
നല്ലൊരു വടിയതു കൈയ്യിലെടുത്തു
കെട്ടുകളൊക്കെ തലയിലതേററി
യൂണീഫോറമതോടിഹകൂടി
ക്യാമ്പിനുവെളിയിൽ വന്നിഹചേർന്നു
വഴിയിൽകണ്ടൊരു കുട്ടികളെല്ലാം
ആർത്തുവിളിച്ചു, 'സ്വാമി! ശരണം'!

★ ★ ★

മാനവസൗഖ്യത്തിന്റെ ഏററവും നിസ്വാർത്ഥമായ രൂപമാണ് കല.

—വിവേകാനന്ദൻ.

# OUR STUDENT CONTRIBUTORS



T. P.George



P. N. Govindan



K. K. Rajappan



N. C. Philip



Rosalia Joseph



K. D. Venugopal



V. M. Paul



K. K. Jose



V. M. Mathew

Contributors (contd.....)



N. K. Gopalakrishna Panicker



C. N. Vimalamma



K. Z. Kuncheria



Babu Vijayanathan



P. M. Mary



K. O. Kurian



A. K. Sasidharan



S. J. Thenassery



R. Radhakrishnan Nair

ചെറുകഥ

# എന്റെ വീണയെ കണ്ടോ?

വിമലമ്മ സി. എൻ.
I B. A.

മധു ചിന്താധീനനായി പുൽത്തകിടിയിൽ ഇരുന്നു. ആ മുഖം പതിവിലും പരിക്ഷീണമായിരുന്നു. അനേകായിരം ചിന്തകൾ ആ ഹൃദയത്തിലൂടെ കടന്നുപോയി. 'എന്റെ വീണയെ കണ്ടോ?' മാനസികരോഗിയായ വേണുവിന്റെ ആരുടേയും ഹൃദയമലിയിപ്പിയ്ക്കുമാറുള്ള ആ ചോദ്യം മധുവിന്റെ ഹൃദയത്തിൽ എപ്പോഴും മുഴങ്ങികൊണ്ടിരുന്നു. പല വിധത്തിലുള്ള സംശയങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തിലൂടെ കടന്നുപോയി. ആരാണാപെൺകുട്ടി? അവൾക്കെന്തു സംഭവിച്ചു? അവൾ കാരണമാണോ വേണു ഇന്നൊരു മാനസികരോഗിയായതു്? തനിക്കയാളെ സുഖപ്പെടുത്തുവാൻ സാധിയ്ക്കുകയില്ലേ?

അജ്ഞാതമായ എന്തോ ഒരു ശക്തി വേണുവിനെ ചികിത്സിയ്ക്കുവാൻ തന്നെ മധുവിനെ പ്രേരിപ്പിച്ചു. പക്ഷെ അപ്പോൾ മുതൽ അയാൾ ദുർബലനാവുകയായിരുന്നു. എങ്കിലും ഡോക്ടർ ലതയുടെ സഹായമുണ്ടല്ലോ എന്നു് സ്വയം ആശ്വസിച്ചുകൊണ്ടു് ഉറങ്ങാൻ പോയി. പക്ഷെ ഉറങ്ങുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു ചിന്തയിൽ നിന്നു് മറെറാരു ചിന്തയിലേയ്ക്കു് അദ്ദേഹം വഴുതി വീഴുകയായിരുന്നു. താൻ വിവാഹിതനായി കാണുവാൻ വേണ്ടിയുള്ള ബന്ധുക്കളുടെയും കൂട്ടുകാരുടെയും നിർബന്ധങ്ങളിൽ നിന്നും രക്ഷപെട്ടതാണു്. പക്ഷെ.......... ലതയുടെ മുൻപിൽ മാത്രം താൻ പരാജിതനാണു്. ലത! സമർത്ഥയായ ഒരു (ലേഡി) ഡോക്ടർ ആണവൾ. നിഷ്കളങ്കയായ ഒരു പെൺകുട്ടിയാണവൾ. തന്നെ അവൾ ജീവനെപ്പോലെ സ്നേഹിയ്ക്കുന്നില്ലേ? എത്രയോ പ്രാവശ്യം അവൾ തന്റെ മുൻപിൽ അപേക്ഷയുമായി വന്നതാണു്. പക്ഷെ അന്നെല്ലാം താനവളെ പിൻതിരിപ്പിയ്ക്കുകയായിരുന്നു ചെയ്തതു്. എന്നിട്ടും അവസാനം താൻ ദുർബലനാവുകയായിരുന്നു.

ലതയുടെ ശബ്ദം തന്റെ ചെവികളിൽ പ്രതിദ്ധ്വനിയ്ക്കുന്നതായി മധുവിനു തോന്നി. ഡോക്ടർ, അങ്ങയോടൊപ്പം എന്നുമിങ്ങനെ രോഗികളെ ശുശ്രൂഷിച്ചു കഴിയുവാൻ എനിക്കു് ഭാഗ്യം ലഭിച്ചിരുന്നെങ്കിൽ! എന്റെ ധൈര്യവും വിജയവും എല്ലാം അങ്ങയെ പററിപ്പററിയാണു് ഡോക്ടർ നിലകൊള്ളുന്നതു്. എന്തും സഹിയ്ക്കാൻ ഞാൻ തയ്യാറാണു് ഡോക്ടർ,

അങ്ങ് അനുവദിച്ചാൽ. അങ്ങയുടെ ദുഃഖങ്ങളും വേദനകളും എല്ലാം നമുക്കു് രണ്ടാൾക്കുംകൂടി പങ്കിട്ടെടുക്കാം ഡോക്ടർ. ഒന്നു പറയൂ ഡോക്ടർ, എന്നെ സ്നേഹിക്കുന്നു എന്നു്.'

എപ്പോഴാണു് ഉറങ്ങിയതെന്നറിഞ്ഞില്ല. പതിവിലും വൈകിയാണു് ഉണർന്നതു്. പത്തുമണിയോടുകൂടി ഹോസ്പിറ്റലിൽ എത്തി. നേരെ വേണുവിന്റെ മുറിയിലേയ്ക്കാണു് നടന്നതു്. ലതയും അവിടെയുണ്ടായിരുന്നു. നേരെ നോക്കാതെ തന്നെ ലതയോടു പറഞ്ഞു 'ലതേ, എനിക്കിന്നു് തീരെ സുഖമില്ല, എല്ലാം ശരിയായി നോക്കിക്കൊള്ളണം'

'യെസ് ഡോക്ടർ' ലത മുറിവിട്ടിറങ്ങിപ്പോയി. അവരും നടന്നകലുന്നതു് നോക്കിക്കൊണ്ടിരുന്ന മധു മനസ്സിൽ വിചാരിച്ചു 'അവരും സുന്ദരിയും നിഷ്കളങ്കയുമാണു്.'

മധുവിനെത്തന്നെ തുറിച്ചുനോക്കികൊണ്ടിരുന്ന വേണുവിനോടു് മധുപറഞ്ഞു. 'മിസ്റ്റർ വേണു, നമുക്കു് ഇന്നു വൈകുന്നേരം ഒരു ഈവനിംഗ്‌വാക്കിനു് പോകണം. ഞാൻ തയ്യാറായി വരും.'

അതു കേട്ടു് വേണു ഒന്നു ഞെട്ടിയെങ്കിലും അതു കാണാത്തഭാവത്തിൽ മധു മുറിവിട്ടിറങ്ങിപ്പോയി. അപ്പോൾ വേണുവിന്റെ മുഖത്തു് ഒരു പൈശാചികമായ പുഞ്ചിരി വിടർന്നു.

സമയം അഞ്ചുമണിയായി കാണും. ഡോക്ടർമധുവും വേണുവും കടൽക്കരയിലുള്ള മണൽത്തിട്ടയിൽ ഇരുന്നു. വീർപ്പുമുട്ടിക്കുന്ന ഒരു നിശബ്ദത അവരുടെ ഇടയിൽ തളം കെട്ടിനിന്നിരുന്നു. മധുവാണു് ആ നിശബ്ദതയെ ആദ്യം ഭഞ്ജിച്ചതു്.

'മിസ്റ്റർ വേണു, എല്ലാം എന്നോടു് തുറന്നു പറയൂ. ഏതാണു് ആ പെൺകുട്ടി? വീണ! അവളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും തുറന്നു പറയൂ. അവളെപ്പറ്റിയുള്ള ചിന്തകളാണു് നിങ്ങളെ അലട്ടുന്നതു്. ഒന്നും മറച്ചുവയ്ക്കാതെ പറയൂ. നിങ്ങളെ സഹായിക്കുവാൻ വേണ്ടി എന്തും ഞാൻ ചെയ്യാം.

'ഇല്ല ഡോക്ടർ, ഞാൻ പറയില്ല. അവൾ എന്റെ ആരുമല്ല. ഞാനല്ല അവളെ കൊന്നതു്. അവളെ കടലിൽ താഴ്ത്തിയതും ഞാനല്ല. ഞാനവളെ കൊന്നില്ലാ ഡോക്ടർ. അയ്യോ! പോകൂ നിങ്ങൾ, നിങ്ങളെ എനിക്കു പേടിയാവുന്നു. എന്റെ വീണയെ കൊല്ലുവാൻ പ്രേരിപ്പിച്ച ദുഷ്ടൻ! നിങ്ങളാണു് എന്റെ വീണയെ കൊന്നതു്. നിന്നെ ഞാൻ കൊല്ലും!' പൈശാചികമായി പല്ലുകടിച്ചുകൊണ്ടു് വേണു എഴുന്നേല്ക്കാൻ ഭാവിച്ചു.

മധു പേടിച്ചുപോയി. എങ്കിലും ധൈര്യം വിടാതെ സാവധാനം വേണുവിന്റെ കൈകൾ പിടിച്ചുകൊണ്ടു് ശാന്തനായി പറഞ്ഞു.

'വേണു, ഇതു ഞാനാണു്, ഡോക്ടർ മധു. നിങ്ങൾ ഉദ്ദേശിക്കുന്ന ആളല്ല. നമുക്കു് പോകാം.'

പിറ്റേദിവസവും അവർ ആ മണൽത്തിട്ടയിൽ വന്നിരുന്നു.

'പറയൂ വേണു' ഡോക്ടർ പറഞ്ഞു.

'ഞാൻ പറയാം ഡോക്ടർ. പക്ഷേ അതു പറഞ്ഞുകഴിയുമ്പോൾ ഞാൻ ഹൃദയം പൊട്ടി മരിച്ചുപോകും ഡോക്ടർ.' 'സാരമില്ല വേണു, ഏതുനിലയിലും വേണുവിനെക്കാൾ ദുഃഖിതനാണു് ഞാൻ. ധൈര്യ

മായി എല്ലാം പറയൂ. പതുക്കെ പറഞ്ഞാൽ മതി.'

വേണു തുടർന്നു,

'രണ്ടു വർഷങ്ങൾക്കു മുൻപാണതു്. ഞാൻ എം. എസ്സി. യ്ക്കു പഠിക്കുകയായിരുന്നു. വീണ എന്റെ ക്ലാസ്സിൽതന്നെ പഠിക്കുന്ന ഒരു കുട്ടിയായിരുന്നു. എന്റെ വീണ............ അവൾ സുന്ദരിയായിരുന്നു ഡോക്ടർ. ക്ലാസ്സിലെ ഏററവും നന്നായി പഠിക്കുന്ന കുട്ടിയും അവൾതന്നെയായിരുന്നു. സഹപാഠികളുടേയും അദ്ധ്യാപകരുടേയും പ്രിൻസിപ്പാളിന്റേയും കണ്ണിലുണ്ണിയായിരുന്നു അവൾ. ഞങ്ങൾതമ്മിൽ സ്നേഹമായിരുന്നു!

'എന്താണു് ഡോക്ടർ ഞെട്ടുന്നതു്?' വേണു ഇടയ്ക്കൊന്നു നിറുത്തിയിട്ടു ചോദിച്ചു.

'ഒന്നുമില്ല, പറഞ്ഞോളൂ' ഡോക്ടർ പറഞ്ഞു.

വേണു തുടർന്നു,

അങ്ങനെ നാളുകൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. അതോടൊപ്പം ഞങ്ങളുടെ സ്നേഹവും ശക്തിപ്രാപിച്ചുവന്നുകൊണ്ടിരുന്നു. കൂട്ടുകാരാരും ഞങ്ങളുടെ സ്നേഹത്തിൽ അസൂയാലുക്കളായിരുന്നില്ല. അവർ പറയും 'വീണയും വേണുവും' നല്ല ചേർച്ചയുണ്ടു് എന്നു്. ഓരോ ദിവസം കഴിയുംതോറും ഞങ്ങൾക്കു് ഒരു നിമിഷംപോലും പിരിഞ്ഞിരിക്കാൻ വയ്യെന്നായി.

ഞങ്ങൾ എന്നും കടൽത്തീരത്തു് കാററുകൊള്ളുവാൻ പോകുമായിരുന്നു. എല്ലാ വിധത്തിലും ഭാഗ്യവതിയായിരുന്നെങ്കിലും എന്റെ വീണയുടെ മുഖത്തു് എപ്പോഴും ഒരു ദുഃഖച്ഛായ നിഴലിച്ചിരുന്നു. അതറിയാൻവേണ്ടി പലപ്പോഴും ഞാൻ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ അവൾ ഒന്നും പറയുമായിരുന്നില്ല. ഫാമിലിയെപ്പററി ഒരുദിവസം ഞാനവളോടു് ചോദിച്ചു. തനിക്കു് ഒരു ജ്യേഷ്ഠൻ മാത്രമേയുള്ളൂ എന്നവൾ മറുപടി പറഞ്ഞു. എന്റെ ചോദ്യം അവളെ വല്ലാതെ വേദനിപ്പിച്ചതായി എനിക്കു തോന്നി. അതിൽപിന്നീടു് ഒന്നും ഞാനവളോടു് ചോദിച്ചിരുന്നില്ല.

ഇടയ്ക്കൊക്കെ ഞാനവളെ പിക്ചറിനു പോകാൻ ക്ഷണിക്കുമായിരുന്നു. ആദ്യമാദ്യം അവൾ സ്നേഹപൂർവ്വം നിരസിച്ചുവെങ്കിലും അവസാനം എന്റെകൂടെ വരാൻ തുടങ്ങി. ഞങ്ങളുടെ സ്നേഹം ഇത്രത്തോളമെത്തിയപ്പോൾ ഞങ്ങളെപ്പററി ആളുകൾ പറയാൻ തുടങ്ങി. പക്ഷേ അതുകൊണ്ടൊന്നും ഞാൻ ഭീരുവായിരുന്നില്ല. തന്നെയുമല്ല, വീണയ്ക്കു് ധൈര്യം പകർന്നുകൊടുത്തുകൊണ്ടുമിരുന്നു. അങ്ങനെ മാസങ്ങൾ രണ്ടു മൂന്നു കടന്നുപോയി.

അന്നും ഞങ്ങൾ രണ്ടുപേരും പതിവുപോലെ കടൽത്തീരത്തെത്തി. പതിവിനു വിപരീതമായി വീണ ചിന്താധീനയായി കാണപ്പെട്ടു. എന്റെ നിർബന്ധപ്രകാരം അവൾ കാരണംപറഞ്ഞു. ഞാൻ ഞെട്ടിപ്പോയി ഡോക്ടർ. അവൾ ഗർഭിണിയായിരുന്നു.

'എന്താണു് ഡോക്ടർ ഞെട്ടുന്നതു്. എന്റെ ഓരോവാക്കുകളും അങ്ങയെ പരിഭ്രാന്തനാക്കുന്നു. പറയൂ ഡോക്ടർ എന്താണു്?' വേണു ദയനീയമായി മധുവിന്റെ മുഖത്തേയ്ക്കു നോക്കി. ആ കണ്ണുകൾ ചുമന്നു കലങ്ങിയിരുന്നു.

'വേഗം പറയൂ, വേണു' ഡോക്ടറുടെ തൊണ്ട ഇടറിയിരുന്നു.

വേണു തുടർന്നു,

അന്നുരാത്രി എനിക്കുറക്കം വന്നില്ല. എന്തു ചെയ്യണം എന്നറിയാതെ ഞാനാകെ വിഷമിച്ചു. വീണയാണെങ്കിൽ വിവാഹത്തിന് നിർബന്ധിക്കുകയും ചെയ്യുന്നു. എന്നെക്കാൾ താഴ്ന്ന ജാതിയിൽപെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാൻ യാഥാസ്ഥിതികനായ എന്റെ അപ്പൻ സമ്മതിക്കുകയില്ലെന്ന് എനിക്കറിയാമായിരുന്നു. പക്ഷെ അന്നുവരെ ഞാനതിനെപ്പററി ചിന്തിച്ചിരുന്നില്ല. സമയം പാതിരാവായിക്കാണും. ഉറങ്ങിക്കിടന്ന എന്റെ കൂട്ടുകാരനെ വിളിച്ചുണർത്തി എല്ലാം ഞാനവനോട് തുറന്നു പറഞ്ഞു. എങ്ങനെയെങ്കിലും ഈ ആപത്തിൽ നിന്ന് എന്നെ രക്ഷിക്കണം എന്ന് അയാളോട് ഞാൻ കാലുപിടിച്ചപേക്ഷിച്ചു. വളരെ നേരം ചിന്തിച്ചിരുന്നതിനു ശേഷം അയാൾ ഒരു തീരുമാനമെടുത്തു.

ഡോക്ടർ, ദൈവം പോലും എന്നോട് ക്ഷമിക്കുകയില്ല ഡോക്ടർ. വീണ നല്ലവളായിരുന്നു. ഞാനാണവളെ നശിപ്പിച്ചത്. എന്റെ കൂട്ടുകാരനോടൊത്ത് ആ നീചകൃത്യം ചെയ്യുവാൻ ഞാൻ തീരുമാനിച്ചു.

പിറേറദിവസവും പതിവുപോലെ അവൾ കടൽത്തീരത്തുവന്നു. എല്ലാവരും പിരിയുന്നതുവരെ ഞങ്ങൾ ഓരോ കാര്യങ്ങളെപ്പററി സംസാരിച്ചിരുന്നു. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ എന്റെ കൂട്ടുകാരനും അവിടെ വന്നു. ഞങ്ങൾ രണ്ടുപേരും കൂടി അവളെ കൊന്നു! കടലിൽ താഴ്ത്തി ഡോക്ടർ. അയ്യോ! ഇല്ല ഡോക്ടർ, അവളെ കൊന്നില്ല. അതാ അവൾ............... വീണേ ...... എന്റെ വീണേ ..........!

വേണു പൈശാചികമായി പൊട്ടിച്ചിരിച്ചുകൊണ്ട് അവിടെനിന്നും ഓടിപ്പോയി. അവന്റെ ഹൃദയമലിയിക്കുമാറുള്ള ആ വിളി ചക്രവാളങ്ങൾക്കപ്പുറം പോലും മാറെറാലികൊണ്ടു.

'വീണേ ......... എന്റെ കുഞ്ഞനുജത്തി.......... നിനക്കു വേണ്ടിമാത്രമാണ് ഞാൻ ജീവിച്ചത്...........എന്റെ വീണേ.......... നിന്നെ ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. പക്ഷെ കണ്ടുകിട്ടിയില്ല. ഇന്നു ഞാൻ നിന്നെ കണ്ടുമുട്ടും. നിന്റെ ലോകത്തിലേയ്ക്ക് ഞാനും ഇതാ വരുന്നു.... ........വീണേ...........'

എന്തോ തീരുമാനിച്ചുറച്ചതുപോലെ മധു അലതല്ലിമറിയുന്ന കടലിനെ ലക്ഷ്യമാക്കി പാഞ്ഞു.



ധൈര്യമെന്നത് പ്രേമം പോലെയാണ് ആശവേണമതിനെ പോററി വളർത്താൻ.

—നെപ്പോളിയൻ.

# മഹാകവി വള്ളത്തോൾ

★

ജോർജ്ജ് വി. എം.
I D.C.

വികാരസാന്ദ്രതയും കലാസൗകുമാര്യവും തികഞ്ഞ ഭാവഗീതങ്ങൾ രചിച്ച മഹാകവി വള്ളത്തോളിന്റെ കാലത്താണ് മലയാളത്തിലെ ഭാവഗാനപ്രസ്ഥാനത്തിന് പ്രചാരവും ഉൽക്കർഷവും ആദ്യമായി സിദ്ധിച്ചത്. വള്ളത്തോൾപ്രതിഭ അതിന്റെ ഉയർച്ചയിലെത്തിയത് ഭാവഗാനങ്ങളിലാണ്. പരസ്പരസഹായം, തൊഴിലാളിമുതലാളിപ്രശ്നം, ഇന്നത്തെ വിദ്യാഭ്യാസം എന്നിങ്ങനെയുള്ള പല സംഗതികളും പ്രതിപാദിക്കുന്ന സാമുദായിക ഗീതങ്ങൾ അദ്ദേഹത്തിന്റെ സാഹിത്യമഞ്ജരികളിൽ ധാരാളമായി കാണാം.

## സൗന്ദര്യവർണ്ണന

വള്ളത്തോൾ സൗന്ദര്യാരാധകനായ ഒരു കവിയാണ്. എവിടെവച്ചു കണ്ടാലും സൗന്ദര്യത്തെ കെട്ടിപ്പിടിക്കുവാനും താലോലിക്കുവാനും അദ്ദേഹത്തിനു കഴിയുന്നുണ്ട്. മാംസളമായ സ്ത്രീസൗന്ദര്യത്തെയല്ല അദ്ദേഹം താലോലിക്കുന്നത്; കലാസൗഭഗത്തെയാണെന്ന് നിഷ്പക്ഷബുദ്ധിയോടുകൂടി അദ്ദേഹത്തിന്റെ കവിതകൾ വായിക്കുന്ന ഏതൊരുവനും ബോദ്ധ്യപ്പെടും. പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനില്ക്കുന്ന ദിവ്യശക്തിയെ, സത്യം, സൗന്ദര്യം, ജ്ഞാനം എന്നിവയുടെ സങ്കലനരൂപമാണെന്ന് അദ്ദേഹം തന്റെ കൃതികളിൽ പാടിപ്പുകഴ്ത്തുന്നു.

'മിന്നൽ നിൻ പള്ളിവാൾ;
മേഘം നിൻ പള്ളിത്തേർ;
ഉന്നതമാമിടി നിൻ പടഹം;
ശാശ്വതമാകുമകൃത്രിമ ശബ്ദങ്ങ-
ളീശ്വരി, നിൻ ജയകാഹളങ്ങൾ!'

എന്ന് സത്യഗാഥയിൽ സത്യസൗന്ദര്യങ്ങൾ ഒരേ ചൈതന്യത്തിന്റെ രണ്ടു ഭാഗങ്ങളാണെന്ന് പ്രസ്താവിക്കുന്നു.

സൗന്ദര്യമാണ് വള്ളത്തോൾപ്രതിഭയുടെ പ്രചോദനകേന്ദ്രം. ഭാവരൂപത്തിലുള്ള തുല്യ ശ്രദ്ധയാണ് വള്ളത്തോൾകവിതകളുടെ അന്യാദൃശചമൽക്കാരത്തിനു നിദാനം. അദ്ദേഹത്തിന്റെ കവിതയുടെ രൂപലാവണ്യം ആന്തരചൈതന്യത്തിന്റെ സ്ഫുരണം മാത്രമാകുന്നു.

### ക്ലാസിക് പാരമ്പര്യം

'വായനക്കാർക്കിഷ്ടമാണെങ്കിൽസ്സുതല്ലി-
വായുവിമാനത്തിലേറിയാലും;
പ്രീതരായ്സ്സഞ്ചാരം
ചെയ്യാം നമുക്കല്ലോ
ഭൂതകാലാകാശ വീഥിയിങ്കൽ'.

എന്ന് അനുവാചകരെ ക്ഷണിക്കുന്ന കവി, അവിടെ സ്വൈരമായി വിഹരിക്കാൻ, ജീവിക്കാൻ, അതിനെക്കുറിച്ച് ഗാനങ്ങളാലപിക്കുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ഭാവനാലോകത്തിൽ ക്രിസ്തുവും, കൃഷ്ണനും, സീതയും, ജനകനും, വേദവ്യാസനുമുണ്ട്. ഒരു കഥാപാത്രത്തിന്റെ ജീവിതരഹസ്യങ്ങളിലേക്ക് ചുഴിഞ്ഞിറങ്ങിച്ചെല്ലുന്ന സ്വഭാവം അദ്ദേഹത്തിനില്ല. ഒരു പൗരാണിക കഥാനായികയെ അവതരിപ്പിക്കുമ്പോൾ വള്ളത്തോൾ ഭാവന അവളുടെ മാംസള സൗന്ദര്യത്തോടൊപ്പം കലാസൗന്ദര്യത്തേയും പൂമ്പട്ടണിയിച്ചു നിറുത്തുവാൻ ശ്രമിക്കുന്നു. പശ്ചാത്താപപരവശ്യയായ മഗ്ദലനമറിയത്തിന്റെ വരവു വർണ്ണിക്കുമ്പോൾ 'നീളെയുത്തുംഗമാംമാർത്തട്ടുലയുന്ന' കാഴ്ചയാണ് അദ്ദേഹത്തെ ഏററം ആകർഷിക്കുന്നത്.

പൗരാണിക കാലങ്ങളിലെ കഥകളേയും കഥാപാത്രങ്ങളേയും സംഭവങ്ങളേയും ഉപജീവിച്ച് ഏതാനും കാവ്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'അനിരുദ്ധൻ', കർമ്മഭൂമിയുടെ പിഞ്ചുകാൽ' 'കിളിക്കൊഞ്ചൽ' എന്നിവ മേൽപറഞ്ഞവയിൽപ്പെടുന്നു. അദ്ദേഹം ഇത്തരം കഥാപാത്രങ്ങളെ ചിത്രീകരിക്കുമ്പോൾ അവർ നമുക്ക് പരിചിതരായി സാമാന്യ മനുഷ്യരുടെ ഛായയുള്ളവരായി മാറുന്നു.

'കർമ്മഭൂമിയുടെ പിഞ്ചുകാൽ' എന്ന കവിതയിൽ അദ്ദേഹം കാളിയ മർദ്ദനം ചെയ്യുന്ന ഉണ്ണിക്കൃഷ്ണനെ ചിത്രീകരിക്കുന്നു. ഈ കവിത എഴുതുന്ന കാലത്ത് ഇന്ത്യ ഒരടിമ രാജ്യമായിരുന്നു. എങ്കിലും സാമ്രാജ്യത്വമാകുന്ന കാളസർപ്പത്തെ മർദ്ദിച്ചൊതുക്കുവാൻ അവളുടെ പിഞ്ചുകാൽ മതിയെന്ന് കവി ഇവിടെ പ്രസ്താവിക്കുന്നു.

'ധാന്യഭുവനമാം ദൗഷ്ട്യമേ, നിൻതല-
യെത്ര പകത്തിയുയർത്തിയാലും,
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ,
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!

ഗാന്ധിജിയെ പ്രകീർത്തിക്കുമ്പോഴും, ജാതിവ്യത്യാസത്തെ പഴിക്കുമ്പോഴും, പ്രകൃതിവർണ്ണിക്കുമ്പോഴും പൗരാണിക ചിത്രങ്ങൾ അദ്ദേഹത്തിന്റെ മനോമുകരത്തിൽ പ്രത്യക്ഷപ്പെടുന്നു.

ഗാന്ധിജിയെപ്പററി:—

'ഗംഗയാറൊഴുകുന്ന
നാട്ടിലേ ശരിസ്സത്ര
മംഗളം കാണും കല്പ-
പാദപമുണ്ടാവൂ!'

ജാതിപിശാചിനെപ്പററി:—

'നിൻറതിലും മുന്തിയതായ്‌വരാമെ-
ന്നടപ്പിതാർക്കും കടയിൽക്കിടപ്പും
എന്നാലൊരേ തുല്യകരം കൊണ്ടുമെനയ്യ-
തത്രേ നമുക്കംബിക തന്ന വസ്ത്രം'

### ദേശീയ ബോധം

'ഭാരതമാണെന്റെ ജന്മഭൂവാ; ശ്ശമ
ധീരർഷിശ്രേഷ്ഠരെൻ പ്രപിതാമഹർ'

വള്ളത്തോളിന്റെ ദേശീയ ബോധത്തിന്റെ പ്രധാന ഘടകം ഈ പ്രാചീന സംസ്കാര ഭക്തിയാണ്. രാഷ്ട്രീയ പാരതന്ത്ര്യത്തിന്റെ നേരെ വള്ളത്തോൾ പട

പൊരുതിയിട്ടുണ്ട്. ഉൽക്കർഷവും ബാഹ്യവും ആന്തരികവുമായ സ്വാതന്ത്ര്യമായിരുന്നു അദ്ദേഹത്തിന്റെ ഉന്നം.

‘തീണ്ടൊല്ലതൊടൊല്ലെന്നു തങ്ങൾ
തങ്ങളെ മൗഢ്യം
പൂണ്ടാട്ടിയോടിക്കുന്ന മേലാഷ
യെന്നോളം നില്ക്കും
അന്നോളം ശ്രവിക്കാ നാമാർഷ
ധർമ്മത്തിൻ ഗാനം
അന്നോളം തിരിച്ചെത്താ ഭ്രഷ്ടർനാം
സ്വരാജ്യത്തിൽ’

ജാതിവ്യവസ്ഥയും അതിന്റെ സ്ഥൂലപ്രകാശമായ അയിത്തവും ഐക്യവിധാനവും സ്വരാജ്യസിദ്ധിക്ക് വിഘാതമാണെന്ന് കവി നമ്മെ അനുസ്മരിപ്പിക്കുന്നു.

## പ്രകൃതി

തനികേരളീയനാണ് കവി. ജന്മഭൂമിയായ കൊച്ചുകേരളത്തിൽ കാലൂന്നിനിന്നുകൊണ്ട് ഭാരതത്തെ എന്നല്ല ലോകത്തെ ആകമാനം നിരീക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

‘പച്ചയാം വിരിപ്പിട്ട സഹ്യനിൽ
തലവെച്ചും സ്വച്ഛ;
ബ്ധിമണൽത്തിട്ടാം പാദോപധാനം
പൂണ്ടും.’

കൊച്ചുകേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പാണിത്.

‘തേനൊലിപ്പഴങ്ങളും തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിക്കും
കുളിർകാറ്റും
മാനസംതെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവുംചേരും ലീലാരാമങ്ങൾ
ചിലദിക്കിൽ’

ഇന്നാട്ടിലെ മനോഹര പ്രകൃതിദൃശ്യത്തെ പകർത്തിക്കാട്ടുന്നു.

## ശൈലി

സൗന്ദര്യമാണ് വള്ളത്തോൾശൈലിയുടെ പ്രത്യേകത. അധികം പറയുകയല്ല അഴകായിപ്പറയുകയാണ് അദ്ദേഹത്തിന്റെ പതിവ്. അലങ്കാരങ്ങൾ അദ്ദേഹത്തിനിഷ്ടമാണ്; എന്നാൽ നൈസർഗ്ഗികലാവണ്യത്തെ മറയ്ക്കുന്ന ആഹാര്യശോഭകളെ അദ്ദേഹം ആദരിക്കാറില്ല. വള്ളത്തോൾശൈലി മേദസ്സറ്റ കൃശാംഗിയാണ്. എവിടെയും സൗന്ദര്യമാണ് അവളുടെ മുദ്ര.

ശിശുസഹജമായ സ്വഭാവത്തെ തന്റെ പ്രസിദ്ധ ശൈലിയിൽ വർണ്ണിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ ശൈലി കൂടുതൽ ഹൃദ്യമായി തോന്നും.

ഓമൽ ചോദിച്ചുയാണെന്തിനീ വാല്മീകി
രാമനെക്കൊണ്ടെന്നെ വേൾപ്പിയ്ക്കുന്നു?’
അമ്മസമാശ്വസിപ്പിച്ചു:- പെൺകുട്ടികൾ
ക്കമ്മട്ടിലുണ്ടൊരു കർമ്മം കണ്ണേ.
കന്യക തീർമാനംചെയ്തു:- ‘മററാരുംവേ-
ണ്ടെന്നെയെന്നുതാൻ വേട്ടാൽമതി!!’
പൊട്ടിച്ചിരിച്ചുപോയ് സർവരും;
കുട്ടിയെ,
കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം.

ഏകകാലത്ത് എത്രയധികം ഇന്ദ്രിയങ്ങളെ പ്രീണിപ്പിയ്ക്കാമോ അത്രയും ഇന്ദ്രിയങ്ങളെ അദ്ദേഹം പ്രീണിപ്പിക്കും.

‘വ്യപരിമളമൊന്നിതാ, പൂത്തൊരു
ദിവ്യലതയിൽ നിന്നെന്നപോലെ
സുന്ദരിതങ്കൽനിന്നൊററിട ചേരുന്നു
ചന്ദനശീതള ചന്ദ്രികയിൽ’

ഈ വർണ്ണന ശരീരത്തെയും മനസ്സിനെയും ഒരുപോലെ ആനന്ദിപ്പിക്കുന്നു.

### അലങ്കാരവർണ്ണന

സൗന്ദര്യാരാധകനായ വള്ളത്തോൾ കേവലം യഥാർത്ഥമായ വർണ്ണനകൊണ്ട് സംതൃപ്തനല്ല. അദ്ദേഹത്തിന്റെ കാവ്യപ്രപഞ്ചത്തിൽ ഉപമകളേക്കാൾ ഉൽപ്രേക്ഷകളാണ് ഹൃദയഹാരികളായി വിളങ്ങുന്നത്. അതിനു കാരണം ഭാവന ഈ കവിയുടെ വ്യക്തിധർമ്മമായതുതന്നെ.

1) 'ആവിഷ്കംനീങ്ങിയ പുണ്യസരിത്തിനെ
ദ്യോവിൽനിന്നിറക്കിച്ച ദേവർഷിമാർ
ഉത്തുമേഘങ്ങളിലൂടെ പൊഴിച്ചാ, രൊ-
ക്കംപ്പൊതളങ്ങിന പുഞ്ചിരിയേ'

2) 'ഓടൊല്ലേ, വീണുപോ' മെന്നല്ലീ
കേഴുന്നീ-
തേടലർത്തുക്കാലിൽപ്പൊന്തളകം!
'താങ്ങുമോ നന്മയിതെ'ന്നല്ലീപേടുന്നു
താന്തമധ്യത്തിലെ കിങ്ങിണികൾ!'

3) 'താഴത്തെല്ലെന്തിനു സൂക്ഷിച്ചുനോക്കുന്നു
താരകളേനിങ്ങൾ നിശ്ചലരായ്?
നിങ്ങൾതൻകൂട്ടത്തിൽനിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ?'

വള്ളത്തോൾപ്രതിഭയിൽ വിരിഞ്ഞ ഏതാനും ഉൽപ്രേക്ഷകളാണ് മുകളിൽ ചൊന്നവ.

### ഉപസംഹാരം

ഇങ്ങനെ നോക്കുമ്പോൾ വള്ളത്തോൾ നാരായണമേനോൻ കാവ്യപ്രതിമ തികഞ്ഞ ഒരു മഹാകവിയാണെന്നും 'വള്ളത്തോൾ ശബ്ദസുന്ദരൻ' എന്ന ചൊല്ല് അന്വർത്ഥമാണെന്നും വ്യക്തമാകുന്നു. ആസ്ഥാനമഹാകവിപ്പട്ടം കിട്ടിയ അദ്ദേഹത്തെക്കാൾ നല്ല ഒരു മലയാളകവിയെ കേരളം ഇനിയും പ്രസവിച്ചിട്ടില്ല.



നാം സ്നേഹിക്കപ്പെടുന്നു എന്നുള്ള വിശ്വാസമാണ് നമുക്ക് ജീവിതത്തിൽ ഏററവും വലിയ ആനന്ദം നൽകുന്നതും, ജീവിക്കുവാൻ നമ്മേ പ്രേരിപ്പിക്കുന്നതും.

—വിക്ടർ ഹ്യൂഗോ

## Contributors (contd.....)



T. P. Joseph



P. J. Thomas



V. M. George



E. J. George



P. V. Valsamma



V. C. Isaac



Joseph Kuruvilla



P. K. Accamma



Jayaprakash Narayanan

CPL: C. M. George





Attended the Military Attachment Camp
at Hyderabad — 1968

Alexander Korah, I D. C.
(College Champion)

CPL: Zacharias John



Attended the Military Attachment Camp
at Hyderabad — 1968



P. L. Mathew, I D. C.
(College Champion)

# ശവകുടീരത്തിൽ

ഇവിടെശയിക്കുന്നെൻ ജീവിതസൂര്യൻ കാല-
യവനികക്കുള്ളിൽ പോയണഞ്ഞസ്തമിച്ചൊരുദേവൻ
നിത്യവിശ്രമംകൊള്ളുന്നിവിടെജ്ജീവിതത്തിൽ
വിശ്രമമറിയാതെവിദ്യയെബ്ഭജിച്ചൊരാൾ

ഉറങ്ങുന്നെന്നോഭവാനേറെനേരമായ് നിന്നു
കരയുംപുത്രപൗത്രനിസ്വനംശ്രവിക്കാതെ!
അറിയാറില്ലേമുമ്പുശിശുവിൻനിശ്വാസവും
അറിയാതിരിക്കുന്നതെന്തിന്നീവിലാപങ്ങൾ?

ഉറങ്ങിക്കൊള്ളുനിത്യമുണർന്നനാളിലെല്ലാം
പരിയത്നിച്ചു സഹജാതരെ നന്നാക്കുവാൻ
ബുദ്ധനും സോക്രട്ടീസും ഗാന്ധിയുംപിന്നിട്ടൊരാ-
ദ്ദുർഗ്ഗമാർഗ്ഗംതന്നെ പിന്തുടർന്നിരുന്നല്ലോ

ക്രിസ്തുവിൽകണ്ടു ലോകാഖിലപ്രശ്നങ്ങൾക്കും
നിത്യമാമുപശാന്തിയേകുന്ന വഴിയേയും
ദാനത്തിൽ കർണ്ണനെപ്പോൽ ജ്ഞാനത്തിൽ സോളമൻപോൽ
സ്നേഹത്തിലസ്സീസിതാൻ ക്ഷമയ്ക്കോമഹീതുല്യൻ

എബ്രഹാം എം. നിധീരി M. A.

കയറിച്ചെന്നുഭവാൻ വിജ്ഞാനവൃക്ഷത്തിന്റെ
വിവിധങ്ങളാം ശാഖതോറുമനായത്നമായ്.
ഭാഷകൾ, ശാസ്ത്രങ്ങളും പലതു, വൈദ്യശാസ്ത്രം
തത്വശാസ്ത്രം, ചരിത്രം, മതത്തിൻതത്വങ്ങളും

അറിഞ്ഞാനിവരേറെ അറിവുലഭിച്ചിട്ടും
അറിഞ്ഞതില്ലഗർവ്വം, വിനയംവെടിഞ്ഞീല
തർക്കശാസ്ത്രത്തിൻ കൂർത്തശസ്ത്രങ്ങൾകൊണ്ടുഭവാൻ
നിരസ്തരാക്കിയേറെ പണ്ഡിതവരേണ്യരെ

യുക്തിതന്ത്രംകൊണ്ടു പിളർന്നുവീഴ്ത്തിച്ചാറും
യുക്തമല്ലാതെകണ്ടോരന്ധവിശ്വാസദുർഗ്ഗം
സൂരികൾ നടുവിലും സൂക്തികൾ ചൊല്ലിജ്ഞാന-
സൂര്യനായ് ചിരകാലം പരിശോഭിച്ചുഭവാൻ

അങ്ങതൻ സതീർത്ഥ്യരോ ആഗോളപ്രശസ്തരാം
(i) ഉസ്മാൻ, എസ്. രാധാകൃഷ്ണൻ, മത്തായിയുടങ്ങിയോർ
ഉയർന്നുപറന്നവർ ജീവിതവിഹായസ്സിൽ
ഉയരാൻകൊതിക്കാതെ തറയിൽനിന്നുഭവാൻ

അറിഞ്ഞുലോകത്തിൻ്റെ നശ്വരസ്വഭാവവും
അറിയപ്പെടാതങ്ങു കഴിച്ചുദശാബ്ദങ്ങൾ
(ii) പണ്ടുതൊട്ടുഗുരുക്കന്മാർ രാജരാജനും, ഹേഗ്ലും,
സ്കിന്നറും, പ്രഖ്യാതനാം മില്ലറുംകൂടിച്ചേർന്നു

കൊളുത്തിവച്ചൊരാ ജ്ഞാനദീപത്തെയുള-
തെളിച്ചിട്ടതിൽനിന്നൊട്ടേറെപ്രഭവീശി
വായനയാലും തത്വചിന്തയാലുമാദീപ-
ശിഖയെപൂർവ്വാധികം പ്രോജ്ജ്വലമാക്കീനിത്യം

എങ്കിലുംകഷ്ടം! ഭവാൻ വെളിച്ചംവിതറുമാ-
ദ്ദീപത്തെവച്ചു കുടത്തിന്നകത്തായി!
അറിഞ്ഞതില്ലലോകം താവകഗുണൗഘത്തെ
തുറന്നുംനോക്കിയില്ലതാൽജ്ഞാനഭണ്ഡാഗാരം

അറിഞ്ഞുചിലർപക്ഷേ, ശിഷ്യരുംബന്ധുക്കളും
അയലാളരാംചില ജിജ്ഞാസുക്കളുംമാത്രം
അവർക്കുസന്മാർഗ്ഗത്തിൻ മാതൃകകാട്ടിക്കൊണ്ടും
അവരെജ്ഞാനമാർഗ്ഗം കാണിച്ചുംകൃതാർത്ഥനായ്

ശാശ്വതമൂല്യങ്ങളെത്തേടിയങ്ങവയെത്തൻ-
ജീവിതവിശുദ്ധിയിൽ കലർത്തിവിജയിച്ചു
സത്യത്തെയാരാധിച്ചു, തത്വങ്ങൾഗ്രഹിച്ചേറെ,
സത്വവാനായിജ്ജീവിച്ചെത്തിതൻലക്ഷ്യത്തിലും

കേൾക്കുകില്ലിനിവാദപ്രതിവാദത്തിൻധ്വനി
കാണുകില്ലിനി സ്നേഹനിർഭരമുഖാബ്ജവും
കിട്ടുകില്ലിനി സ്സ്വാന്തപൂർണ്ണമാമുപദേശം,
നഷ്ടമായ്ഞങ്ങൾക്കുള്ളകമാമാലംബവും
കണ്ണുനീർവററി, ഞങ്ങൾക്കരയില്ലിനി, ശ്ലോക-
സാഗരംതന്നിൽകരകാണാതെയുഴലുന്ന
നിർദ്ധനരായിഞങ്ങൾ സ്നേഹസമ്പത്തുപോയി
ഖിന്നരായ്നില്പു ജീവിതാദ്ധ്വാവിൻനടുവിലായ്
തിരിയുംകാലചക്രഗതിയെതടുത്തിടാ
കറങ്ങുംഭൂമിതൻറചലനംനിറുത്തിടാ
ഉദിച്ചസൂര്യൻപോയസ്തമിക്കുന്നുനൂനം
ജനിച്ചമനുജനും മരിച്ചേമതിയാവൂ
മരണമന്ത്യമല്ല തുടക്കംമാത്രം നിത്യ-
ജീവിതത്തിൻെറ,യതിലർഹമാം സ്ഥാനംനേടി
തുല്യരാംവിശുദ്ധരുമൊത്തങ്ങുകഴികയാം
നന്മയാംമാനദണ്ഡംമാത്രമേയവിടുള്ളൂ
അവിടെബ്ഭവാനേറെ യോജിക്കുംസ്ഥാനം, തിന്മ-
കലരാത്തുള്ളതവജീവിതംതുടരുവാൻ
കാണുന്നു ദൂരെദൂരെജീവിതലക്ഷ്യംഞങ്ങൾ
കാണിച്ചുതന്നതാണങ്ങവയെഞങ്ങൾക്കെല്ലാം
ഇടറുന്നെൻെറകാൽകൾ, പതറുന്നെൻമനസ്സും
മിടിക്കുന്നെൻെറഹൃത്തും, തളരുന്നാത്മാവുമേ!
നടുങ്ങിപ്പോകുന്നുഞാൻ ജീവിതസംഘട്ടന-
കഠിനസ്വരംകേട്ടി,ട്ടിരുളുംപരക്കുന്നു
മാർഗ്ഗവുംകാണുന്നീലകാണിപ്പാനാളുമില്ല
ഭാനുപോയ്മറഞ്ഞിതാ ജീവിതസ്സന്ധ്യവന്നു

വെളിച്ചംതരുദേവാ! വഴികാണട്ടെഞങ്ങൾ
ആത്മാവുമുണരട്ടെ, കൂരിരുട്ടകലട്ടെ
മറവിൽനില്ക്കുംവേൽസ്മരണാകിരണങ്ങൾ
മനസ്സിൽപ്രതിഫലിച്ചുകട്ടെപ്രകാശവും
പ്രണമിക്കുന്നുഞങ്ങളീശവകുടീരത്തിൽ
പ്രതിജ്ഞയെടുക്കുന്നുജീവിതലക്ഷ്യംനേടാൻ.

---

(i) Sri. Muhomod Osman, Dr. S. Radhakrishnan, Dr. George Mathai.

(ii) A. R. Rajaraja Varma, Dr. Hogg, Dr. Skinner and Dr. Miller.

(പരേതനായ തൻെറ പിതാവിനെ അനുസ്മരിച്ചുകൊണ്ട് എഴുതിയത്)

വി
നോ
ദ
ഭാ
വ
ന

# അളിയാ... അവളാ...പെണ്ണ്?

—റോസിലി ജോസഫ്
I P. D. C.

എൻെറ കർത്താവേ, ചേട്ടന്മാരുടെയൊക്കെ ഒരു സുഖം! അവർക്കെല്ലാം ഉണ്ട് ഓരോ ഉദ്യോഗം. ഒരാൾ ഡോക്ടർ, രണ്ടാമൻ പ്രൊഫസർ, പിന്നത്തെയാൾ എഞ്ചിനീയറും. മൂന്നുപേർക്കുമുണ്ട് ക്വാർട്ടേഴ്സും ആഡംബരജീവിതത്തിനുവേണ്ട എല്ലാ ലൊട്ടുലൊട്ടുക്കുകളും. സിനിമാ കാണാനും പ്ലയേഴ്സ് പുകയ്ക്കാനും, ലിക്കർ കുറേശ്ശ മോന്താനും എല്ലാമുള്ള തുക ഗവണ്മെൻറ് അവർക്ക് കൊടുക്കുന്നു. എനിക്കുമാത്രം ജോലിയുമില്ല ശമ്പളവുമില്ല. ഓ...തെററിപ്പോയി. എനിക്കുമുണ്ടൊരു ജോലി. പാടത്തു പണിയെടുപ്പിക്കുന്നതും പശുവിനെ കറക്കുന്നതും കാളയെ കളിപ്പിക്കുന്നതുമൊക്കെയാണ് എൻെറ ജോലി. പക്ഷേ ശമ്പളമൊന്നുമില്ലെന്നുമാത്രം! ബീഡിവലിക്കാൻ പത്തുപൈസയില്ലാതെ എത്രതവണ ഞാൻ കറങ്ങിയിട്ടുണ്ടെന്നോ!

എത്രവായിച്ചാലും തലയിൽ കേറാത്ത പ്രകൃതമായിരുന്നു എനിക്ക്. അതുകൊണ്ടു കൂടുതലൊന്നും പഠിക്കാൻ കഴിഞ്ഞില്ല. എൻെറ തലയിൽ അറക്കപ്പൊടിയാണെന്നാണ് ജനസംസാരം! എന്തോ എനിക്കറിയില്ല.

പഠിക്കാതിരുന്നതുകൊണ്ടും ഉദ്യോഗസ്ഥനാകാതിരുന്നതുകൊണ്ടും എല്ലാജീവിതസുഖങ്ങളും ത്യജിക്കണമെന്നുവന്നാൽ!... അതനീതിയല്ലേ? ആ അനീതിയോടു പൊരുതാൻ തന്നെ ഞാൻ തീരുമാനിച്ചു. സങ്കീർണ്ണമായ എൻെറ പ്രശ്നം പരിഹരിക്കാൻ ഒരു കുറുക്കുവഴിക്കുവേണ്ടി ഞാൻ ചിന്തിച്ചു. ഞാൻ തീർത്തും മരത്തലയനല്ലെന്നും എനിക്കും ബുദ്ധിയുണ്ടെന്നും എനിക്കുതന്നെ ബോദ്ധ്യമായ ഒരു കണ്ടുപിടുത്തം! ഒരു ഉദ്യോഗസ്ഥയെ വിവാഹം ചെയ്യുക!! സൂത്രത്തിൽ അമ്മയെ ഞാനെൻെറ ആഗ്രഹം അറിയിച്ചു. അമ്മ അപ്പച്ചനേയും. അപ്പച്ചൻ ചില ദല്ലാളന്മാരെ ഏർപ്പെടുത്തി.

ഒരു സുപ്രഭാതത്തിൽ പനമൂട്ടിൽ മത്തായിച്ചേട്ടൻ—ആരം നാട്ടിലെ പ്രസിദ്ധനായ ദല്ലാളാണ് — വീട്ടിലെത്തി. ഒരു മിഡിൽ സ്കൂൾ ഹെഡ്മിസ്ട്രസിനെക്കുറിച്ച്, അ

യാം വളരെയേറെ പുകഴ്ത്തി അപ്പച്ചനോടും അമ്മയോടും സംസാരിച്ചു. എല്ലാം മറഞ്ഞുനിന്നു ഞാൻ കേട്ടു. അവരുടെ സൗന്ദര്യം, ധനം, കാര്യപ്രാപ്തി തുടങ്ങിയവയെക്കുറിച്ചെല്ലാം അയാൾക്ക് ഓരോ കഥകൾ തന്നെ പറയാനുണ്ടായിരുന്നു.

'കർത്താവേ! ഈ കല്യാണം നടക്കണേ!' മത്തായിച്ചേട്ടന്റെ കഥകൾ കേട്ട ഞാൻ ഉള്ളുചുട്ട് പ്രാർത്ഥിച്ചു. ഹാ! ഈ കല്യാണം നടന്നുകഴിഞ്ഞാൽ.... പ്രതിമാസം അവർക്ക് 250– ലേറെ രൂപയാണ് ശമ്പളം കിട്ടുന്നത്! എനിക്കും ഒരു സ്കൂട്ടർ വാങ്ങണം! പ്ലേയേഴ്സ് അന്നു വലിക്കണം!! സകല സിനിമയ്ക്കും ഞാൻ – അല്ല – ഞങ്ങൾ പോകും. അങ്ങനെ ജീവിതസുഖങ്ങളുടെ മുന്തിരിച്ചാറിൽ ഞാനും ഊളിയിടും.

മുൻകൂട്ടി അറിയിച്ചുകൊണ്ട് ഞങ്ങൾ പെണ്ണുകാണാൻ പോയി. ഞാനും എന്റെ അളിയനുംകൂടി. എന്തോ അത്യാവശ്യ കാര്യത്തിനു പോകേണ്ടിയിരുന്നതുകൊണ്ട് മത്തായിച്ചേട്ടന് ഞങ്ങളുടെകൂടെ പോരാൻ സാധിച്ചില്ല. പെണ്ണിന്റെ അഡ്രസ്സ് കുറിച്ചു തന്നതേയുള്ളു. ബസ്സ്സ്റ്റോപ്പിൽ നിന്നും ഒന്നൊന്നര മൈൽ നടക്കണം പെണ്ണിന്റെ വീട്ടിലേയ്ക്ക്. കുറെ ബുദ്ധിമുട്ടിയെങ്കിലും അഡ്രസ്സിൽ പറഞ്ഞ വീടു ഞങ്ങൾ കണ്ടുപിടിച്ചു. ഭംഗിയുള്ള ഒരു ചെറിയ വീട്. ഗെയിറ്റിന് പുറത്തുനിന്നുകൊണ്ട് ഉള്ളിലേയ്ക്ക് ഞങ്ങൾ ഒന്നു പാളിനോക്കി. ആരേയും കാണാനില്ല. ഞങ്ങളുടെ ആഗമനം അറിയിക്കാൻ എന്താ മാർഗ്ഗം? 'പട്ടിയുണ്ടോ' എന്ന് ചോദിച്ചാലോ? പക്ഷേ പട്ടിയെ അന്വേഷിച്ചല്ലല്ലോ പുറപ്പാട്. അതുകൊണ്ട് ആ ചോദ്യം വേണ്ടെന്ന് വച്ചു. ഗെയിറ്റു തുറന്നു ധൈര്യമായി അകത്തേയ്ക്ക് ഞങ്ങൾ കയറി. മുറ്റത്തുനിന്നുകൊണ്ട് അളിയനൊന്നു ചുമച്ചു. മുറിക്കുള്ളിൽനിന്നും ഒരു സ്ത്രീ വരാന്തയിലേയ്ക്ക് അവതരിച്ചു. വാർദ്ധക്യത്തിന്റെ ചവിട്ടുപടിയിൽ കാലൂന്നി നില്ക്കുന്ന ഒരു തടിച്ചി.!! ഓ... പെണ്ണിന്റെ തള്ളയായിരിക്കും, ഞാൻമനസ്സിൽ കരുതി. 'എവിടുന്നു വരുന്നു'? തടിച്ചിയുടെ ചോദ്യം. 'മൂട്ടചിറ നിന്നു' അളിയൻ കഥിച്ചു.

ഓ ... ശരി! മത്തായി പറഞ്ഞ കാര്യത്തിനാണല്ലേ?

അതേ! ഞാൻ ചാടിപ്പറഞ്ഞു. അവർ കാണാതെ അളിയൻ എന്റെ കാലിൽ മെല്ലെയൊന്നു ചവിട്ടി.

കുറെ അടങ്ങി നില്ലെടാ ചെറുക്കാ എന്നാണ് ആ ചവിട്ടിന്റെ അർത്ഥമെന്നു ഞാൻ മനസ്സിലാക്കി. സ്വീകരണമുറിയുടെ വാതിൽ തുറന്ന് ഞങ്ങളെ അവർ സ്വാഗതം ചെയ്തു.

'ഗററിൻ!'

ഓ ... തള്ള കുറെ വിദ്യാഭ്യാസമുള്ള കൂട്ടത്തിലാണെന്നു തോന്നുന്നു! ഞാൻ മനസ്സിൽ കരുതി. 'സിററ്ഡൗൺ'! അകത്തു പ്രവേശിച്ച ഞങ്ങളോട് അവർ പറഞ്ഞു. തല്ലുകാരനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മുമ്പിലകപ്പെട്ട ഗ്രാമീണനെപ്പോലെ ഞങ്ങളനുസരിച്ചു.

'നെയിം'? തടിച്ചി അളിയന്റെ നേരെ ചൂണ്ടുവിരൽ നീട്ടി.

'പള്ളിയിലിട്ടപേര് വർക്കീന്നാ. വീട്ടിലെല്ലാരും വിളിക്കുന്നത് വക്കച്ചാന്നാ'. ഒരു തനി കർഷകനായ അളിയന്റെ ഉത്തരം!! ഉടനെ ആ സ്ത്രീയുടെ വിരൽ എന്റെ നേരെ തിരിഞ്ഞു.

'യുവേഴ്സ്'

ജോസഫ്".

'പൊററ്നെയിം'?

'ഔസേപ്പച്ചൻ.' പൊററ്നെയിം എന്ന ഇംഗ്ലീഷുവാക്ക് എങ്ങനെ ഓർമ്മിക്കാൻ കഴിഞ്ഞുവെന്ന്, പറഞ്ഞുകഴിഞ്ഞപ്പോൾ എനിക്കുതന്നെ അത്ഭുതം തോന്നി.

'ശരി! എന്താ കുടിക്കാൻ വേണ്ടതു്? സംഭാരമോ; നാരങ്ങാവെള്ളമോ'? അവർ അതിഥി സൽക്കാരത്തിലേയ്ക്ക് കടക്കുകയായി!

'എന്തായാലും വേണ്ടില്ല'! അളിയൻ പറഞ്ഞു.

'ദാഹത്തിനു പററിയതു സംഭാരമാണ്. സംഭാരംതന്നെ കൊണ്ടുവരാം' എന്നു പറഞ്ഞിട്ട് അവർ അകത്തേയ്ക്കുപോയി!

'കർത്താവേ; ഈ ഉല്പന്നത്തിയുടെ മകളെയാണോ ഞാൻ കല്യാണം കഴിക്കേണ്ടതു്? ഓ! അവരും വിദ്യാഭ്യാസമുള്ളവളാണ്. B. A. B. T. ക്കാരിയാണ്. ഈ കണ്ട കശനിയെപ്പോലെ ആവില്ലായിരിക്കും' ഞാൻ സ്വയം സമാശ്വസിച്ചു. എന്നിട്ട് ജിറാഫിനെപ്പോലെ കഴുത്തു നീട്ടിക്കൊണ്ട് അകത്തേയ്ക്കും വീടിന്റെ പിൻപുറത്തേയ്ക്കുമെല്ലാം ഒന്നുനോക്കി. എന്റെ ഭാവി വധുവിനെ ഒന്നു കാണാൻ! പക്ഷെ ഹാ! കഷ്ടം! എന്നല്ലാതെ എന്തുപറയട്ടെ, എന്റെ നേത്രങ്ങൾക്ക് ആ ദേവതയെ കാണാൻ കഴിഞ്ഞില്ല. നിമിഷങ്ങൾ ചിലതു കഴിഞ്ഞപ്പോൾ രണ്ടു ഗ്ലാസ് സംഭാരവുമായി ആ സ്ത്രീ വന്നു.

'ഞാൻ കാപ്പിയോ ചായയോ ഉപയോഗിക്കാറില്ല. അവയിലെല്ലാം പോയിസണുണ്ട്. അതുകൊണ്ട് മററുള്ളവരും അതുപയോഗിക്കരുതെന്ന് എനിക്കു് അഭിപ്രായമുണ്ട്". ഗ്ലാസ് ഞങ്ങളുടെ നേരെ നീട്ടിക്കൊണ്ട് അവർ പറഞ്ഞു.

'ഉവ്വോ ...' ഒരയഞ്ഞ മട്ടിൽ പറഞ്ഞുകൊണ്ട് ഒരിറക്കിന് അളിയൻ ഗ്ലാസ് കാലിയാക്കി. അന്തസ്സിന്റെ പേരിൽ ഒരു തുടം ഞാൻ ബാക്കിവച്ചു.

ഉടനെ ഒരു ചോദ്യം! 'ഔസേപ്പച്ചൻ ........എയ്ജ്?'

'ഇരുപത്തൊൻപതു്'. ഞാൻ പറഞ്ഞു

'ശരി എഡ്യൂക്കേഷൻ?'

S. S. L. C. പാസ്സായതേയുള്ളു'. ആ കള്ളം പറഞ്ഞപ്പോൾ എന്റെ തൊണ്ട വിറയ്ക്കുന്നുണ്ടായിരുന്നു.

'വീട്ടിലെന്തു സ്വത്തുണ്ട്?'

'അമ്പതിനായിരം രൂപയ്ക്കു മേലുണ്ട്', അളിയനാണതു പറഞ്ഞതു്.

'ഞാൻ ഈ മനുഷ്യനുമായാണ് സംസാരിക്കുന്നതു്. നിങ്ങൾ അവിടെ അടങ്ങിയിരിക്കു ഹേ! അളിയനോടവർ പറഞ്ഞു. പാവം അളിയൻ, അയാളുടെ മുഖം വെള്ളക്കടലാസുപോലെ വിളറിപ്പോയി.

'ഇൻഷ്വർ ചെയ്തിട്ടുണ്ടോ?' അവരുടെ അടുത്ത ചോദ്യം.

'ഇല്ല'. ഞാൻ മറുപടി പറഞ്ഞു.

'കഷ്ടം! ഒരൻപതിനായിരത്തിന് ഉടനെ ഇൻഷ്വർ ചെയ്യണം. നിങ്ങളെ വേൾക്കുന്ന സ്ത്രീയ്ക്ക് വേണ്ടിയുള്ള ഒരു കരുതൽ ധനമായിട്ട്! മനസ്സിലായോ?'

'ഉവ്വ്!' അല്ലാതെന്തു മറുപടി ഞാൻ പറയും.

'യു അററൻഡ്' ഹിയർ! ഞാൻതന്നെ ഇരുപതിനായിരം രൂപയ്ക്ക് ഇൻഷുർ ചെയ്തിട്ടുണ്ട്'. അവർ പറഞ്ഞു.

'ഞങ്ങൾക്ക് പോകാൻ അല്പം തിടുക്കമുണ്ട്'. അളിയൻ ഇടയ്ക്കു കയറിപ്പറഞ്ഞു. അവർ ഒരു നോട്ടം! അളിയന്റെ നേരെ! കുറുക്കനെ കണ്ട കോഴിയെപ്പോലെ മൂപ്പര് കീഴ്പ്പോട്ടു നോക്കിക്കളഞ്ഞു, ആ നോട്ടം സഹിക്കാൻ ശക്തനല്ലാത്ത മട്ടിൽ.

'അപ്പോൾ മി: ഔസേപ്പച്ചൻ നിങ്ങളുടെ ആനുവൽ ഇൻകം എത്രവരും?'

'രണ്ടുമൂവായിരം രൂപയ്ക്കുമേൽ വരും'

'മൂവായിരം രൂപകൊണ്ട് ഈ കാലത്തു ഒരു കുടുംബം പുലർത്താനൊക്കുമോ?'

ആ ചോദ്യത്തിന് ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.

'ഫാമിലി പ്ലാനിംഗിനെക്കുറിച്ച് നിങ്ങളുടെ വീക്ഷണം എന്താണ്?'

കർത്താവേ!.... ഈ തള്ളച്ചിയുടെ ഒരു ചോദ്യം. ഞാനെന്തു പറയാനാണ്? ഇത്രയും കടന്ന കയ്യ് ഇന്നുവരെ ഞാൻ ചിന്തിച്ചിട്ടില്ല. എന്തെങ്കിലും ഒന്നു പറഞ്ഞേ മതിയാവൂ! എന്താ പറയേണ്ടതു്?

കൂടുതൽ കുട്ടികളുണ്ടാകാത്തതാണ് നന്ന് ഞാൻ പറഞ്ഞൊപ്പിച്ചു.

'അതിനു സ്വീകരിക്കേണ്ട മാർഗ്ഗം?'

ഞാനൊന്നും പറഞ്ഞില്ല. ഈ തള്ളച്ചിയോട് ഇങ്ങിനെയുള്ള കാര്യങ്ങൾ പറയാൻ എനിക്കറപ്പു തോന്നി.

'ജീവിതത്തെ ശരിക്കും വീക്ഷിച്ച് അതിനെക്കുറിച്ച് വ്യക്തമായ തീരുമാനമെടുക്കേണ്ടതു് ആധുനിക മനുഷ്യന്റെ കടമയാണ്. മനുഷ്യന്റെ ഭാഗധേയം അവൻ തന്നെ നിർണ്ണയിക്കേണ്ടിയിരിക്കുന്നു. എഡ്യുക്കേഷന്റെ പരിമിതിയാണ് നിങ്ങളുടെ അറിവുകുറവിന്റെ കാരണം. പക്ഷേ; നിങ്ങൾക്ക് പ്രതിഭയും, സർഗ്ഗശക്തിയുമുണ്ട്. അതു് തട്ടിയുണർത്താൻ ആളില്ലാതായതാണ്, പിശകിയതു്. ആ കുറവു ഞാൻ പരിഹരിച്ചുകൊള്ളാം!

'ഉവ്വ്! ഞാൻ പറഞ്ഞു. ഈ തള്ളേടെ മകളെ ഞാനാണ് കെട്ടുന്നതെങ്കിൽ ഇവളെ ഞാൻ ർങ്ങ; ർച; ർണ എഴുതിക്കുമെന്ന് മനസ്സിൽ കരുതി! അല്ലാതെന്തു ചെയ്യാനാണിപ്പോൾ?'

ഈ സമയമത്രയും കനിഞ്ഞുകൂടിയിരുന്ന അളിയൻ പോക്കററിൽനിന്നും ഒരു സിഗരറെറടുത്തു തീ പിടിപ്പിച്ചു. 'ഹേ മിസ്റ്റർ! സ്മോക്കിംഗ് ഞാനിഷ്ടപ്പെടുന്നില്ല. ഹോ എന്തു ദുർഗന്ധം!' അതു ദൂരെ കളയുകുട്ടീ — അല്ല മിസ്റ്റർ!! അവർ ഇതു പറയുകയല്ല, കല്പിക്കുകയാണ ചെയ്തതു്. ഒരു നടുക്കത്തോടെ അളിയൻ തന്റെ പ്രിയപ്പെട്ട സിഗററു കുററി മുററത്തേക്കെറിഞ്ഞു.

'ശുചിത്വത്തിന്റെ A. B. C. D. നിങ്ങൾക്കറിഞ്ഞുകൂടെ; മിസ്റ്റർ? അതവിടുന്നെടുത്തു് ദൂരെക്കളയൂ ഹോ'! കോപിച്ചാണ് അവരതു പറഞ്ഞതു്.

ഹോ! ഇവരെന്തൊരു സ്ത്രീ! ഞാൻ മനസ്സിൽ കരുതി. മുററത്തുനിന്നും സിഗററു കുററി എടുത്തുകളയുവാൻ വേണ്ടി അളിയൻ പുറത്തേക്കിറങ്ങി.

'ഔസേപ്പച്ചൻ സ്മോക്ക് ഉപയോഗിക്കുകയില്ലെന്നു വിശ്വസിക്കുന്നു' ഒരു ചെറു ചിരിയോടെ അവർ പറഞ്ഞു.

'ഇല്ല', ഒന്നാമത്തെ നുണ പറയാൻ ഞാൻ നിർബ്ബന്ധിതനായി.

'പേരെന്താണ്?' ഞാൻ അങ്ങോട്ട് ഒന്നും ചോദിച്ചില്ലെന്ന് വേണ്ട.

'അന്നമ്മ മാത്യൂസ് B. A. B. T.'

'ഓഹോ, അമ്മയും മകളും B.A.B.T. ക്കാരാണ്'

'പെൻഷനായോ?' ഞാൻ ചോദിച്ചു.

'ഛേ! ഛേ! എനിക്കോ? എന്താണ് നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നത്?' അവരുടെ മുഖത്ത് കാർമേഘം ഇരച്ചുകയറുന്നത് ഞാൻ കണ്ടു. കർത്താവേ, ഞാൻ പറഞ്ഞതിൽ എന്തെങ്കിലും അപാകതയുണ്ടോ? ക്ഷമാപണരൂപേണ ഞാനവരുടെ മുഖത്തേയ്ക്കൊന്നുനോക്കി.

'ഉം, കൊള്ളാം! യു ആർ എ വിററി മാൻ'! ഒരു ചെറു ചിരിയോടെ അവർ പറഞ്ഞു. എനിക്ക് സമാധാനമായി. എന്തായാലും അവരുടെ ഗൗരവം മാറിയല്ലോ.

നിമിഷങ്ങൾ ചിലതു നിശബ്ദമായി കടന്നുപോയി.

'മകളെ കണ്ടില്ലല്ലോ'! ധൈര്യം അവലംബിച്ച് സ്വയമെന്നവണ്ണം ഞാൻ പറഞ്ഞു.

'ആരുടെ മകളെ?' സ്വല്പം കടുപ്പത്തിലുള്ള ഒരു ചോദ്യം.

'അല്ല, മത്തായിച്ചേട്ടൻ പറഞ്ഞ ആൾ', പതിഞ്ഞ സ്വരത്തിൽ ഞാൻ പറഞ്ഞു.

'മത്തായി പറഞ്ഞ ആൾ ഞാൻതന്നെയാണ്. മനസ്സിലായില്ലായിരുന്നോ?

'എൻറമ്മോ'! ഞാൻ ഉറക്കെ നിലവിളിച്ചുകൊണ്ട് പിടഞ്ഞെണീററു. ഓടി രക്ഷപെടാൻ പഴുതുണ്ടോ എന്നു ചുററും പകച്ചുനോക്കി.

'സിററ് ഡൗൺ മിസ്റ്റർ ഔസേപ്പച്ചൻ'. അതൊരാജ്ഞയായിരുന്നു. സത്യം പറയട്ടെ, തളർന്നു ഞാൻ അവിടെയങ്ങിരുന്നുപോയി. എൻറെ കണ്ണിൽ ഇരുട്ടു വ്യാപിക്കുകയാണ്. ഞാൻ ബോധംകെട്ടു വീഴുമോ? കർത്താവേ, ഈ പിശാചിൻറെ പരീക്ഷണത്തിൽനിന്നും എന്നെ നീ രക്ഷിക്കേണമേ!

'അളിയാ....'! എൻറെകൂടെവന്ന ആ ദരിദ്രവാസിയെ ഉറക്കെ ഞാനൊന്നു വിളിച്ചു. മുററത്തുനിന്നും സിഗററു കററിയെടുക്കാൻ പോയ മൂപ്പര് എന്തെടുക്കുന്നോ ആവോ?

'ഔസേപ്പച്ചൻ യു ഹിയർ മീ'. എനിക്ക് പ്രായം അധികമൊന്നും ആയിട്ടില്ല! പിന്നെ...." ഒരു കൊഞ്ചലോടെ അവർ പറഞ്ഞു.

'അതു കണ്ടാലറിയാം'. അത്രയും പറയാൻ എനിക്ക് എങ്ങിനെയോ ധൈര്യം കിട്ടി.

'എൻറെ തലമുടി നരച്ചതു് എണ്ണക്കേടുകൊണ്ടാ'.

'അതേ', ഞാനത്രയേ പറഞ്ഞുള്ളു. തൊലി ഞൊറിഞ്ഞുപോയതു് കുഴമ്പുകേടുകൊണ്ടാണോ എന്നു ചോദിക്കാൻ തോന്നിയതാണെനിക്ക്. പക്ഷെ ധൈര്യം സമ്മതിച്ചില്ല.

'എൻറെ പ്രായത്തെക്കുറിച്ച് നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ എൻറെ സർവ്വീസ് ബുക്കെടുത്തു കാണിക്കാം.

'വേണമെന്നില്ല'

'അല്ല, നിങ്ങളതു കാണണം' അതെടുക്കാനായി അവർ അകത്തേയ്ക്കു പോയി.

ഞാൻ ചുറ്റും ഒന്നു പകച്ചുനോക്കി. എന്നിട്ട്"....ഒരു ചാട്ടം, മുറ്റത്തേയ്ക്ക്". അവിടുന്നൊരോട്ടം! തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ ബസ്സ്റ്റാൻഡുവരെ ഓടി. വിയർപ്പിൽ കുളിച്ച്, കിതച്ചുകൊണ്ട് ബസ്സ്റ്റാൻഡിലെത്തിയപ്പോൾ അളിയനുണ്ടവിടെ നിൽക്കുന്നു.

'അളിയാ....' ഞാൻ നീട്ടിയൊന്നു വിളിച്ചു. അപ്പോഴേയ്ക്കും എന്റെകണ്ണുകൾ രണ്ടും നിറഞ്ഞുകഴിഞ്ഞിരുന്നു. നിമിഷങ്ങൾ ചിലതു നീങ്ങിയപ്പോൾ, എനിക്ക് ശ്വാസം വിടാറായപ്പോൾ – ഞാൻ ആ രഹസ്യം അളിയനോടു പറഞ്ഞു. 'അളിയാ...., അവളാ...., പെണ്ണ്"!!

'അതേ, അവളൊരു പെണ്ണു തന്ന്യാ! ഞാൻ പറഞ്ഞതിന്റെ അർത്ഥം അളിയനു മനസ്സിലായില്ലെന്നു തോന്നുന്നു. 'അതല്ലളിയാ, മത്തായിച്ചേട്ടൻ പറഞ്ഞ പെണ്ണ്, അവളു തന്ന്യാ'

'കർത്താവേ....'! അളിയൻ ചങ്കിൽ കൈവച്ചുപോയി.

നാട്ടിലേയ്ക്കുള്ള ബസ്സിലിരുന്നപ്പോൾ ഞാനളിയന്റെ ചെവിയിൽ മന്ത്രിച്ചു. 'അളിയാ, എനിക്കിനി ഉദ്യോഗസ്ഥകളെ വേണമെന്നില്ല, കേട്ടോ'. അളിയൻ ഒന്നു ചിരിച്ചു.

വീടിനു സമീപമുള്ള അന്തോനീസു പുണ്യവാന്റെ കപ്പേളയിൽ രണ്ടു മെഴുകുതിരികൾ കത്തിച്ചിട്ടേ ഞാൻ വീട്ടിലേയ്ക്ക് കയറിയുള്ളു. എന്തുകൊണ്ടാണെന്നറിയാമോ? കേടുപാടൊന്നും കൂടാതെ നാടുപറ്റാൻ സാധിച്ചത് എന്റെ മദ്ധ്യസ്ഥനായ അന്തോനീസു പുണ്യവാന്റെ സഹായത്താലാണെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നുകൊണ്ട്"!!



വളരെയധികം തെറ്റുകളിലും കുറ്റങ്ങളിലും കൂടിയല്ലാതെ ആരും നല്ലവനോ വലിയവനോ ആയിട്ടില്ല.

—ഗ്ലാഡ്സ്റ്റൺ

# ശാസ്ത്രീയരംഗവും അദ്ധ്യയനമാദ്ധ്യമവും

മേരി കെ. സി.
II P. D. C.

ശാസ്ത്രം പാശ്ചാത്യ ജനതയ്ക്ക് നേടിക്കൊടുത്തിട്ടുള്ള ഐശ്വര്യ പ്രതാപങ്ങളും മഹാ വിജയങ്ങളും അസൂയാവഹമാണ്. സയൻസ് പഠിച്ചതുകൊണ്ടാണ് അസൂയാവഹമായ ഈ ഉൽക്കർഷമെല്ലാം അവർ നേടിയത്. അവരുടെ ഗവേഷണങ്ങൾ ഇപ്പോൾ ഭൂമിയേയും പിന്നിട്ട് ചന്ദ്രനിലേയ്ക്കു പാഞ്ഞുകൊണ്ടിരിക്കുകയാണ്. ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ച ആദ്യത്തെ മനുഷ്യർ എന്ന ബഹുമതിയും ഇന്ന് അമേരിക്കക്കാർ നേടിക്കഴിഞ്ഞു. ചന്ദ്രനിൽ അവർ ഇറങ്ങുന്ന ദിനവും അധികം ദൂരത്തിലല്ല. റഷ്യയും അമേരിക്കയും തമ്മിൽ ഇന്ന് ശാസ്ത്രീയ രംഗത്ത് ഒരു മത്സരം തന്നെ നടക്കുകയാണ്.

ശാസ്ത്രീയ രംഗത്തു നടക്കുന്ന വൻകിട കാര്യങ്ങളുടെ ഈ മത്സരം നമ്മുടെ രാജ്യത്തിന്റെ 'ദാഹിക്കുന്ന കിനാവുകളെ' തട്ടിയുണർത്തുന്നില്ലേ? ജ്ഞാനതൃഷ്ണയും തത്വജിജ്ഞാസയും ആരുടേയും കുത്തകയല്ലല്ലോ. ഈ കിനാവുകളുടെ സാഫലീകരണത്തിന് ആവശ്യമായ സാഹചര്യം ഇന്ന് ഇവിടെ ലഭിക്കുന്നില്ല. ആ സാഹചര്യങ്ങളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒന്നാണ് മാതൃഭാഷയിൽ കൂടിയുള്ള ശാസ്ത്രാഭ്യസനം.

ഇത് ഒരു തെറ്റിദ്ധാരണയുടെ ഫലമാണെന്നാണ് പലരുടേയും അഭിപ്രായം. ഭാഷ ശാസ്ത്രത്തിന്റെ പുറം ചട്ടയോ വാഹനമോ മാത്രമാണെന്നും അതു വഹിക്കുന്ന അർത്ഥവും ആശയവും എല്ലാ മനുഷ്യർക്കും തുല്യമാണെന്നും ആണ് അവരുടെ വാദം. ഏതു ഭാഷയിൽ പഠിച്ചാലും സയൻസ് സയൻസ് തന്നെയല്ലേ? എല്ലാ മനുഷ്യരുടേയും ഇന്ദ്രിയങ്ങൾക്ക് ഗോചരീഭവിക്കുന്ന പ്രപഞ്ചം ഒന്നു തന്നെയല്ലേ? The time defferencial of the electric displacement is the rotation of the magnetic force multiplied by the velocity of light എന്ന ഇംഗ്ലീഷ് വാചകത്തെ 'ആലക്തിക സ്ഥാനാന്തരത്തിന്റെ കാലവിഭേദകം കാന്തശക്തിയുടെ ഭ്രമണത്തെ വെളിച്ചത്തിന്റെ വേഗം കൊണ്ട് ഗുണിച്ചതാകുന്നു' എന്നു വിവർത്തനം ചെയ്താലും 'ഇലക്ട്രിക് ഡിസ്പ്ലേസ്മെന്റിന്റെ

കടെ ഡിഫറൻഷ്യൽ മാഗ്നെററിക് ഫോർസിൻെറ റൊട്ടേഷനെ ലൈററിൻെറ വെലോസിററികൊണ്ട് മൾട്ടിപ്ലൈ ചെയ്യുതാണ്' എന്നെഴുതിയാലും ഫലം ഒന്നുതന്നെയല്ലേ.

മേൽപ്പറഞ്ഞ വാദഗതികൾ തീർച്ചയായും ശരിതന്നെ. എന്നാൽ ഏററവും പൂർണ്ണമായ ആത്മാവിഷ്കരണം, തൻെറ മാതാവിൻെറ മുലപ്പാലിൽ കൂടി വ്യക്തിത്വത്തിൻെറ ഒരു ഭാഗമായി ലഭിക്കുന്ന മാതൃഭാഷ മുഖേനയല്ലേ ഒരുവനു സാധിക്കുന്നതു്. തൻെറ മാതൃഭാഷയിൽ നേടാൻ കഴിയുന്നത്ര ജ്ഞാനം മററു ഭാഷയിൽ നേടുക അത്ര എളുപ്പമല്ല. നമ്മുടെ എഴുത്തുകാരുടെ സർഗ്ഗശക്തി സഹജമായി പ്രവഹിക്കുന്നതും അവരുടെ മാതൃഭാഷയിൽ കൂടിയാണ്. മലയാളികളായ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിലുള്ള അദ്ധ്യയനം തികച്ചും വിഷമകരമാണ്.

മാതൃഭാഷയല്ലാതെ മെററാരു ഭാഷയും പഠിക്കരുതെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. അത്രയും ഇടുങ്ങിയ മനസ്ഥിതിയിൽ നിന്നും മനുഷ്യൻ ഉയർന്നുകഴിഞ്ഞിട്ടുണ്ട്. പ്രാദേശികവും വർഗ്ഗീയവുമായ അതിർത്തികളെ അതിലംഘിച്ച് സാർവ്വലൗകികവും സാർവ്വജനീനവുമായ ഒരു ലക്ഷ്യത്തെ അഭിമുഖീകരിച്ചാണ് അവൻ ഇപ്പോൾ മുമ്പോട്ടു പോകുന്നതു്. ഹിന്ദിയും ഇംഗ്ലീഷും മലയാളവുമെല്ലാം നമുക്ക് ആവശ്യമാണ്.

എന്നാലും ശാസ്ത്രം മാതൃഭാഷയിൽ പഠിക്കുന്നതു് അന്യഭാഷാ പഠനത്തിന് ഒരു തടസ്സമാണോ? അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും പത്തും പന്ത്രണ്ടും വയസ്സുള്ള വിദ്യാർത്ഥികൾ, തവളകളുടെ ഹൃദയം പരസ്പരം മാററിവെച്ചും മററും പരീക്ഷണങ്ങൾ ചെയ്യുമ്പോൾ, ഇവിടത്തെ വിദ്യാർത്ഥികൾ ആ സമയം ഇംഗ്ലീഷിലുള്ള വാക്കുകളുടെ സ്പെല്ലിംഗ് പഠിക്കുന്നതിനും അർത്ഥം പഠിക്കുന്നതിനുമല്ലേ ചിലവഴിക്കുന്നതു്? ചുരുക്കിപ്പറഞ്ഞാൽ അവൻെറ വിദ്യാഭ്യാസത്തിൻെറ നല്ലൊരു ഭാഗം ഭാഷയ്ക്കുവേണ്ടി മാററിവെയ്ക്കാൻ അവൻ നിർബന്ധിതനാകുന്നു. അതുകൊണ്ട് സയൻസ് വിഷയത്തിൽ അമേരിക്കയിലോ ഇംഗ്ലണ്ടിലോ വിദ്യാർത്ഥികൾ കൊടുക്കുന്ന ശ്രദ്ധ ഇവിടത്തെ വിദ്യാർത്ഥികൾ കൊടുക്കുന്നില്ല അഥവാ കൊടുക്കാൻ കഴിയുന്നില്ല.

ഈ വക പ്രതിബന്ധങ്ങൾ നമ്മുടെ ശാസ്ത്രീയരംഗത്തു് ധാരാളം തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതിനാൽ നമ്മുടെ ഔദ്യോഗിക ഭാഷയും കലാലയങ്ങളിലെ അദ്ധ്യയന മാദ്ധ്യമവും മലയാളമായിരിക്കണമെന്ന തീരുമാനത്തോടു് ഞാൻ പൂർണ്ണമായും യോജിക്കുന്നു. മലയാള ഭാഷയെ അവഹേളന ദൃഷ്ടിയോടെ വീക്ഷിക്കുന്ന ചിലർ ഇതിനെ ചെറുത്തുനിൽക്കുകയാണ്. അവർ തങ്ങളുടെ മാതൃഭാഷയുടെ വിലയും നിലയും മനസ്സിലാക്കാതെ, അതു അദ്ധ്യയന മാദ്ധ്യമമായാലത്തെ ദൂഷ്യങ്ങളെപ്പററിപ്പറഞ്ഞു് മററുള്ളവരെ ഭീഷണിപ്പെടുത്താൻ ശ്രമിക്കുകയാണ്. മലയാളം അദ്ധ്യയന മാദ്ധ്യമമാക്കിക്കൊണ്ട് ഇവരൊക്കെ എങ്ങനെ ജീവിക്കാനാണ്, എങ്ങനെ ഉപരിപഠനം നടത്തും. എങ്ങനെ പുറത്തുപോയി തങ്ങളുടെ ആവശ്യങ്ങൾ മററുള്ളവരെ ധരിപ്പിക്കും?

ഇതിനെല്ലാത്തിനും കൂടി എനിക്കു പറയുവാനുള്ള മറുപടി, ഈ വക ചോദ്യങ്ങൾ അവരുടെ തെററിദ്ധാരണയുടെ ഫലമായി ഉതിർന്നു വീണതാണെന്നാണ്. മല

യാളഭാഷയെ അദ്ധ്യയനമാക്കിയതുകൊണ്ട് ഇംഗ്ലീഷിനെ ഇവിടെനിന്നും വേരോടെ പിഴുതുകളയണമെന്ന് അർത്ഥമില്ല. ഇംഗ്ലീഷിനെ ഒരു പടികൂടി താഴ്ത്തി ഒരു രണ്ടാം സ്ഥാനം നാം നൽകണം. നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ഒരു നല്ല പങ്കുവഹിച്ച ഇംഗ്ലീഷിനെ നാം ശിഖരങ്ങൾ വെട്ടി മിനുസപ്പെടുത്തുക മാത്രമാണ് ഇതുവഴി ചെയ്യുന്നത്.

ഇന്നത്തെ സർവ്വകലാശാലകളിൽ പഠിക്കുന്ന ഒട്ടുമുക്കാൽ വിദ്യാർത്ഥികളിലും 'ഓ, എന്നാര് മനസ്സിലാകാൻ' എന്ന ഒരു മനസ്ഥിതി കാണാം. ഇംഗ്ലീഷിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ആ ഭാഷയിൽതന്നെ ഒന്നു മറുപടി പറഞ്ഞൊപ്പിക്കാൻ ഭാരതീയർ എത്രമാത്രം വിഷമിക്കുന്നു? ഇതിലൊക്കെ ഭേദം നമുക്കറിയാവുന്ന ഭാഷയിൽ സംസാരിക്കയല്ലേ. പലപ്പോഴും നമ്മുടെ മനോഗതങ്ങൾ പ്രകടിപ്പിക്കുന്നതിന് വാക്കുകൾ കിട്ടാതെ നാം ബുദ്ധിമുട്ടുന്നില്ലേ?

ഇംഗ്ലീഷിനെ ഇവിടെനിന്നും വേരോടെ പിഴുതുകളയണമെന്ന അഭിപ്രായക്കാരും ഇല്ലാതില്ല. ഒരൊറ്റ ഇംഗ്ലീഷ് പദം പോലും മലയാളികൾ ഉപയോഗിക്കരുതെന്നാണ് അമിത ഭാഷാസ്നേഹികളുടെ പക്ഷം. ആ അഭിപ്രായഗതിയിൽ മലയാളമായിത്തീർന്നിട്ടുള്ള ഇംഗ്ലീഷ് പദങ്ങളെല്ലാം ഉടൻ മലയാളമാക്കാൻ അവർ ശ്രമിക്കുന്നു. എന്നാൽ അതുപ്രായോഗികമാകുന്ന കാര്യം വളരെ പ്രയാസമാണ്. നമ്മുടെ ആത്മസുഹൃത്തുക്കളായിത്തീർന്നിട്ടുള്ള ആ വാക്കുകളുടെ ജാതി നോക്കേണ്ട ആവശ്യം ഉണ്ടോ? ഇനി അതിനു ശ്രമിച്ചാൽതന്നെ പര്യായങ്ങൾക്കും മലയാളപദം കിട്ടാതെ തന്നെ വരും. കിട്ടിയാൽതന്നെ അതു വളരെ വികൃതവുമായിരിക്കും. ഉദാഹരണമായി 'സിനിമ' 'സ്വരചലച്ചിത്ര'മായാൽ അതു എത്രമാത്രം അഭംഗിയായിരിക്കും. ഇംഗ്ലീഷ്പദങ്ങൾ മലയാളത്തിലേയ്ക്കു കടമെടുത്തതുകൊണ്ട് നമ്മുടെ ഭാഷക്ക് ഒരു കുറവും സംഭവിക്കാൻ പോണില്ല. മാത്രമല്ല, മലയാളം കുറെക്കൂടി പുരോഗമിക്കുകയാണു ചെയ്യും. മാത്രമല്ല, ഒരു എം. പി. പോളിനോ ഒരു മുണ്ടശ്ശേരിക്കോ ഇംഗ്ലീഷിൽ പാണ്ഡിത്യം കുറവായിരുന്നുവെങ്കിൽ, അവർ നൽകിയിട്ടുള്ള അമൂല്യരത്നങ്ങൾ മലയാളഭാഷാദേവിക്കു കിട്ടാതെ പോയേനെ. നമ്മുടെ മാതൃഭാഷ ഇന്നും പിച്ച നിൽക്കുന്ന നിലയിലാണ്. അതിനെ ഒന്നു നേരെ നിർത്താൻ കുറെ ഇംഗ്ലീഷ് പദങ്ങൾകൂടി വേണ്ടിവന്നാൽ അതു സ്വീകരിക്കയല്ലേ ബുദ്ധിപരം? അതോ ഉള്ളതിനെക്കൂടി പറഞ്ഞു വിട്ടിട്ട് അതിനെ വീഴിക്കുകയോ? മലയാളമാകുന്ന പിഞ്ചുപൈതലിന്റെ അടുക്കൽനിന്നും, ഇംഗ്ലീഷാകുന്ന വളർത്തമ്മയെ 'ഭാഷാഭിമാന'ത്തിന്റെ പേരിൽ മാറ്റിനിർത്തിയാൽ മുൻപറഞ്ഞ 'അമിതഭാഷാസ്നേഹികൾ' ഉദ്ദേശിക്കുന്ന ഫലത്തിന്റെ നേരെ വിപരീതം ആയിരിക്കാം സംഭവിക്കുക.

അതിനാൽ ഇംഗ്ലീഷിനു ഒരു രണ്ടാംസ്ഥാനം നൽകി നമ്മുടെ മാതൃഭാഷ അദ്ധ്യയനമാദ്ധ്യമമാക്കിയാൽ, നമുക്ക് ശാസ്ത്രീയരംഗത്ത്, അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും ഒരുപക്ഷെ മുമ്പിൽ ചെന്നില്ലെങ്കിൽകൂടി ഒപ്പമെങ്കിലുമെത്താൻ സാധിക്കും.

★ ★ ★

**CHIEF GUEST: PROF. K. C. CHACKO, PRO-VICE CHANCELLOR** (University of Calicut)

# COLLEGE DAY CELEBRATIONS



Welcome to the Chief guest



Prof. Chacko addresses the audience



Principal reading the Report



'Ganamela' — Yesudas & Party





FURTHER SCENES FROM THE COLLEGE DAY





കവിത

# പ്രഭാതം

എസ്സ്. ജെ. തേനാശ്ശേരി
II P. D. C.

ദീർഘശയനം കഴിഞ്ഞു പ്രഭാകര
ദേവനണഞ്ഞെത്തിയാ പൂർവ്വദിക്കിൽ;

താരകവൃന്ദങ്ങൾ താലപ്പൊലിയുമായ്
വാനമാം ശാലയിൽ നൃത്തം വച്ചു;

രാവാം തിരശ്ശീല കോമള ഹസ്തത്താൽ
ചാലെ വലിച്ചങ്ങു നീക്കിക്കൊണ്ട്

സാമ്രാജ്യമട്ടുപ്പാവേറുന്നരചനെ
സ്വാഗതം ചെയ്യുന്നു ഭൂമിദേവി;

പക്ഷികൾ കീർത്തനമാലപിച്ചീടുന്നു
രാഗലഹരിയിലാമഗ്നരായ്;

താളലയങ്ങളും മേളവാദ്യങ്ങളു-
മായിത്തുടങ്ങിയെതിരേല്പിനായ്;

തങ്കക്കരത്താൽ പുണർന്നു ചെന്താമര-
മങ്കതൻ സങ്കടം നീക്കീ സൂര്യൻ;

വീട്ടമ്മ, തൻ മുററം തൂത്തുതളിക്കുന്നു;
എത്തുന്നു കർഷകൻ തൻ വയലിൽ;

തെന്നൽ തലോടുന്നു സസ്യജാലങ്ങളിൽ;
നൃത്തം കൊടുക്കുന്നു സൂനങ്ങളിൽ;

കൊച്ചുചിരട്ടയിൽ പൂഴിനിറക്കുന്നു
കൊച്ചുകിടാങ്ങൾ തൻ മന്ദഹാസം

കാണാൻ കൊതിപൂണ്ടണഞ്ഞു ദിവാകരൻ
തൻകരം കൊണ്ടുതടവിടുന്നു;

കട്ടിയോപൊട്ടിച്ചിരിച്ചുരസിച്ചു കൊ-
ണ്ടെത്തിപ്പിടിക്കുവാൻ കൈകൾ പൊക്കി;

"എന്തമ്മേ, കിട്ടാത്തതെൻ കയ്യിൽ സൂര്യനെ'
യാക്കൊച്ചു ബാലൻ വിളിച്ചുകേണു.

ചെറുകഥ

# മണവാട്ടി

ഗോവിന്ദൻ പി. എൻ.
II P. D. C.

ഇരുൾ തളംകെട്ടി നിൽക്കുന്ന ഈ രാത്രിയിൽ ഞാൻ മാത്രം ഏകാകിനിയായി ഉണർന്നിരിക്കുന്നു. ഇഴഞ്ഞു നീങ്ങുന്ന നിശബ്ദനിമിഷങ്ങളെ അകമ്പടി സേവിക്കാനെന്നവണ്ണം ചീവീടുകൾ മാത്രം ശബ്ദിക്കുന്നു. അവയുടെ പ്രതിധ്വനികൾ കട്ടപിടിച്ച ഇരുട്ടിന്റെ അഗാധതയിൽ അലിഞ്ഞലിഞ്ഞില്ലാതാകുന്നു. പുറത്തുനിന്നും അടിക്കുന്ന കാറ്റ് വിളക്കിന്റെ നാളത്തെ വികൃതരൂപത്തിലാക്കുന്നു. വിളക്കിന്റെ നേരിയ വെളിച്ചത്തിൽ പിറകിലുള്ള ഭിത്തിയിൽ എന്റെ കറുത്ത നിഴൽ നീളം വയ്ക്കുകയും ചെറുതാവുകയും ചെയ്യുന്നു. ഇരുണ്ടുകിടക്കുന്ന ലോകത്തിൽ വെളിച്ചം പരത്തിക്കൊണ്ട് അവിടവിടെ മിന്നാമിനുങ്ങുകൾ വെട്ടിത്തിളങ്ങുന്നു. എന്റെ ഇരുളടഞ്ഞ മനസ്സിലും കഴിഞ്ഞുപോയ കാലത്തിന്റെ രജതരേഖകൾ അവിടവിടെ മിന്നിത്തിളങ്ങി. അപ്പോൾ കറുത്ത കുന്നും കുഴിയും നിറഞ്ഞ ഇരുണ്ട വഴിയുടെ ചില ഭാഗങ്ങൾ അവ്യക്തതയിൽ തെളിഞ്ഞുവന്നു. അതിൽനിന്നും രണ്ടു രൂപങ്ങൾ പ്രകാശധാര ചൊരിഞ്ഞുകൊണ്ട് അന്തരീക്ഷത്തിലേയ്ക്കുയന്നുവന്നു. ഒരു സ്ത്രീയും, പുരുഷനും. ക്രമേണ സ്ത്രീ ഇല്ലാതാകുകയും ക്ഷണനേരത്തേയ്ക്ക് അവിടെ ഇരുൾ വ്യാപിക്കുകയും ചെയ്യുന്നു. പെട്ടെന്ന് വേറൊരു സ്ത്രീരൂപം ആ സ്ഥാനം കരസ്ഥമാക്കുന്നു. പ്രകാശധാര ചൊരിഞ്ഞുകൊണ്ടിരുന്ന പുരുഷരൂപം ക്രമേണ ഇരുളടഞ്ഞതായിത്തീരുന്നു. അങ്ങനെ അവ്യക്തമായ ഭാഗങ്ങളിൽ കറുത്ത നിഴൽ വീഴുന്നു.

'ആരെയാടി നീ സ്വപ്നം കാണുന്നതു്'' ഞെട്ടിത്തിരിഞ്ഞു പിറകിലേയ്ക്കു നോക്കിയപ്പോൾ വെട്ടുപോത്തിനെപ്പോലെ തലകുലുക്കിക്കൊണ്ട് കയ്യിൽ വിളക്കുമായ് കൊച്ചമ്മ നിൽക്കുന്നു. ഞാൻ പേടിച്ചുവിറച്ചുപോയി.

ആഹാ! ഇന്നുകൊണ്ടു നിന്റെ പഠിത്തം നിറുത്തിയേക്കാം. ഈ മണ്ണെണ്ണയില്ലാത്ത അവസരത്തിൽ ഒരുത്തി വായിക്കാൻ കണ്ട നേരം.

'കൊച്ചമ്മേ, നാളെ പരീക്ഷയാണ്''

'അതിന് ഞാനെന്തു വേണം. ഇവിടെ നിന്റെ അമ്മ കണ്ട വക ഒന്നുമില്ല കാശു മുടക്കാൻ. അസത്ത, പോയിക്കിടക്കുന്നുണ്ടോ'

അച്ഛൻ കണ്ട മുതലുണ്ടല്ലോ എന്നു പറയാൻ തോന്നി. പക്ഷെ ശബ്ദം തൊണ്ടയിൽ നിന്നും പുറത്തുവന്നില്ല. നിശബ്ദമായി കരയാൻ മാത്രം സാധിച്ചു. വിളക്കണച്ചു കിടന്നിട്ടും ഉറക്കം വന്നില്ല. ഹൃദയത്തിൽ ആയിരമായിരം ചിന്തകൾ കടന്നുകൂടുന്നു. ഇതിന്റെ അവ്യക്തതയിലും പുഞ്ചിരി തൂവുന്ന ഒരു മുഖം. ഹൃദയത്തിന്റെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചർച്ചിക്കുന്ന ഒരു സുന്ദരരൂപം. സ്നേഹത്തിനുവേണ്ടി ഉഴറിനടന്നപ്പോൾ സ്നേഹജലം പകർന്നുതന്ന തന്റെ ഹൃദയത്തിന്റെ ആഗാധതയിൽ ചുഴിഞ്ഞിറങ്ങി സ്നേഹത്തിന്റെ മുന്തിരിവള്ളി ജീവിതത്തിൽപറിച്ചുനട്ട ഏകവ്യക്തി. ആയിരം മധുസങ്കല്പങ്ങളുടെ ആകെത്തുക. നിരാലംബയായ തനിക്കും ഒരു ചെറിയ വള്ളി പടർന്നുപിടിക്കാൻ നാട്ടിയ കമ്പുപോലെ അദ്ദേഹം ഒരു തുണയാണ്. പരിചയം വർദ്ധിച്ചപ്പോൾ ഒരിക്കൽ ബസ്സ്റ്റാന്റിലേയ്ക്കു പോകുമ്പോൾ അദ്ദേഹം പറഞ്ഞു.

'ആഗ്നസ് നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു'

ആകെപ്പാടെ കോരിത്തരിച്ചുപോയി- അതുകേട്ടപ്പോൾ. ഹൃദയത്തിന്റെ ഏതോ കോണിൽ നിന്നും രാഗവിപഞ്ചികയിൽ സുന്ദരശ്രുതി മീട്ടുന്നതുപോലെ ഒരനുഭൂതി. ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ചേതോവികാരം. ഞാൻ ലജ്ജിച്ചുപോയി. കീഴ്പ്പോട്ടു നോക്കി ഒന്നും മിണ്ടാതെ നടന്നുപോയപ്പോൾ അദ്ദേഹം പ്രതീക്ഷയോടെ നടന്നുപോയി—കര്യാക്കോസ്—എത്രനല്ലതാണ്, അദ്ദേഹത്തിന്റെ സ്വഭാവം, ഓർത്തപ്പോൾ വേദനയോടൊപ്പം എന്തോ അവ്യക്തമായ ഒരാനന്ദം നുരഞ്ഞുപൊങ്ങി.

പക്ഷെ, അച്ഛനും കൊച്ചമ്മയും അറിഞ്ഞാൽ! അതോർക്കാൻകൂടി തനിക്ക് ശക്തിയില്ല. പിന്നെ തന്റെ കഥ കഴിഞ്ഞു. ജീവിച്ചിടത്തോളം കാലം താൻ യഥാർത്ഥത്തിൽ ജീവിക്കുകയായിരുന്നോ? ഒരു യന്ത്രത്തെപ്പോലെ യാന്ത്രികമായി എല്ലാം ചെയ്തു. മനസ്സിന്റെ മുരടിച്ച പുറംതോലിയിൽ സ്നേഹത്തിന്റെ ദാഹജലം തളിക്കുവാൻ ആരും ഇല്ല.

അച്ഛനും—

വേദനയോടെ തന്റെ അച്ഛനെപ്പററിയോർത്തു. പാവം അച്ഛൻ! എത്രമാത്രം സ്നേഹസമ്പന്നനായിരുന്നു. തന്റെ എല്ലാ ആവശ്യങ്ങളും അപ്പഴപ്പോൾ നിറവേററിയിരുന്നു. ഓർത്തപ്പോൾ സങ്കടം തോന്നി.

അമ്മയുടെ അവസാനത്തെ വാക്കുകൾ താൻ ഇപ്പോഴും ഓർക്കുന്നു. അമ്മ മരിക്കുമ്പോൾ താൻ സെക്കന്റ് ഫോറത്തിൽ ആയിരുന്നു. സ്കൂൾ വിട്ട് വൈകുന്നേരം വന്നപ്പോൾ കട്ടിലിൽ തളർന്നുകിടക്കുന്ന അമ്മയെയാണ് കണ്ടത്. പൊട്ടിപ്പോയി— അപ്പോൾ, ഛർദ്ദിയും ചുമയും കൊണ്ട് കിടന്നു പിടഞ്ഞപ്പോൾ കരളു പറിഞ്ഞുപോകുന്നതുപോലെയായിരുന്നുവെന്നാണ് അമ്മ പറഞ്ഞത്. ആ രംഗം ഓർക്കാൻ വയ്യ. കഠിനാദ്ധ്വാനമാണ് അമ്മയെ ആ നിലയിലാക്കിയത്.

ദിവസങ്ങൾക്കുശേഷം മരണസമയത്ത് അച്ഛന്റെ കയ്യിൽ തന്നെ ഏല്പിച്ചുകൊണ്ട് അമ്മയുടെ അടഞ്ഞ തൊണ്ടയിൽ നിന്നും മുറിഞ്ഞുമുറിഞ്ഞു വീണ വാക്കുകൾ.

'എന്റെ........മോളെ.......ഒരിക്കലും വേദനിപ്പിക്കരുതേ........അമ്മയില്ലാത്ത ദുഃഖം അറിയിക്കരുത്'........ഞാൻ... ഞാൻ ........പോക........'

മുഴുവൻ ആക്കാൻ സാധിച്ചില്ലായിരുന്നു. അച്ഛന്റെ കണ്ണിൽ ജലം ഉരുണ്ടുകൂടി. താൻ വാവിട്ടു നിലവിളിച്ചു. പിന്നെ അച്ഛന്റെ മുഖത്ത് സന്തോഷത്തിന്റെ കണിക താൻ കണ്ടിട്ടില്ല.

ഒരു വർഷത്തിനുശേഷം തന്റെ നന്മക്കായിട്ടാണ് അച്ഛൻ രണ്ടാമതും ഒരു വിവാഹത്തിന് പ്രേരിതനായത്. സ്നേഹമയിയായ ഭാര്യയേയും വാത്സല്യനിധിയായ അമ്മയേയും അച്ഛൻ കൊച്ചമ്മയിൽ സ്വപ്നം കണ്ടു. പക്ഷെ കേവലം ഒരു ദുഃസ്വപ്നമായിരുന്നു കൊച്ചമ്മ. വെട്ടുപോത്തിനെപ്പോലെ അലറിക്കൊണ്ട് തൊട്ടതിനും പിടിച്ചതിനും ദേഷ്യപ്പെടുന്ന ഒരു സ്ത്രീ. വെറുപ്പാണ് തോന്നുന്നത്. സ്നേഹിക്കാൻ താൻ പരിശ്രമിച്ചു.

കൊച്ചമ്മയുടെ ആദ്യത്തെ കുട്ടിയായ മേരിയുണ്ടാകുന്നതുവരെ തന്നോടു പ്രിയമായിരുന്നു. പക്ഷെ മേരിയുടെ ജനനശേഷം തനിക്ക് കഷ്ടപ്പാടായിരുന്നു. തന്റെ ജീവിതത്തിൽ ഒരിക്കലെങ്കിലും സന്തോഷിക്കാൻ സാധിച്ചിട്ടുണ്ടോ?. ഇല്ല, ദുഃഖിക്കാൻവേണ്ടി മാത്രമാണെന്നു തോന്നുന്നു തന്നെ ദൈവം സൃഷ്ടിച്ചത്. ദൈവത്തിനു കരുണയില്ലേ?

കര്യാക്കോസ് തന്നെ സ്നേഹിക്കുന്നെന്നു പറയുന്നു. താൻ അദ്ദേഹത്തെയും. പക്ഷെ അതു സഫലമടയുമോ? ഇല്ല. അന്തരംഗം മന്ത്രിച്ചു. ഒരിക്കലുമില്ല. തന്റെ സ്ഥിതി എങ്ങനെയുള്ളതെന്ന് കര്യാക്കോസിനറിവില്ല.

ഈ കാരാഗൃഹത്തിൽനിന്നും എങ്ങനെയെങ്കിലും മുക്തി നേടിയിരുന്നെങ്കിൽ. പലപ്പോഴും ആത്മഹത്യയ്ക്കൊരുങ്ങിയിട്ടുള്ളതാണ്. പക്ഷെ അപ്പോഴെല്ലാം നിസ്സഹായനായ അച്ഛന്റെ മുഖമാണ് ഓർമ്മയിൽ തെളിഞ്ഞുവരിക. പാവം അച്ഛൻ. കൊച്ചമ്മയുടെ ഇഷ്ടത്തിനു തുള്ളുന്ന വെറും കളിപ്പാവ. അച്ഛനോടു സഹതാപം തോന്നുന്നു. തന്റെ മകളെ നേരിട്ടു നോക്കാൻകൂടി കൊച്ചമ്മ സമ്മതിക്കുകയില്ല. ഇങ്ങനെയും സ്ത്രീകളുണ്ടല്ലോ?. തന്റെ അമ്മയുണ്ടായിരുന്നെങ്കിൽ! പെട്ടെന്ന് ഓർത്തു. എത്ര നല്ല സ്നേഹവതിയായിരുന്നു, അമ്മ.

ഓർക്കം കാരണം എപ്പോഴാണുറങ്ങിയതെന്നറിവില്ല. ഏതായാലും ഉണർന്നപ്പോൾ മനസ്സിൽ വ്യക്തമായ തീരുമാനം ഉണ്ടായിരുന്നു.

പതിവിലും കൂടുതൽ ഉത്സാഹത്തോടെ ജോലിയെല്ലാം ചെയ്തുതീർത്തു. കൊച്ചമ്മയ്ക്കത്ഭുതം തോന്നിയെന്നു തോന്നുന്നു.

രണ്ടു മൂന്നു പാവാടയും ബ്ലൗസും പൊതിഞ്ഞ് ബാസ്കററിന്റെ അടിയിൽ പുസ്തകത്തിനു താഴെയായി വച്ചു. നേരത്തെ പോകണമെന്നു കൊച്ചമ്മയോടു പറഞ്ഞു.

ബസ്സ്റ്റാൻറിൽ വന്ന് ബസ്സിൽ കയറിയിരിക്കുമ്പോൾ അങ്ങകലെ മതിൽക്കെട്ടിനിടയിലുള്ള സെൻറ് മേരീസ് കോൺവെൻറും, അവിടെ സ്നേഹത്തിന്റെ മൂർത്തീകരണങ്ങളായി പാറി നടക്കുന്ന വെള്ളയുടുപ്പിട്ട കന്യാസ്ത്രീകളുമായിരുന്നു മനസ്സിൽ. പക്ഷെ പെട്ടെന്ന് വീടിനെപ്പററിയോർത്തു. തന്റെ മേശപ്പുറത്തിരിക്കുന്ന എഴുത്ത് കാണുമ്പോൾ അച്ഛൻ എന്തു വിചാരിക്കും ആവോ. തന്റെ ഹൃദയത്തിന്റെ അഗാധ തലങ്ങളിൽ ഒരിക്കലും എഴുതാത്ത ചിത്രകഥയിലെ കര്യാക്കോസ് എന്ന നായകൻ എന്നന്നേയ്ക്കുമായി തിരോഭവിച്ചു. പകരം ഹൃദയത്തിൽ ഒരുതരം ശാന്തത തളംകെട്ടി നിന്നു. മനസ്സിൽ ഒരുണർവ് തോന്നിയപ്പോൾ തലയിൽ കറുത്ത വസ്ത്രവും ധരിച്ച് വെള്ളയുടുപ്പുമിട്ട ദൈവത്തിന്റെ മണവാട്ടിയെയാണ് ഓർമ്മ വന്നത്.

# രണ്ടു ഗാനങ്ങൾ

—ഇടയാർ ഗോപാൽ
II P. D. C.

## ഒന്ന്

പൂജയ്ക്കെടുക്കാത്ത പുഷ്പങ്ങളേ
ആർക്കുവേണ്ടി നിങ്ങൾ കാത്തിരുന്നു....?
വാടിക്കരിഞ്ഞ മലരുകളേ
ആർക്കുവേണ്ടി നിങ്ങൾ മണംപൊഴിച്ചു....? (പൂജ....)
സുന്ദരനന്ദന പൂന്തോപ്പിൽ
നിങ്ങൾ വിടർന്നു സ്വപ്നവുമായ്....
സങ്കല്പത്തിൻ മണിയറയിൽ
ഞാനുറങ്ങി പ്രതീക്ഷയുമായ്.... (പൂജ....)
മണമില്ല, മധുവില്ല; വാടിക്കരിഞ്ഞുപോയ്
ഹൃദയത്തിൽ ഞാൻകണ്ട കനകക്കിനാക്കൾ
സ്വപ്നങ്ങളില്ലാ...പ്രതീക്ഷകളില്ലാ...
വാടിക്കരിഞ്ഞുഞാൻ നിങ്ങളെപ്പോൽ... (പൂജ....)

## രണ്ട്

പുതുപുഷ്പങ്ങളേ...സ്വർണ്ണമലരുകളേ....
സ്വർഗ്ഗീയസൗന്ദര്യ കന്യകളേ....
മധുരക്കിനാക്കളാൽ മഴവില്ലുനെയ്യുന്ന
സങ്കല്പറോജാ പുഷ്പങ്ങളേ... (പുതുപുഷ്പങ്ങളേ...)
എൻമണിമാരൻ എത്താറായ്
എൻമണിയറ അലങ്കരിക്കൂ—നിങ്ങൾ
വാസനപ്പൂമ്പൊടി തൂകൂ... (പുതുപുഷ്പങ്ങളേ...)
കരളിൽ നീലനിലാവുപൊഴിക്കും
ചൈത്രപൗർണ്ണമി രാവുകളിൽ
ഞങ്ങൾ മണിയറപൂകും
സ്വപ്നസിന്ധുവിൽ നീന്തും.... (പുതുപുഷ്പങ്ങളേ...)

ചെറുകഥ



# ചതുപ്പുനിലം

-എ. ജി. ശിവപ്രസാദ്
II P. D. C.

സൂര്യൻ അസ്തമിച്ചു. വെളിച്ചം അവ്യക്തമായി വരികയാണ്.

പ്രകൃതി നേരത്തെ കണ്ടതിനെക്കാൾ വിളറിയിരിക്കുന്നു.

തെരുവുവിളക്കുകൾ തെളിഞ്ഞു. കാറും ബസ്സും ഇരമ്പിപ്പായുന്നു. ഇടക്കിടയ്ക്കു ഭാരം കയററിയ ലോറിയും.

കടപ്പുറത്ത് ആളുകൾ വർദ്ധിച്ചു വരികയാണ്. പല വേഷക്കാർ, പല ഭാഷക്കാർ. കുട്ടികൾ പൂഴിമണ്ണിൽ ചിത്രങ്ങൾ വരക്കുന്നു.

ആകെപ്പാടെ അസ്വാഭാവികത കലർന്ന അന്തരീക്ഷം.

പ്രകൃതി കൂടുതൽ കൂടുതൽ ഇരുണ്ടുവരുന്നു. തണുത്ത കാററ് ആഞ്ഞുവീശി.

അന്തരീക്ഷം ശബ്ദായമാനമാണ്. പൊട്ടിച്ചിരികൾ, കൂക്കുവിളികൾ.

മഴയുടെ ഇരമ്പൽ. അതോ തോന്നലാണോ?

വല്ലാത്ത തലവേദന.... കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ.

ശരീരം വേദനിക്കുന്നു—ഓ തെററിപ്പോയി. ഹൃദയത്തിനാണല്ലോ മുറിവ്.

മുമ്പിലൂടെ ഒരു ലോറി ഇരമ്പിപ്പാഞ്ഞുപോയി.

ജീവിതം ഇതുപോലെ ഭാരവുംപേറിയുള്ള പാച്ചിലല്ലേ? അവിരാമമായ യാത്ര!

വാച്ചിൽനോക്കി. എട്ടുമണി കഴിഞ്ഞു. മനസ്സ് അസ്വസ്ഥമാണ്.

അവിചാരിതമായാണ് അവളെ കണ്ടുമുട്ടിയത്. അതും വർഷങ്ങൾക്കുശേഷം.

കാലം എന്തെന്തു മാററങ്ങൾ വരുത്തിയിരിക്കുന്നു!

എല്ലാം മറക്കാൻ ശ്രമിച്ചു. ഭാഗികമായി വിജയിക്കുകയും ചെയ്തു. പക്ഷെ........

ഹൃദയത്തോട് ഒട്ടിച്ചേർന്നിരുന്ന ഒന്നിനെ കാലം വേർപെടുത്തി. അതിന്റെ ആഘാതം ഇന്നും വിട്ടുമാറിയിട്ടില്ല. അണപൊട്ടിയ പുഴപോലെ ആനന്ദപ്രഹർഷങ്ങളുണർത്തുന്ന മധുരാനുഭൂതികളുടെ പനിനീർയമുന ഇന്നു വററിവരണ്ടിരിക്കുന്നു.

വർഷങ്ങൾക്കുമുമ്പ്........

കോളേജിലെ വാർഷികാഘോഷത്തോടനുബന്ധിച്ച് വാശിയേറിയ മത്സരങ്ങൾ നടക്കുന്നു.

വിജയിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നെങ്കിലും സ്റ്റേജിൽ കയറിയപ്പോൾ കാലുകൾ ഇടറി.

വിദൂരതയിലേക്കു നോക്കിക്കൊണ്ട് വീണയിൽ വിരലോടിച്ചു.

ഹാൾ നിശബ്ദമായി.

വീണയുടെ നേരിയ ശബ്ദമുയർന്നു...

ശോകത്തിന്റെ കണങ്ങൾ....!

ഒരു ദുരന്തത്തിന്റെ കഥ താളലയമായ ശബ്ദത്തോടെ അന്തരീക്ഷത്തിലുയർന്നു.

ശ്രോതാക്കളുടെ കണ്ണുകൾ ഈറനണിഞ്ഞു.

ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ആശ്വാസത്തോടെ ധൃതിയിൽ നടന്നു. ഒതുക്കുകല്ലു ചവിട്ടിയിറങ്ങുമ്പോൾ പിന്നിൽനിന്ന് ആരോ വിളിച്ചു.

'പ്രതാപ്'

'............'

തിരിഞ്ഞുനോക്കി. ബസ്സിൽവച്ചു പലപ്പോഴും കാണാറുള്ള പെൺകുട്ടി.

'കൺഗ്രാറ്റുലേഷൻസ്'

എന്തെങ്കിലും സംസാരിക്കണമല്ലോ എന്നുകരുതി പറഞ്ഞു: 'താങ്ക്സ്'

അവൾ ഹൃദ്യമായി ചിരിച്ചു.

'പേര്?'

'അംബിക'

വീണ്ടും എന്തോ പറയാൻ പ്രതാപിന്റെ ചുണ്ടുകൾ വെമ്പി —

കൈനഖം കടിച്ച്, ഉയർത്താത്ത മുഖത്തോടെ അവൾ നിന്നു; ചുണ്ടിൽ അറിയാതെ വിടർന്ന ചിരിയുമായി.

കനത്ത നിശ്ശബ്ദത....

അയാൾ തലയുയർത്തി. ഒപ്പം അവളും.

നാലു കണ്ണുകൾ ഇടഞ്ഞു!

ഒരു പുതിയ ബന്ധത്തിന്റെയാരംഭം!!

പ്രേമത്തിന്റെ പുതുമുകുളങ്ങൾ മന്ദം മന്ദം വികസിച്ചുവന്നു.

സന്ധ്യയുടെ അരണ്ട വെളിച്ചത്തിൽ സുവോളജിലാബിന്റെ നിഴലിൽ പറ്റിച്ചേർന്നു നിൽക്കുമ്പോൾ ഒരിക്കൽ പറഞ്ഞു:

'എനിക്കു ഒരു നിമിഷംപോലും പിരിഞ്ഞിരിക്കാൻ വയ്യ.'

അവളുടെ നീലിമയാർന്ന നയനങ്ങളിലേക്കു കൗതുകപൂർവ്വം നോക്കിക്കൊണ്ട് അയാൾ പറഞ്ഞു:

'നീ എന്നുമെന്നും എന്റേതായിരിക്കും.'

'പ്രതാപ്' സംഗീതസാന്ദ്രമായ സ്വരം.

അവളുടെ തുടുത്ത കവിളിലേക്കു നോക്കി പ്രതാപ് വിളിച്ചു:

'ഡാർലിംഗ്.'

ചുണ്ടുകൾ മെല്ലെ വിറയാർന്നു.

മുഖം ഉയർന്നു....

അവളുടെ നുണക്കുഴികളുള്ള മുഖംപിടിച്ചു ചുണ്ടോടടുപ്പിച്ചു.

'ഛെ, എന്തായിത്!

രാഗം'. അയാൾ തലതിരിച്ചു.

'പിണങ്ങിയോ'. ചോദ്യം.

'............'

ദിവസങ്ങൾ കടന്നുപോകുന്നു. നിർവൃതിയുടെ ദിവസങ്ങൾ.

തീയേറ്ററിൽ മുട്ടിയുരുമ്മിയിരിക്കുമ്പോൾ—ബീച്ചിലും പാർക്കിലും ഒരുമിച്ചു കഴിയുമ്പോൾ—

മണൽപ്പുറത്തുടെ കടൽക്കാറ്റേറ്റു നടക്കുമ്പോൾ—

ജീവിതത്തിന് അർത്ഥവും ആഴവും ഉള്ളതായി തോന്നി.

സ്വപ്നങ്ങൾക്കു മാധുര്യം.

അവളൊരു സ്വപ്നമായി; താനൊരു സങ്കല്പവും.

പൂർണ്ണേന്ദുവും മഴവില്ലും!

ദിവസങ്ങൾ.....മാസങ്ങൾ.......

കാലം അതിന്റെ ഗതി തുടർന്നു.

കോളേജ് അടയ്ക്കുന്ന ദിവസം ഹോസ്റ്റലിൽ ചെന്നു.

'ഇനി എന്നുകാണും?' അർത്ഥമില്ലാത്ത ചോദ്യം.

എന്തൊക്കെയോ പറയണമെന്നുണ്ട്.

ഒന്നും പറയാൻ തോന്നുന്നില്ല.

നീണ്ട അറുപതു ദിവസങ്ങൾ കഴിഞ്ഞേ ഇനി കാണാനാകൂ.

മൂകമായ നിമിഷങ്ങൾ........

അംബിക മുഖമുയർത്തി. കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

'വീട്ടിൽ ചെന്നാലുടൻ കത്തിടാം'

അവൾ ഒന്നും മിണ്ടിയില്ല.

നിമിഷങ്ങൾ നീങ്ങിയപ്പോൾ അയാൾ തിരിഞ്ഞുനടന്നു.

അപ്പോൾ പുറകിൽ ഏങ്ങലടികൾ ഉയർന്നു.

അവൾ കത്തയക്കുമെന്നു പ്രതീക്ഷിച്ചു. കിട്ടിയില്ല.

ദിവസങ്ങൾക്കുശേഷം അയാൾ കത്തെഴുതി. മറുപടി കാത്തിരുന്നു.

ഹൃദയം അഭിലാഷങ്ങളുമായി സുന്ദരസ്വപ്നങ്ങളുടെ താഴ്‌വരയിൽ അലയുകയായിരുന്നു. മോഹങ്ങൾ മാത്രം ജീവിതസങ്കല്പങ്ങളിൽ നിറഞ്ഞുനിന്നു. പക്ഷെ....

പുറത്ത് ഇണപ്രാവുകളുടെ ചിത്രമുള്ള ഇൻവിറ്റേഷൻ കാർഡു കിട്ടിയപ്പോൾ നിമിഷങ്ങളോളം മരവിച്ചിരുന്നുപോയി.

'മിസ്റ്റർ ആൻഡ് മിസ്സിസ് കെ. എൻ. നായർ റിക്വസ്റ്റ് ദി പ്ലഷർ ഓഫ് യുവർ പ്രസൻസ് വിത്ത് ഫാമിലി ഓൺ ദി ഒക്കേഷൻ ഓഫ് ദി മാര്യേജ് ഓഫ് ദെയർ ഡോട്ടർ അംബിക വിത്ത്........

കണ്ണാടിമാളികകൾ പൊട്ടിച്ചിതറുന്നു. കളിവീടുകൾ തട്ടിത്തകരുന്നു.

പരിമള പുഷ്പങ്ങൾ ഇതളറ്റു വീഴുന്നു.

ഉറക്കംവരാത്ത കണ്ണുകളുമായി അസ്വസ്ഥമായ നിമിഷങ്ങൾ തള്ളിനീക്കുമ്പോൾ ചുട്ടുപഴുത്ത ചിമ്മിനിയിൽ വെള്ളത്തുള്ളികൾ തളിക്കുന്ന അനുഭവമായിരുന്നു ഹൃദയത്തിന്. ദിവസ്സങ്ങളുടെ പ്രയാണത്തിൽ മനസ്സിന്റെ സമനില വീണ്ടെടുക്കാൻ തനിക്കു കഴിഞ്ഞു.

തന്റെ ആത്മാവിന്റെ നിഴൽപ്പാടുകളിൽപ്പോലും അലിഞ്ഞുചേർന്നവളുടെ കഴുത്തിൽ മറ്റൊരുവൻ മിന്നുകെട്ടിയപ്പോൾ ജീവിതത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ചും നൈമിഷിക വികാരംമാത്രം പകർന്ന ഹൃദയബന്ധങ്ങളെക്കുറിച്ചും പ്രതാപ് [illegible] ചിന്തിച്ചു.

അവളോടൊപ്പം നിൽക്കുന്ന യുവാവിനെ പ്രത്യേകം ശ്രദ്ധിച്ചു. വൈറ്റ് പാൻറ്സും ടർലിൻ ഷർട്ടും ധരിച്ചു നിൽക്കുന്ന അയാൾ സുന്ദരനാണ്.

'ഇതാണ് പ്രതാപ്. കോളേജിലെ ഏറ്റവും നല്ല ഗായകൻ'

പഴയ കാമുകനെ ഭർത്താവിനു പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ അവളുടെ മുഖം വിളറിയിരുന്നു. അയാൾ ചിരിച്ചുകൊണ്ടു തന്റെ കൈ പിടിച്ചു കുലുക്കി

'അംബിക ഇദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തി തന്നില്ലല്ലോ?'

അവൾ മുഖം കുനിച്ചു നിന്നു.

'ഐ വിൽ ഇൻട്രഡ്യൂസ് മൈസെൽഫ്. അയാം മിസ്റ്റർ വേണുഗോപാൽ, ദി ഹസ്ബെൻഡ് ഓഫ് ഫോർമർ മിസ് അംബിക'. അയാൾ പതുക്കെ പറഞ്ഞു.

താനും അവളും അയാളും ഒപ്പം ചിരിച്ചു. തന്റെ ചിരി മാത്രം കൃത്രിമമായിരുന്നു.

ഓ മിസ്റ്റർ പ്രതാപ്, ടെയിക്ക് യുവർ സീറ്റ്''

അയാൾ തന്നെ മുമ്പോട്ടു നയിച്ചു.

അവൾ മാത്രം വിളറിയ മുഖവുമായി നിന്നു.

ഹാളിൽ പരിചിതമായ നിരവധി മുഖങ്ങൾ കണ്ടു. പഴയ അന്തരീക്ഷത്തിലേയ്ക്കു തിരിച്ചുവന്നതായി ഒരു തോന്നൽ.

രാധാകൃഷ്ണൻ, സണ്ണി ലൂക്കോസ്, എമ്മാനുവൽ, ലൈലാ ജോസഫ്, ശൈലജ, പ്രഭ........

ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം ശ്രദ്ധിച്ചു. എല്ലാവർക്കും മാററങ്ങൾ സംഭവിച്ചിരിക്കുന്നു.

എന്നാൽ തനിക്കുമാത്രം....?

പനിനീരിൽ കുഴകി, മഴവില്ലിൽ ഉടച്ച്, നിലാവിൽ പൊതിഞ്ഞ പ്രതീക്ഷകളും, നഷ്ടപ്പെട്ടുപോയ വസന്തത്തിന്റെ ഊഷ്മളമായ അന്തർധാരകളും മാത്രം മനസ്സിൽ സൂക്ഷിക്കുന്ന തനിക്ക് എന്തുമാററം വരുവാനാണ്?

'ഹലോ! കമോൺ പ്രതാപ്'

തോമസ് വിളിച്ചപ്പോൾ എല്ലാവരും തന്നെ ശ്രദ്ധിച്ചു. നാരായണനും പ്രഭയും മാത്രം അടക്കിച്ചിരിച്ചു.

ഡിന്നർ തുടങ്ങിയിട്ടു കുറച്ചു സമയമായെന്നു തോന്നുന്നു. എല്ലാ പ്ലെയിറ്റുകളും ഒഴിയാറായിരിക്കുന്നു. സപ്ലെയർ പ്രതാപിന്റെ മുമ്പിൽ പ്ലെയിറ്റുകൾ നിരത്തി.

വരാന്തയുടെ അരികിൽ നിൽക്കുന്ന അംബികയെയും ഭർത്താവിനെയും അപ്പോഴും വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നു.

കടും ചുവപ്പാർന്ന സാരിയും ഇറുകിയ ബ്ലൗസ്സും ധരിച്ചുനിൽക്കുന്ന അവൾ പൂർവ്വാധികം സുന്ദരിയാണെന്നുതോന്നി. ഹൃദയത്തിന്റെ അന്തർഭാഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന കിന്നരകന്യകയെ സ്വപ്നത്തിലെന്നവണ്ണം മാത്രമേ ഇപ്പോൾ കാണാൻ കഴിയുന്നുള്ളു.

അംബികയുമായി അയാൾക്കുള്ള ബന്ധം കോളേജിൽ എല്ലാവർക്കും അറിയാമായിരുന്നു. ഭിത്തികളിലെല്ലാം അതിന്റെ അറിയിപ്പുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

അംബിക ഈക്വൽസ് പ്രതാപ്.

'ഇനി ദുഃഖിച്ചിട്ടു കാര്യമില്ല പ്രതാപ്'

തങ്കമണി പറഞ്ഞപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. അയാളുടെ വിളറിയ ചുണ്ടുകളിലും ദുഃഖത്തിൽ പൊതിഞ്ഞ മന്ദഹാസം പരന്നു.

എല്ലാവരും ഇരിപ്പിടത്തിൽനിന്ന് എണീറ്റു. കൂട്ടുകാരുടെ പിന്നാലെ ഏററവും പിമ്പിലായി അയാളും നടന്നു. അംബികയും ഭർത്താവും അവരെ യാത്രയയക്കുവാൻ നിൽപ്പുണ്ടായിരുന്നു.

യാത്ര പറഞ്ഞിറങ്ങുമ്പോൾ കദനത്തിന്റെ തിരിപൊലിഞ്ഞ താലവും പതവററിയ പാനപാത്രവുംമാത്രം ജീവിതത്തിൽ അവശേഷിച്ച അയാൾ പറഞ്ഞു.

'വിഷ് യു എ ഹാപ്പി മാര്യേഡ് ലൈഫ്'

കത്തിയെരിയുന്ന ചിന്തകളുടെ തീപ്പന്തം വീണുരുകിയ മനസ്സുമായി അയാൾ ഇറങ്ങി.

അപ്പോഴും അവളുടെ വിളറിയ മുഖം കണ്ടു.

# സാമൂഹ്യ സംഘടനകളുടെ ആവശ്യകത

—കെ. ഒ. കര്യൻ
I P. D. C.

മതസംബന്ധമായും സാമൂഹ്യമായുമുള്ള സംഘടനകളുടെ ആവശ്യകതയെപ്പററി ഒരിക്കൽ ഒരു മഹാൻ പറഞ്ഞിരിക്കുന്നതു്; 'ലോകം ആസകലം കമ്പികൊണ്ടു യോജിപ്പിക്കുന്നതുപോലെ സംഘടനകൾ മുഖേന എല്ലാ ജനങ്ങളെയും യോജിപ്പിക്കണം' എന്നാണു്. അടുത്തടുത്തു കമ്പിക്കാലുകൾ നാട്ടുന്നതുപോലെ സാമൂഹ്യമോ മതസംബന്ധമോ ആയ സംഘടനകൾ അടുത്തടുത്തുണ്ടാക്കണം. ഈ കാലുകളെ കമ്പികൊണ്ടു യോജിപ്പിക്കുന്നതുപോലെ ഈ സംഘടനകളെ വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കുന്ന വിശേഷബുദ്ധികൊണ്ടു ഘടിപ്പിക്കണം. ഈ സംഘടനകൾകൊണ്ടു് മനുഷ്യരിൽ ഐകമത്യവും തന്മൂലം ലോകാഭിവൃദ്ധിയും ഉണ്ടാകുമെന്നായിരുന്നു ആ മഹാന്റെ അഭിപ്രായം. എന്നാൽ ഇതുപോലുള്ള സംഘടനകൾകൊണ്ടു യോജിപ്പല്ല; ഭിന്നിപ്പാണു കാലാനുഗതമായി വളർന്നുകാണുന്നതു്.

സാമൂഹ്യസംഘടനകളും, മതസംഘടനകളും മനുഷ്യപുരോഗതിക്കു സഹായകങ്ങളാവേണ്ടവയാണു്. എന്നാൽ ഇവയിൽ ചില ദോഷവശങ്ങൾ കടന്നുകൂടിയതുകൊണ്ടു് അവ ജനതയുടെ നന്മക്കു് ഘടകവിരുദ്ധമായാണു് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഉദ്യോഗങ്ങളെ പങ്കുവയ്ക്കുന്നതിനും, നിയമസഭകളിലും മററുന്നതസ്ഥാപനങ്ങളിലും പ്രാതിനിധ്യം ലഭിക്കുന്നതിനുംമററുമാണു് നമ്മുടെ ചുററുപാടുമുള്ള സംഘടനകൾ യത്നിക്കുന്നതു്. അഭൗമമായ ഒരു ശക്തിവിശേഷമാണു് സംഘടനകൾവഴിയായി നമുക്കു ലഭിക്കുന്നതു്. എന്നാൽ ആ ശക്തിയെ നമ്മൾ ഇങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു് ഏററവും ആക്ഷേപാർഹമാണു്. ഭാരതീയരായ നമ്മിലെല്ലാം ഐകരൂപ്യമുണ്ടാക്കണമെന്നലക്ഷ്യം മിക്ക സംഘടനക്കുമില്ല എന്നുള്ളതാണു് ഈ ദുഃസ്ഥിതിയുടെ മൂലകാരണം.

അന്യസംഘടനയെ ദുഷിക്കുക എന്നതു് സംഘടനാസേവനമായി ചിലർ കണക്കിലെടുക്കുന്നുണ്ടു്. ഒരുപക്ഷെ ഈ മനോഭാവത്തോടെയല്ല പ്രവർത്തിക്കുന്നതെങ്കിൽ തന്നെ, ഒരു നല്ല വിഭാഗം ജനതയുടെ പ്രവർത്തനം കാണുമ്പോൾ ഇതു പറയാതിരിക്കുവാൻ നിവ്വാഹമില്ല.

സാമൂഹ്യസ്നേഹമോ, മതസഹിഷ്ണുതയോ ഇല്ലാതെ വേറൊരുവിഭാഗം സ്വാർത്ഥലാഭത്തിനു മാത്രമായി സാമൂഹ്യകാര്യ

ങ്ങളിലും മതകാര്യങ്ങളിലും ഏർപ്പെടുന്നു. പരിതഃസ്ഥിതികൾ മാറുമ്പോൾ സമുദായസേവനത്തിലും, മതസേവനത്തിലും കാലാനുഗതമായ മനുഷ്യപുരോഗതിക്കാവശ്യമായ മാററങ്ങൾ ഉണ്ടാക്കേണമെന്ന അടിസ്ഥാനതത്വത്തെ കൂടുതൽപേരും വിസ്മരിച്ചു പോകുകയാണു്. ഇതുകൊണ്ടു് ഈവക സംഘടനകൾ മനുഷ്യവർഗ്ഗത്തിന്റെതന്നെ മുമ്പോട്ടുള്ള പുരോഗതിയെ തടയുന്നതേയുള്ളു.

ഒരു കുറച്ചുകൊല്ലങ്ങൾക്കു മുമ്പുവരെ കേരളത്തിലെ മിക്ക സമുദായങ്ങൾക്കും ഒരു പുരോഗതിയുമുണ്ടായിരുന്നില്ല. അന്നത്തെ സമുദായസേവനവും ഇന്നത്തെ സമുദായസേവനവുംതമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. അന്നു് ഉറങ്ങിക്കിടന്നിരുന്ന സമുദായങ്ങളെ ഉണർത്തേണ്ട സ്ഥിതിവിശേഷമായിരുന്നുണ്ടായിരുന്നതു്. ചില പ്രത്യേക ഗുണം കിട്ടുമെന്നുംമററും പറഞ്ഞു് സമുദായ അംഗങ്ങളെ ആകർഷിച്ചു് അവരെ വിദ്യാഭ്യാസത്തിലേയ്ക്കുംമററും കൊണ്ടുവരേണ്ടിയിരുന്നു. എന്നാൽ ഇന്നു് വിദ്യാഭ്യാസത്തിന്റെ ഗുണവിശേഷങ്ങൾ പറഞ്ഞു് അതിലേയ്ക്കായി സമൂഹത്തിലെ വ്യക്തികളെ പ്രേരിപ്പിക്കേണ്ട ആവശ്യം മിക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. ഹരിജനങ്ങൾ മുതലായ ചില ജനസമൂഹമല്ലാതെ മററു സമുദായങ്ങളെല്ലാംതന്നെ നവീനപരിഷ്കാരത്തിലേയ്ക്കു വന്നുകഴിഞ്ഞിരിക്കുന്നു. ഭാരതീയരെല്ലാം ഒന്നാണെന്നുള്ള ആ ഉൽകൃഷ്ട ചിന്തയിലേയ്ക്കാണു് എല്ലാ സമുദായങ്ങളെയും കൊണ്ടുവരുവാനുള്ളതു്. എന്നാൽ ഇതിന്റെ ആവശ്യകതയെപ്പററി ആരെയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. ഭാരതത്തിന്റെ ശ്രേയസ്സു് നമ്മുടെ ഐക്യത്തിൽ മാത്രമാണു നിക്ഷിപ്തമായിരിക്കുന്നതു് എന്ന പരമാർത്ഥം ഇനിയും അധികം പേരും അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. എല്ലാ സംഘടനകളുടെയും മുഖ്യമായ ലക്ഷ്യം ഈ ഐക്യപ്രാപ്തിയായിരിക്കണം. ഈ ഐക്യമനോഭാവം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗമെന്താണു്.?

മററു സമുദായങ്ങൾക്കു് ഉപദ്രവകാരിയായി പ്രവർത്തിക്കുക എന്നതു് ചില സമുദായങ്ങളുടെ പ്രത്യേകതയാണു്. ഇതു് ഇല്ലായ്മ ചെയ്യണം. ഈശ്വരാരാധനയെ സംബന്ധിച്ചുള്ള വിഭാഗീയ ചിന്താഗതി മാറണമെങ്കിൽ ജാതിയും ജാതിക്കകത്തു ജാതിയും, എന്നുള്ള മനോഭാവം വിട്ടിട്ടു് നാം ഉറന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനു വേണ്ടി ഇനിയും നാം പണിയെടുക്കണം. സർവ്വവ്യാപിയായ ദൈവത്തെ എല്ലാവർക്കും എല്ലായിടത്തും ആരാധിക്കാം എന്ന അവസ്ഥ ഉണ്ടാകണം. ഒരു പഴമൊഴിയുണ്ടു്, 'പാകംചെയ്യുന്നതാരായാലും വേണ്ടില്ല; വൃത്തിയായി പാകംചെയ്തതു് എല്ലാവർക്കും ഭക്ഷിക്കാം.'

ജനനമോ മതപരിവർത്തനമോ ആരുടെയും സ്വാതന്ത്ര്യത്തിനു ഹാനി ഉണ്ടാക്കുന്നതല്ല. ഹരിജനങ്ങളെപ്പോലെ താഴ്ന്ന നിലയിൽ സ്ഥിതി ചെയ്യുന്ന ഒരു സമൂഹത്തെ നല്ല നിലയിലെത്തിയിട്ടുള്ള മററു സമൂഹങ്ങളോടൊപ്പം ഉയർത്തുവാൻ വേണ്ടി നല്ലനിലയിൽ പ്രവർത്തിക്കുന്ന പുരോഗമനസംഘടനകൾ രംഗത്തു വരേണ്ടതാണു്.

ഭാരതത്തിൽ നിവസിക്കുന്ന അനേകകോടി ജനസഞ്ചയത്തെ ഭാരതത്തിന്റെ പുരോഗതിയെ കാംക്ഷിക്കുന്ന ജനതയാക്കി മാററുക എന്ന ലക്ഷ്യത്തോടുകൂടിയല്ലാത്ത പ്രവർത്തി ഒരന്ധനു് മറെറാരന്ധൻ വഴികാണിച്ചുകൊടുക്കുന്നതുപോലിരിക്കും. ഒരു വലിയ തടി ഒരു സ്ഥലത്തുനിന്നും വലിച്ചുകൊണ്ടു പോകണമെന്നിരിക്കട്ടെ. നാലു വ

ശത്തെല്ലാം കയറുകളാൽ വലിക്കുവാൻ മാർഗ്ഗമുണ്ടാക്കിയെങ്കിലും ഒരു കൂട്ടർ തെക്കോട്ട് വലിക്കുമ്പോൾ മറ്റു ചിലർ വടക്കോട്ടായിരിക്കും വലിക്കുക. ഇതിനിടയിൽ ചിലർ കിഴക്കോട്ട് വലിക്കും, ബാക്കിയുള്ളവർ പടിഞ്ഞാറോട്ട് വലിക്കും. ഇങ്ങിനെ വലിച്ചാൽ എത്രകാലം വലിച്ചാലും തടി എത്തേണ്ടിടത്ത് ഒരിക്കലും എത്തുകയില്ല. ഇതുപോലെയാണ് നമ്മുടെ ഇടയിൽ ഇന്ന ജാതിയുടെ പേരിലും മതത്തിന്റെ പേരിലും ജനങ്ങൾ ശബ്ദകോലാഹലങ്ങൾ സൃഷ്ടിച്ച് ഭിന്നിച്ചുനിൽക്കുന്നത്. ഇതിൽ മിക്കവരും ആധുനിക വിദ്യാസമ്പത്തിന്റെ ഉച്ചകോടിയിലെത്തിയിട്ടുള്ളവരാണ്. നമ്മുടെ സാമൂഹ്യസേവനങ്ങളും മതസേവനങ്ങളും എല്ലാം ഭാവി തലമുറയ്ക്കുപകാരപ്രദമായിത്തീരണമെങ്കിൽ നമ്മുടെ സങ്കുചിത മനഃസ്ഥിതിയെ ഉപേക്ഷിക്കണം.

ഭാരതീയരായ നമ്മളിൽ ഏകാഭിപ്രായമാണ് ഇന്നുണ്ടാകേണ്ടത്. ഇതിനു വേണ്ടി ഏതു സമുദായക്കാരനും ഏതു ജാതിക്കാരനും എന്തു ത്യാഗം ചെയ്യുന്നതിനും സഹിക്കുന്നതിനും സന്നദ്ധമാകണം. ആർഷഭാരതസംസ്കാരത്തിന്റെ ശിഥിലീകരണത്തിനു നിദാനമാകുന്ന ഏതു സാമൂഹ്യസേവനവും, ഏതു മതസേവനവും പരിത്യജിക്കണം. പണ്ടുണ്ടായിരുന്ന പ്രശസ്തിയെ വീണ്ടും ഭാരതത്തിനു കൈവരുത്തണമെങ്കിൽ നമ്മുടെ മുഖ്യലക്ഷ്യം ഐക്യബോധസമ്പാദനമായിരിക്കണം. സേവന സന്നദ്ധതയും മതസഹിഷ്ണുതയും കൈമുതലുള്ള ഇന്നത്തെ യുവതലമുറകൾ ഇതിനായി അരയും തലയും മുറുക്കി രംഗത്തു വരേണ്ടകാലം അതിക്രമിച്ചിരിക്കയാണ്.

നിരർത്ഥകമായ ജാത്യാഭിമാനം പോകട്ടെ! നാം എല്ലാം ഭാരതാംബികയുടെ സന്താനങ്ങളാണെന്നുള്ള ധീരമായ ബോധമുണ്ടാവട്ടെ! ഉൽകൃഷ്ട വിഷയങ്ങളിൽ ജനങ്ങൾ പാശ്ചാത്യരെ അനുകരിക്കട്ടെ! ഐകമത്യം വിലസട്ടെ! സ്വാർത്ഥത നശിക്കട്ടെ!!

---

തന്റെ കാര്യം നോക്കുന്നവരല്ല അയൽക്കാരന്റെ താല്പര്യം അവഗണിച്ചു തള്ളുന്നവരാണ് സ്വാർത്ഥമതികൾ.

—വാട്ട്ലി

# ഐ. ആർ. എയ്റ്റ്

പൊരിയും വയറിന്റെ കഥയോർത്തുവല്ലാതെ
കരയാതെ, കേരള മങ്കയാളെ!

നിൻ കണ്ണിൽനിന്നുമടർന്ന ചുടുകണ്ണുനീർ
കനിവോടെ പാർത്തല്ലോ വിശ്വനാഥൻ.

കരയിലും പാടത്തും തങ്കത്തിൻനിറമാളും
പരിചിൽ വിരിച്ചല്ലോ 'ഐആറെട്ട്''.

ബ്ലോക്കിന്നുടയോനും ജില്ലാകളക്ടറും
ബാക്കിമേലാളന്മാരെല്ലാവരും

ഐ. ആർ. എയ്റ്റിന്റെ വിളവെടുക്കാനായി
തയ്യാറായ് വന്നെന്നു കേട്ടുവല്ലോ!

ആററിന്നക്കരെ നിന്നുകൊണ്ടമ്മിണി
ആറേഴുകൂട്ടരെ കൈമാടി

'ഐ. ആർ. എട്ടിന്നു കൊയ്ത്താണിക്കരെ
കൊയ്യാൻപോരുന്നോ കൂട്ടുകാരെ''

അത്ഭുതസ്തബ്ധനായ് നിന്നില്ലയെങ്കിലു-
മർക്കനൊടിക്കിടെയെത്തിനോക്കി

അഴകുള്ളകൈയ്കളിലരിവാളെടുത്തപ്പോ-
ളവരുടെ കൈവള വീണമീട്ടി.

ചെവിയിലൊരീരടി മന്ത്രിച്ചുമന്ത്രിച്ചു
പവനനാനെന്മണിക്കമ്മവച്ചു.

അവികലാനന്ദമൊരായിരം വട്ടമാ-
പവിഴക്കതിർക്കുലയേററുപാടി

'പൊരിയും വയറിന്റെ കഥയോർത്തുവല്ലാതെ
കരയാതെ, കേരളമങ്കയാളെ!

ററി. ജെ. തോമസ്

I P. D. C.

വിനോദം

# എന്റെ അരങ്ങേററം

—ജോസ് കെ. കമ്പളവേലിൽ
II P. D. C.

'ഗതികെട്ടാൽ പുലി പുല്ലും തിന്നും' എന്നു പണ്ടാരാണ്ടോ പറഞ്ഞതുപോലെയാണ് ഞാൻ ഡ്രമാററിക്ക് ക്ലബ്ബിൽ ചേർന്നതു്. കോളേജിൽ ചേർന്നപ്പോൾതന്നെ കീർത്തി സമ്പാദിക്കണമെന്നുള്ളതായിരുന്നു എന്റെ ആഗ്രഹം. അതിനു ഞാൻ പല മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കുകയും ചെയ്തു.

'ഒരു സാഹിത്യക്കടിൽ വ്യവസായം' നടത്തി കീർത്തി നേടാനാണ് ഞാൻ ആദ്യമായി ശ്രമിച്ചതു്. ഈ കേരളക്കരയിലുള്ള സകല പത്രക്കാർക്കും ഞാൻ കഥകളും ലേഖനങ്ങളും മററും അയച്ചുകൊടുത്തു. പക്ഷെ ഒററ ഒരുത്തൻപോലും അതു പ്രസിദ്ധീകരിച്ചില്ല. അതോടുകൂടി എന്റെ ആ വ്യവസായം 'ലിക്വിഡേഷനിലായി'. എന്നാൽ ഒരു നല്ല സ്പോർട്ട്സ്മേൻ ആയി പേരെടുക്കാം എന്നു ഞാൻ നിശ്ചയിച്ചതാണ്. 'പക്ഷെ ഒരു നീർക്കോലി'യെപ്പോലെ വണ്ണാകറഞ്ഞു ശോഷിച്ച എനിക്ക്, നടക്കുമ്പോൾ ചുഴലിദീനക്കാരനെപ്പോലെ രണ്ടുമൂന്നുതവണയെങ്കിലും വീഴത്തക്ക ആരോഗ്യമാണ് ഈശ്വരൻ നല്കിയിട്ടുള്ളതു്. അതുകൊണ്ടു് ഞാൻ അതിൽനിന്നും പരാജയം സമ്മതിച്ചു് വിജയകരമായി പിന്മാറി.

പല പേരുകേട്ട ഒഴപ്പന്മാരെപ്പററിയും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഒരു ഒഴപ്പനായി കീർത്തിനേടാമെന്നു് കരുതി ക്ലാസ്സിൽ അൽപ്പമൊന്നു കൂവിനോക്കി. അതുകൊണ്ടു് മൂന്നുനാലാഴ്ച കോളേജിനു പുറത്തുകൂടി നടക്കേണ്ട ഒരു ഗതികേടുണ്ടായി എന്നു മാത്രം.

ഓറററി ക്ലബ്ബ്, മ്യൂസിക്ക് ക്ലബ്ബ്, ഡ്രമാററിക്ക് ക്ലബ്ബ് എന്നിങ്ങനെ പല സ്ഥാപനങ്ങളിൽകൂടി പേരുകേട്ടവരായി തീർന്ന പലരെയും എനിക്കറിയാം. നാലാളെ ഒരുമിച്ചുകണ്ടാൽ തുള്ളൽപ്പനിക്കാരനെപ്പോലെ വിറക്കുന്ന എനിക്ക് ഓറററി ക്ലബ്ബിന്റെ കാര്യമോർത്തപ്പോൾതന്നെ ഉള്ളിലൊരു കിടിലം! പിന്നെ ഒരു നല്ല ഗായകനാണെന്നഭിമാനിക്കുന്നുണ്ട് ഞാനെങ്കിലും മ്യൂസിക് ക്ലബ്ബ് ഭാരവാഹികൾ അരസികരായതുകൊണ്ടു് അവിടെയും നമുക്ക സ്ഥാനമില്ല.

ഡ്രമാററിക് ക്ലബ്ബിന്റെ കാര്യമോർത്തപ്പോഴാണ് എനിക്ക് അൽപ്പമൊരാശ്വാസം തോന്നിയതു്. പക്ഷെ ആ 'കന്നത്തി

ത്' ചേരണമെങ്കിൽ ഒരു ഭാഗമെങ്കിലും അഭിനയിച്ചു കാണിക്കണമത്രേ! ഏതായാലും ഞാൻ ധൈര്യപ്പെട്ടു. 'സ്റ്റേജിൽ കയറുമ്പോഴും സഭാകമ്പമുണ്ടാകുന്ന ഒരു പ്രാസംഗികന്റെ ഭാഗമാണ് ഞാൻ അഭിനയിക്കാൻ പോകുന്നതു്'' എന്നു ആമുഖമായി ഞാൻ പ്രസ്താവിച്ചു. കാററിലാടുന്ന ഒരു ഇലയെപ്പോലെ ഞാൻനിന്നുവിറച്ചുപോയി. മുട്ടുകൾ തമ്മിൽ കൂട്ടിയിടിക്കുന്നു.

ഞാൻ പ്രസംഗം തുടങ്ങി.

പ്രി............പ്രി.........യപ്പെട്ടവരെ ഞാ........ൻ രണ്ടുവാക്കു.............സ........ സംസാ....രി........

തീർന്നു. പെട്ടോം തീർന്നിരിക്കുന്നു. ദൈവാനുഗ്രഹംകൊണ്ടു് സദസ്യരുടെ കൂക്കുവിളി മുഴങ്ങിയതിനാൽ എനിക്കു തുടരേണ്ടിവന്നില്ല. അങ്ങനെ വീണതു് വിദ്യയാക്കിയതുകൊണ്ടാണ് ഞാൻ ഡ്രമാററിക് ക്ലബ്ബിൽ അംഗമായതു്.

ഏതോ ഒരു അസോസിയേഷന്റെ മീററിംഗ് പ്രമാണിച്ച് ഒരു ഏകാങ്കം അവതരിപ്പിക്കാൻ പ്ലാനിട്ടിരിക്കുകയാണ്. എന്നെ വിവരമറിയിച്ചതു് സെക്രട്ടറിയാണ്. നാടകത്തിൽ അഭിനയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയൊന്നുമല്ല ഞാൻ ക്ലബ്ബിൽ ചേർന്നതു്. ഒടുവിൽ ഫോട്ടോ എടുക്കുമ്പോഴും കയറിനിന്നാൽ പേരു പുറത്താകുമല്ലോ എന്നേ ഞാൻ കരുതിയുള്ളു. പക്ഷെ പണ്ടത്തെ അഭിനയപാടവം കണ്ടിട്ടായിരിക്കണം അഭിനയിക്കണമെന്നു് സെക്രട്ടറി എന്നെ നിർബന്ധിക്കുന്നതു്.

ഏതായാലും മനസ്സില്ലാ മനസ്സോടെ ഞാൻ നാടകത്തിൽ ചേർന്നു. നാടകത്തിനു ഒരു ദിവസംകൂടിയേ ഉള്ളു. റിഹേഴ്സലുകൾ പലതു കഴിഞ്ഞു. അപ്പോഴാണ് സെക്രട്ടറി ഒരു കാര്യം പറഞ്ഞതു്. മേക്കപ്പുകാരന്റെ കാര്യംകൂടി ഞാനന്വേഷിക്കണംപോലും! ഞാൻ അതിനു സമ്മതിച്ചു. ഒരു കാര്യത്തിനിറങ്ങിയാൽ പിന്നെ അതുമിതും നോക്കിയിട്ടു കാര്യമില്ല. 'നനച്ചിറങ്ങിയാൽ കുളിച്ചുകയറുക' എന്നാണല്ലോ പഴമൊഴി.

എന്റെ വീട്ടിൽനിന്നും ഏതാണ്ടു് ഒരു നാഴിക അകലെയാണ് മേക്കപ്പുകാരന്റെ താമസം. അയാളെക്കണ്ടു ഞാൻ വിവരമെല്ലാം പറഞ്ഞു. അനുവരുന്ന കാര്യം പരുങ്ങലിലാണെന്നാണ് അയാളുടെ നിലപാട്. ഒടുവിൽ അയാൾ ഒരു കാര്യം ചെയ്യാമെന്നു സമ്മതിച്ചു.

മേക്കപ്പിനു വേണ്ട സാധനങ്ങൾ അയാൾ തന്നയക്കാമെന്നു്. ഞാനയാൾക്കു കൃതജ്ഞത പറഞ്ഞു. സെക്രട്ടറി എന്റെ കയ്യിൽ തന്ന ലിസ്റ്റ് ഞാൻ അയാളെ ഏല്പിച്ചു. ലിസ്റ്റ് അനുസരിച്ചുള്ള സാധനങ്ങൾ അയാൾ എടുത്തുവച്ചു. സ്ത്രീവേഷം ഒന്നു്, സന്യാസിയുടെ വേഷം ഒന്നു്, മററു മൂന്നു വേഷങ്ങൾ ഇതായിരുന്നു ലിസ്റ്റിലെ സാധനങ്ങൾ. സ്ത്രീക്കു വേണ്ട ടോപ്പും സന്യാസിക്കുവേണ്ട താടിമീശയും ഒരു തലയോട്ടും ഒക്കെ എടുത്തു സഞ്ചിയിലാക്കി. ഇതിൽ സന്യാസിയുടെ വേഷമാണ് എനിക്കു തന്നിരിക്കുന്നതു്. തലയോട് ഉപയോഗിച്ച് മന്ത്രവാദം നടത്തുന്ന ഒരു രംഗമുണ്ടു് സന്യാസിക്കു്.

സ്ത്രീപാർട്ടിനുവേണ്ടി ഒരു മാലയും രണ്ടു മൂന്നു മോതിരവും വേണം. മാലയും മോതിരവും വീട്ടിൽ പെട്ടിയിൽ ഇരിപ്പുണ്ടു്. പക്ഷെ അതെടുക്കുന്നതു് വീട്ടിൽ ആരെങ്കിലും കണ്ടാൽപ്പിന്നെ ഞാനന്നു കോളേജിലേയ്ക്കു പോകണ്ട. വർഷങ്ങൾക്കു മുമ്പു് ഞാൻ എസ്. എസ്. എൽ. സി. ക്കു

പൊട്ടിയപ്പോഴും ചേട്ടത്തിയുടെ വാച്ചുമെടുത്തുകൊണ്ടു് വീട്ടിലാരുമറിയാതെ ഒരു സക്കിട്ട പോയതു് ആരും മറന്നുകാണുകയില്ല. അപ്പോഴും മാലയും മററും എടുക്കുന്നതു കണ്ടാൽ വെറുതെ വിടുമോ? 'എന്തുവന്നാലും വന്നോട്ടെ' എന്ന മട്ടിൽ ആരും കാണാതെ പെട്ടി തുറന്നു് ഞാൻ മാലയും മോതിരവും എടുത്തു. അതും സഞ്ചിയിലാക്കി. മണി പത്തായിരിക്കുന്നു. ഞാൻ വളരെ ധൃതിയിൽതന്നെ കോളേജിലേയ്ക്കു നടന്നു. വീട്ടിൽനിന്നും മൂന്നു മൈലുണ്ടു് കോളേജിലേയ്ക്കു്. കോളേജിലെത്തി സഞ്ചി ഞങ്ങളുടെ കഥാനായകനെ തന്നെ ഏല്പിച്ചു.

അന്നു വൈകിട്ടാണു് മീററിംഗ്. അതിനുശേഷം നാടകവും. മീററിങ്ങിന്റെ സമയത്തു ഞങ്ങളും അണിയറയിൽ മേക്കപ്പു നടത്തുകയാണു്. സ്ത്രീപാർട്ടുകാരൻ ഒന്നരയിഞ്ചു ഘനത്തിൽ മുഖത്തും ദേഹത്തും പൗഡറിടുന്നു. മുഖത്തു മീശ വച്ചു പിടിപ്പിക്കുന്ന ഭയങ്കരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കയാണു ഞാൻ.

മീററിങ്ങു കഴിഞ്ഞു. നാടകം തുടങ്ങണമെന്നു് സദസ്യരിൽ നല്ലൊരു ഭാഗം വിളിച്ചു പറയുന്നുണ്ടു്. 'മാന്യരെ, നാടകം ഉടനെ തുടങ്ങുകയാണു്. ഇനി നാടകം തുടങ്ങുന്നതിനു് വെറും നിമിഷങ്ങളേയുള്ളൂ'. പ്ലാററുഫോമിലേയ്ക്കു കയറി സെക്രട്ടറി വിളിച്ചുപറഞ്ഞു.

'കേട്ടില്ല, ഒന്നുടെ പറയണം' ഒരുത്തൻ വിളിച്ചു പറഞ്ഞു. പക്ഷെ സെക്രട്ടറി ആവർത്തിക്കുവാൻ തയ്യാറായില്ല. 'വിദ്യാർത്ഥി ഐക്യം സിന്ദാബാദ്', 'വിദ്യാർത്ഥി ഐക്യം സിന്ദാബാദ്'.

ആഡിറേറാറിയത്തിന്റെ മുൻഭാഗത്തിരുന്ന കുറെ വിദ്യാർത്ഥികളും എഴുന്നേററുനിന്നു് കയ്യുയർത്തി അത്യുച്ചത്തിൽ വിളിച്ചലറുകയാണു്. അതു മാത്രമല്ല അവരുടെ മുദ്രാവാക്യം. 'സെക്രട്ടറി ഗോബാക്ക്'. ഇടയ്ക്കിടെ ചിലർ അതും വിളിച്ചുപറയുന്നുണ്ടു്. ഏതായാലും നാടകം ഉടനെ തുടങ്ങുകയാണെന്നു് സെക്രട്ടറിയെക്കൊണ്ടു പറയിച്ചതിനു ശേഷമേ അവർ അല്പമൊന്നു ശാന്തരായുള്ളു.

മിനിററുകൾക്കു ശേഷം നാടകം ആരംഭിച്ചു. നാടകം തീർന്നു് വീണ്ടും അണിയറയിൽ എത്തിയതിനു ശേഷമാണു് എന്റെ ശ്വാസം ഒന്നു നേരെ പോയതു്. സമയം സന്ധ്യകഴിഞ്ഞു. മിക്കവരും മേക്കപ്പ് എല്ലാം അഴിച്ചു. സാരിയും മാലയും മോതിരവുമെല്ലാം സഞ്ചിക്കുള്ളിലാക്കി. അവസാനം എന്റെ മേക്കപ്പഴിക്കുവാൻ തുടങ്ങിയപ്പോഴാണു് പിണഞ്ഞ അബദ്ധം മനസ്സിലായതു്. നല്ല വജ്റ പശ വച്ചു് ഒട്ടിച്ച മീശകളൊന്നും പറിഞ്ഞുപോരുന്നില്ല. പറിഞ്ഞു പോരണമെങ്കിൽ വെളിച്ചെണ്ണ വേണം. വെളിച്ചെണ്ണ എന്റെ കൈവശമൊട്ടില്ല താനും. ഹാറും പൂട്ടാൻ പ്യൂൺ ധൃതിയെടുക്കുന്നു.

'താൻ ഇങ്ങനെയങ്ങു പൊയ്ക്കോ. വീട്ടിൽ ചെന്നു് എല്ലാം അഴിക്കാം. പോരാത്തതിനു സന്ധ്യാസമയവുമല്ലേ, ആരറിയാനാ? സെക്രട്ടറിയുടെ ഉപദേശമായിരുന്നു അതു്. വീട്ടിൽ കതകിന്റെ മുകളിൽ ഇരിക്കുന്ന കാശാവിൻ വടിയുടെ കാര്യം ഓർത്തപ്പോഴും അതു് അനുഭവത്തിൽ കൊണ്ടുവരാൻ ഞാൻ അല്പം മടി കാണിച്ചു. എന്നിരുന്നാലും മററു നിവ്വാഹമൊന്നുമില്ലാത്തതിനാൽ പരിപാടി നടപ്പിലാക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു.

എന്റെ ഷർട്ടും മുണ്ടുമെല്ലാം സഞ്ചിക്കകത്തു് തള്ളിക്കയററി. അതും തൂക്കിപ്പി

ടിച്ചുകൊണ്ടു് ഞാൻ നടന്നു. അല്ല, ഓടിയെന്നു പറയുന്നതാണു് അതിലും ശരി.

ഇനി ഒന്നര മൈൽ കൂടി നടക്കണം വീട്ടിലെല്ലു്. നേരം സന്ധ്യ കഴിഞ്ഞു. അപ്പോഴാണു് ഒരു പയ്യൻ എന്റെ തൊട്ടുമുമ്പിലായി കരഞ്ഞുകൊണ്ടു പോകുന്നതു് എന്റെ ശ്രദ്ധയിൽ പെട്ടതു്. അടുത്തു ചെന്നപ്പോൾ മനസ്സിലായി അതു് എന്റെ ഒരടുത്ത ബന്ധത്തിൽപ്പെട്ട ഒരാളുടെ മകനാണെന്നു്.

ഏതായാലും കാര്യം തിരക്കിക്കളയാം എന്നു തീരുമാനിച്ചു് ഞാൻ അടുത്തു ചെന്നു. വളരെ ബുദ്ധിമുട്ടി സഹിച്ചാണു് അവനെക്കൊണ്ടു് ഒന്നു മിണ്ടിച്ചതു്. പത്തു പൈസയുടെ മിഠായി ഞാനവനു സമ്മാനിച്ചു. ഒടുവിൽ കരഞ്ഞതിന്റെ കാര്യഗൗരവവും അവനെന്നെ പറഞ്ഞുമനസ്സിലാക്കി.

അന്നു പള്ളിക്കൂടത്തിൽവച്ചവന്റെ പേന മോഷണംപോയി. വീട്ടിൽ ചെല്ലുമ്പോൾ ഇച്ചാച്ചൻ വഴക്കുപറയുമത്രെ. പലതുംപറഞ്ഞു ഞാനവനെ സമാധാനപ്പെടുത്തി. ഏതായാലും അവനെ അവന്റെ വീട്ടിൽകൊണ്ടുപോയി വിടാമെന്നു ഞാൻ നിശ്ചയിച്ചു. ഒരു മുറുക്കാൻകടയുടെ മുമ്പിലേക്കു് ഞങ്ങൾ പ്രവേശിച്ചു.

'അയ്യോ! പിള്ളേരെപ്പിടുത്തക്കാരൻ ഒരു കൊച്ചിനെപ്പിടിച്ചോണ്ടുപോണേ! ഓടിവായോ!!!' ഒരു കിഴവൻ ഭൂലോകം മുഴുവൻ ഞെട്ടത്തക്ക ഉച്ചത്തിൽ വിളിച്ചുപറയുകയാണു്.

ഒരു നിമിഷത്തിനുള്ളിൽ അവിടെയെല്ലാം ആളുകളായി.

'അവനെ പിടിച്ചോളോ; വിടരുതു്! പിടിക്കവനെ!' അയാൾ പിന്നെയുംകിടന്നു കൂവുകയാണു്.

'ഞാൻ കോളേജിന്നൊരു നാടകം കഴിഞ്ഞു വരുന്നവഴിയാ, എന്നെ ഉപദ്രവിക്കല്ലേ'! ആ ബഹളത്തിനിടയിൽ ഞാൻ വിളിച്ചുപറഞ്ഞു. എങ്കിലും അതാരും കേട്ടില്ല. ചിലരുവന്നു് എന്റെ കൃത്രിമമീശ ഓരോന്നായി വലിച്ചുപറിച്ചു.

'അമ്പടാ ഇവൻ പറഞ്ഞ ചരക്കതന്നെ' ഒരുത്തൻ തട്ടിവിട്ടു. ചിലർ എന്റെ തലമുടികളിലും ദേഹത്തും പിടിച്ചു വലിക്കുകയാണു്. അതും കൃത്രിമമാണോ എന്നറിയാൻ.

മററുചിലർ എന്റെ സഞ്ചി പിടിച്ചുപറിച്ചു് പരിശോധനക്കായി കൊണ്ടുപോയി. വേറെന്തൊക്കെയായാലും അതിലിരിക്കുന്ന മാലയും മോതിരവും തിരിച്ചുകിട്ടിയാൽ മതിയായിരുന്നു.

'പോലീസ്! പോലീസ്!'

ആരോ വിളിച്ചുപറഞ്ഞു. അപ്പോൾ അവിടെക്കൂടിയിരുന്നവർ പകുതി പുറകോട്ടു വലിഞ്ഞു.

ഞാൻ പെട്ടെന്നു് പുറത്തേക്കൊരു ചാട്ടം. 'കള്ളൻ വരുന്നേ' എന്നു വിളിച്ചുപറച്ചിൽ കേൾക്കാം. നല്ല ഇരുട്ടാണെങ്കിലും പരിചയമുള്ള വഴിയായതുകൊണ്ടു് ഞാൻ വേഗം ഓടി. ആരൊക്കെയോ പുറകേ വരുന്നുണ്ടു്. ഒടുവിൽ വീട്ടിൽചെന്നുകയറി. വീട്ടിൽ എല്ലാവരും കിടന്നിരിക്കുന്നു. കുറച്ചു വെളിച്ചെണ്ണയെടുത്തു് ഞാൻ ശേഷിച്ചിരുന്ന മീശയൊക്കെ പറിച്ചുകളഞ്ഞു. പുറത്തുതന്നെ കിടന്നുറങ്ങുകയുംചെയ്തു.

പിറേറദിവസം പത്രക്കാരന്റെ ശബ്ദംകേട്ടുകൊണ്ടാണു് ഞാൻ ഉണർന്നതു്,

പെട്ടെന്നു പത്രംനിവർത്തിനോക്കി. എന്നെ വിറക്കുവാൻ തുടങ്ങി ഞാനും ആലിലപോലെ. ശരീരം തളരുകയാണു്! പത്രത്തിൽ എൻെറ ഒരു ഫോട്ടോയുണ്ടു്. അതിൻെറ അടിയിൽ എഴുതിയിരിക്കുന്നു.

'കാൺമാനില്ല.' എൻെറ മകൻ....നെ...ഇന്നലെമുതൽ കാണാതായിരിക്കുന്നു.' അതിനു കീഴോട്ടുള്ളതു വായിക്കണമെന്നു് എനിക്കു തോന്നിയില്ല. എൻെറ ഒരു വിവരണമാണു് അതിനടിയിൽ ചേർത്തിരിക്കുന്നതു്. 'കണ്ടുകിട്ടുന്നവർ ദയവായി എന്നെ അറിയിക്കണമെന്നു്' അപേക്ഷിക്കുന്നു. ....എന്നു്....ഒപ്പു്.

ഒടുവിലത്തെ വാചകമാണതു്. ഇതാ ആരുചെയ്ത പണിയാണോ! ഞാൻ പെട്ടിയിൽനിന്നും മാലയും മോതിരവും എടുത്ത വിവരം വീട്ടിൽ ആരെങ്കിലും അറിഞ്ഞുകാണും. രാത്രിയായിട്ടും എന്നെകാണാഞ്ഞിട്ടായിരിക്കണം പത്രമാഫീസിൽപോയി പരസ്യം കൊടുത്തതു്. പെട്ടെന്നു് ആളിനെ കണ്ടുപിടിക്കാമല്ലോ.!

പത്രം നിവർക്കുമ്പോഴാണു് വേറൊരു വാർത്ത കണ്ടതു്. 'ഇടിവെട്ടിയവനെ പാമ്പുകടിച്ചു' എന്നു കേട്ടിട്ടേയുള്ളു. ഇപ്പോഴിതാ അനുഭവിച്ചറിയുകകൂടി ചെയ്തിരിക്കുന്നു. വെണ്ടക്കാ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നു.

'പിള്ളേരെ പൊടിയിട്ടു മയക്കുവാൻ ശ്രമിച്ച സന്യാസി'.

(സ്വ. ലേ.) പുഴിത്താനം, ജന. 15

ഇന്നലെ ഇവിടെവച്ചു് ഒരു കള്ളസന്യാസി ഒരു കുട്ടിയെ പൊടിയിട്ടു മയക്കിക്കൊണ്ടു പോകുവാൻ ശ്രമിച്ചിരിക്കുന്നു. വഴിയിൽവെച്ചു് ഇയാൾ ഒരു കുട്ടിക്കു് ചില പൂക്കൾ പറിച്ചുകൊടുക്കുകയും രണ്ടുമൂന്നു മിഠായി സമ്മാനിക്കുകയുംചെയ്തു. കുട്ടിയുടെ തലയിൽ ഒരുതരം പൊടി വിതറുകയും ചെയ്തു എന്നു് കുട്ടിപറയുന്നു. ഉടനെ നാട്ടുകാർചേർന്നു് ഇയാളെ പിടികൂടി. അവിടെ കൂടിയിരുന്നവരുടെ തലയിലും കുറെ പൊടിവിതറി അവരെ ബോധരഹിതരാക്കിയതിനുശേഷം ഇയാൾ ഒടുവിൽ രക്ഷപ്പെട്ടുവത്രെ! ഇയാളുടെ സഞ്ചി നാട്ടുകാർ പിടിച്ചെടുത്തതു പരിശോധിച്ചപ്പോൾ അതിൽനിന്നു കൃത്രിമത്താടി, കൃത്രിമത്തലമുടി, തലയോടു്, പലതരം പൊടികൾ, വസ്ത്രങ്ങൾ മുതലായവയും ചില സ്വർണ്ണാഭരണങ്ങളും കണ്ടെടുത്തു. ആകെപ്പാടെ ആളുകൾ ഭയവിഹ്വലരായി കഴിഞ്ഞുകൂടുന്നു.'

ദൈവമെ എന്നെ രക്ഷിക്കണെ! 'ഇനി മേക്കപ്പുകാരനോടെന്തുപറയും.! ഈ നാടകത്തിൽ അഭിനയിക്കുകയേ വേണ്ടായിരുന്നു, ഈ കുന്തത്തിൽ ചേരേണ്ടായിരുന്നു' എന്നെല്ലാം ഞാൻ ചിന്തിച്ചുപോയി. അല്ല; ഇനി മേക്കപ്പുകാരനോടെന്തുപറയും.! രണ്ടുമൂന്നു പവൻ തൂക്കംവരുന്ന മാലയും മോതിരവും എങ്ങിനെയാണു തിരിച്ചുകിട്ടുക! മസ്തിഷ്കം പുകയുന്നുണ്ടു്. ലിവർ കത്തിത്തീരുന്നു. ആകെപ്പാടെ ഹൃദയം മരവിച്ചതുപോലെയായി. അങ്ങനെയിരിക്കുമ്പോഴാണു് പത്രമാപ്പീസിൽനിന്നും പരസ്യം കൊടുക്കാൻപോയ അപ്പൻ തിരിച്ചുവന്നതു്.

'എടാ നീ ഇന്നലെ എവിടെയായിരുന്നു.? മാലയും മോതിരവും എവിടെയാടാ! ഞാനാ നിന്നോടു ചോദിച്ചതു പറയടാ! '.... .... ....'

കതകിൻെറ പൊക്കത്തിലിരിക്കുന്ന കാശാവിൻെറ വടി വലിച്ചൂരുന്ന ശബ്ദം. .... .... .... ആവൂ .... .... .... കണ്ണിൽ ഇരുട്ടു് .... .... .... .... .... ! !! !!!!

# വിദ്യാർത്ഥികളും സാമ്പത്തിക ഭദ്രതയും

കഞ്ചെറിയ കെ. ഇസ്സഡ്.

II P. D. C.

ലോകത്തിന്റെ ചരിത്രത്തിലേക്ക്, ഒന്നെത്തിനോക്കിയാൽ, സാമ്രാജ്യങ്ങൾ പലതും അതിവേഗം ഉദിച്ചുയർന്നതും, ഞൊടിയിടയിൽ നശിച്ചു നാമാവശേഷമായിത്തീർന്നതും നമുക്കു കാണുവാൻ സാധിക്കും. അമാനുഷികപരാക്രമങ്ങൾകൊണ്ട് ലോകത്തെ കിടുകിടാ വിറപ്പിച്ച നെപ്പോളിയൻ ബോണപ്പാർട്ടും, ജർമ്മനിയെ അതിന്റെ അത്യുച്ചാവസ്ഥയിലെത്തിക്കാൻ ശ്രമിച്ച ഹിററ്ലറും, ലോകത്തെമുഴുവൻ പടവെട്ടിപ്പിടിക്കാൻ ധീരമായി ശ്രമിച്ച അലക്സാണ്ടറും സാമ്രാജ്യങ്ങൾ സ്ഥാപിച്ചുവെങ്കിലും, ആ സാമ്രാജ്യങ്ങളോ, സാമ്രാജ്യസ്ഥാപകരോ ശാശ്വതമായി നിലനിന്നില്ല. സാമ്രാജ്യസ്ഥാപകന്മാർ കടന്നുപോയി, സാമ്രാജ്യങ്ങൾ ഛിന്നഭിന്നമായി. അന്നുമുതൽ ഇന്നോളം ലോകത്തിലെ പല രാഷ്ട്രങ്ങളും സ്വാതന്ത്ര്യം പ്രാപിച്ചിട്ടുണ്ട്. ഇവയിൽ പലതും രക്തരൂക്ഷിതമായ വിപ്ലവത്തിൽക്കൂടിയാണ് സ്വാതന്ത്ര്യം നേടിയെടുത്തിട്ടുള്ളത്.

എന്നാൽ സ്വാതന്ത്ര്യഭാരതത്തിന് ഇതിൽനിന്നെല്ലാം ഭിന്നമായ, പാവനവും, പവിത്രവുമായ ഒരു ചരിത്രമുണ്ട്, ഒരു സംസ്കാരമുണ്ട്. ലോകത്തിലെ പല രാഷ്ട്രങ്ങളും വിപ്ലവവും രക്തച്ചൊരിച്ചിലുംകൊണ്ട് സ്വാതന്ത്ര്യം നേടിയെടുത്തപ്പോൾ ഭാരതാംബ ലോകത്തിലെല്ല് ഏററം വലിയ ശക്തിയായിരുന്ന, സൂര്യനസ്തമിക്കാത്ത സാമ്രാജ്യങ്ങളുണ്ടായിരുന്ന ഗ്രേയ്റ്റ്ബ്രിട്ടനെ ആയുധമില്ലാതെയുള്ള ഒരു യുദ്ധത്തിൽ തോല്പിച്ചു നാം നമ്മുടെ സ്വാതന്ത്ര്യം നേടിയെടുത്തു എന്നതു ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ കുറിക്കപ്പെട്ടിരിക്കുന്ന ഒരു നഗ്നസത്യമാണ്.

ഈ സ്വാതന്ത്ര്യം നാം ഏതേതു മാർഗ്ഗങ്ങളിൽക്കൂടി പ്രയോഗിക്കണമെന്നും, അ

ളുകൊണ്ട് എന്തു കാര്യങ്ങൾ നേടിയെടുക്കണമെന്നും പരിഷ്കൃതലോകം ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. അടിമത്തത്തിൽ ആണ്ടുകിടന്നിരുന്ന നൂററാണ്ടുകളിൽപ്പോലും, കഴിവുററ മഹാന്മാരെ സംഭാവന ചെയ്യാൻ കഴിഞ്ഞ ഈ രാഷ്ട്രത്തിൽനിന്നു പലതും ജീവിതത്തിന് പുതിയ മുതൽക്കൂട്ടുകൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഏതൊരു രാഷ്ട്രത്തിൻെറയും ഭാവി നിർണ്ണയിക്കേണ്ടതു് പ്രധാനമായും ആ രാഷ്ട്രത്തിലെ വളരുന്ന തലമുറയാണ്. ഈ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ആ വളരുന്ന തലമുറയിൽ നല്ലൊരുഭാഗം ഇവിടത്തെ വിദ്യാർത്ഥികളാണ്. സ്വാതന്ത്ര്യാനന്തരം സ്വന്തമായ യാഥാർത്ഥ്യങ്ങളോടും ഉത്തരവാദിത്വങ്ങളോടും ഏററുമുട്ടുവാൻ തുടങ്ങിയപ്പോൾ, ചില വീർപ്പുമുട്ടലുകൾ അനുഭവപ്പെട്ടുതുടങ്ങി. നാം നമ്മുടെ അവകാശത്തോടൊപ്പം ചില കടമകളും ഏറെറടുക്കുകയുണ്ടായി. ആ കടമകൾ നിറവേററുവാനുള്ള ക്ലേശങ്ങൾ അധികമായതോടുകൂടി ജനങ്ങൾ ക്രമേണ അസ്വസ്ഥരായി കാണപ്പെട്ടു.

വിദ്യാഭ്യാസരംഗത്തും ഈ അസ്വസ്ഥത (ശിക്ഷണരാഹിത്യം) കുറേശ്ശെ അനുഭവപ്പെട്ടുതുടങ്ങി. ഈ കാലഘട്ടത്തിൽ അതു് അടിക്കടി വർദ്ധിച്ചുവരുകയാണ്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം ഈ വിധം നീണ്ടുനിന്നാൽ അതിൻെറ അനന്തരഫലം അരാജകത്വം ആയിരിക്കും. നാം വർഷങ്ങളായി കാത്തുസൂക്ഷിച്ചുകൊണ്ടുവരുന്ന ജനാധിപത്യ ഭരണക്രമത്തിൻെറ നാരായ വേരിനു് കോടാലിവെയ്ക്കലായിരിക്കും അതുകൊണ്ടു് സാധിക്കുക. ഈ ദുസ്ഥിതിക്കുള്ള കാരണങ്ങളും, പരിഹാരങ്ങളും പലരും ആരായാറുണ്ട്. അവരിൽ നല്ലൊരു ഭാഗം വിദ്യാർത്ഥികളിൽക്കാണുന്ന അച്ചടക്കമില്ലായ്മക്ക് ഉത്തരവാദികൾ രാഷ്ട്രീയക്കാരാണെന്നു വിധിയെഴുതുകയും ചെയ്യും. രാഷ്ട്രീയക്കാരിൽ മാത്രം ഒതുങ്ങിനിൽക്കുന്നവയല്ല അതിനുള്ള കാരണങ്ങൾ എന്നു് സുവ്യക്തമാണ്.

വിദ്യാർത്ഥികൾ സമൂഹത്തിലെ ഒരു ഘടകമാണ്. സമൂഹത്തിലുണ്ടാകുന്ന കോളിളക്കങ്ങൾ അവരിലും പ്രതിഫലിക്കുക സാധാരണയാണ്. വിദ്യാർത്ഥികളിൽ പ്രേരണ ചെലുത്തുന്ന ഒരു പ്രധാന ഘടകം സമൂഹമാണ്. സമൂഹത്തിനു് പല തെററായ ധാരണകളും, വീക്ഷണങ്ങളുമുണ്ട്. സമൂഹം ഇന്നു് പല കാര്യങ്ങളും നേടിയെടുക്കാൻ ശ്രമിക്കുന്നതു് സമരങ്ങളിൽക്കൂടിയും, അക്രമപ്രവർത്തനങ്ങളിൽക്കൂടിയുമാണ്. ഇന്നു സമരങ്ങളുടെ ഒരു ഘോഷയാത്രതന്നെ സമൂഹത്തിൽ കാണാൻ സാധിക്കും. വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുന്നതു്, അവരുടെ വീക്ഷണത്തിനു മിഴിവു നല്കുന്നതു് ഇമ്മാതിരി സമരങ്ങളും നശീകരണ പ്രവർത്തനങ്ങളുമാണ്. വിദ്യാർത്ഥികളുടെ മുമ്പിലുള്ളതു് അസ്വസ്ഥമായ ഒരു സമൂഹമാണ്. ഈ സമൂഹത്തിലെ അസ്വസ്ഥരായ ജനവിഭാഗങ്ങൾ ഒരു പരിധിവരെ അവരിൽ സ്വാധീനം ചെലുത്തുന്നുണ്ട്. സമൂഹത്തിൻെറ ക്ലേശങ്ങളും കഷ്ടപ്പാടുകളും തുടച്ചുനീക്കുമ്പോൾ, സമൂഹം സ്വസ്ഥവും സംതൃപ്തവുമാകുമ്പോൾ, സമൂഹത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളും സംതൃപ്തരാകുമെന്നു് നമുക്കു പ്രതീക്ഷിക്കാം. എന്നാൽ ഭാരതത്തെപ്പോലെയുള്ള ഒരു രാഷ്ട്രത്തിനു് ഇതു ക്ഷിപ്രസാദ്ധ്യമല്ല.

ഭാരതം ഒരു ജനാധിപത്യരാഷ്ട്രമാണ്. ഒരു ജനാധിപത്യരാഷ്ട്രത്തിൻെറ ഭരണക്രമത്തിൽ ആ രാഷ്ട്രത്തിലെ സമൂഹം വ്യക്തമായി ഇടപെടേണ്ടതാണ്. സമൂഹത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമായിരി

ക്കുന്ന വിദ്യാർത്ഥിയും രാഷ്ട്രനിർമ്മാണപ്രവർത്തനത്തിൽ ഇടപെടണം. വിദ്യാർത്ഥികളായിരിക്കുന്ന നാമോരോരുത്തരുടേയും പ്രഥമവും പ്രധാനവുമായ കർത്തവ്യം വിദ്യ അഭ്യസിക്കുക എന്നതാണ്. ഇവിടത്തെ മാത്രമല്ല ലോകത്തിലെതന്നെ സ്ഥിതിഗതികൾ സൂക്ഷിച്ചു വീക്ഷിക്കുകയും ശരിയായവിധം പഠിച്ചിരിക്കുകയും വേണം. എങ്കിൽ മാത്രമേ ഇന്നത്തെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് സാധിക്കയുള്ളു. എല്ലാ വിദ്യാർത്ഥികളും ഇന്നത്തെ രാഷ്ട്രീയക്കാരെ അന്ധമായി അനുകരിച്ചുകൊണ്ട് അവരുടെ ചട്ടുകങ്ങളായി പ്രവർത്തിക്കയും, രാഷ്ട്രീയപാർട്ടികളുടെ പ്രതിരൂപമായി വിദ്യാലയങ്ങളിൽ സംഘടനകൾ രൂപീകരിക്കുകയും ചെയ്യുന്ന തെററായ പ്രവണതകളിൽനിന്നും പിന്തിരിയണം. നമ്മുടെ കലാലയവിദ്യാഭ്യാസംകൊണ്ട് ഏതെങ്കിലും ഒരു വിഷയത്തിൽ കുറെ അറിവു സമ്പാദിക്കുക എന്ന ഏക ലക്ഷ്യം മാത്രമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സങ്കീർണ്ണമായ ഇന്നത്തെ ലോകത്തെ അഭിമുഖീകരിക്കുന്നതിനും, നിരാശയുടെ നീർച്ചുഴിയിൽപ്പെട്ട് നട്ടംതിരിയുന്ന മനുഷ്യരാശിക്ക് ക്രിയാത്മകമായ നേതൃത്വം കൊടുക്കുന്നതിനും പ്രാപ്തരായ ഒരു തലമുറയെ വാർത്തെടുക്കുകയാണ് നമ്മുടെ സർവ്വകലാശാലാ വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഇന്നും ഇന്ത്യയിൽ സാമ്പത്തികവും, സാമൂഹ്യവുമായ അസമത്വങ്ങൾ നിലനില്ക്കുന്നുണ്ട്. ഇന്നത്തെ വിദ്യാർത്ഥി ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന ഒരു ഉല്പതിഷ്ണുവാണെങ്കിൽ, സമൂഹം പിന്നിട്ട നൂററാണ്ടിലെ ഒരു യാഥാസ്ഥിതികനാണ്. ഈ അന്തരം ഇല്ലാതായെങ്കിൽ മാത്രമേ ഉല്പതിഷ്ണുവായ വിദ്യാർത്ഥി സംതൃപ്തനാകൂ. 'വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുക, പരിഷ്കരിക്കുക' എന്ന മുറവിളി നാളുകളായി ഇന്ത്യയിലങ്ങോളമിങ്ങോളം അലയടിച്ചുകൊണ്ടിരിക്കുകയാണ്. അടിസ്ഥാനപരമായ ചില വ്യതിയാനങ്ങൾക്കുവേണ്ടിയുള്ള മുറവിളിയാണിത്.

ഒരു പ്ലാനില്ലാത്ത, ലക്കും ലഗാനുമില്ലാത്ത, നിയന്ത്രണവും നിശ്ചിത മനോഭാവവുമില്ലാത്ത, ദീർഘലക്ഷ്യവും വീക്ഷണഗതിയുമില്ലാത്ത ഇന്നത്തെ സമ്പ്രദായം പരിവർത്തനവിധേയമായേതീരൂ! ഭാരതത്തിലെ വിദ്യാർത്ഥികളെ മററു വിദേശരാജ്യങ്ങളിലെ വിദ്യാർത്ഥികളോട് താരതമ്യപ്പെടുത്തി നോക്കിയാൽ നമുക്കുള്ള പാപ്പരത്വം മനസ്സിലാക്കാൻ സാധിക്കും. സാമ്പത്തികമായി ഇത്രമാത്രം പിന്നോക്കാവസ്ഥയിൽ കഴിയുന്ന വിദ്യാർത്ഥികൾ മറെറതെങ്കിലും രാജ്യത്തുണ്ടോ എന്നു സംശയമാണ്. എന്നിട്ടുകൂടി ഭാരതത്തിലെ വിദ്യാർത്ഥികൾക്ക് രാഷ്ട്രനിർമ്മാണത്തിൽ പങ്കുചേരുവാൻ എന്തൊരു വൈമനസ്യം ഉള്ളതുപോലെ തോന്നുന്നു.

ഭാരതത്തിലെ വിദ്യാർത്ഥികൾ ഒന്നടങ്കം, വിദ്യാർത്ഥിപ്രക്ഷോഭണങ്ങളിലും, നശീകരണ പ്രവർത്തനങ്ങളിലും കാണിക്കുന്ന ശ്രദ്ധയെ രാഷ്ട്രനിർമ്മാണ പ്രവർത്തനത്തിലേക്ക് തിരിച്ചുവിട്ടാൽ ഭാരതത്തിനതൊരനുഗ്രഹമായിരിക്കും. എല്ലാ കോളേജുകളിലും ഏതെങ്കിലും തൊഴിൽവിഭാഗങ്ങൾ ആരംഭിച്ചു പ്രവർത്തനം നടത്തുന്നതു നന്നായിരിക്കും. ഇമ്മാതിരി പ്രവർത്തനങ്ങൾക്ക് അവ അർഹിക്കുന്ന പ്രോത്സാഹനം നല്കുകയുംവേണം. ഈവിധം ഭാരതത്തിലെ വിദ്യാർത്ഥികൾ ഒന്നടങ്കം അവരുടെ പഠനത്തോടൊപ്പം രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽക്കൂടി ശ്രദ്ധിച്ചാൽ, പതറാത്ത ഹൃദ

(ശേഷം 67—ാം പേജിൽ)

# ഭാരതാംബിക

എന്തിത്ര ഖേദിക്കുന്നു-
ഭാരതാംബികേ നിന്റെ
മക്കൾതൻ കലാപങ്ങ-
ളിവിടെത്തീരില്ലെന്നോ!
ഭാരതം ധർമ്മത്തിന്റെ
കേദാരമാണെന്നല്ലേ?
മുഴങ്ങി കേൾക്കുന്നതീ
ലോകത്തിലെല്ലാംതന്നെ
അമ്പത്തു നൂററാണ്ടിനു
മപ്പുറം ഹാരപ്പായിൽ
കണ്ടതാം സംസ്കാരത്തി-
ന്നേട്ടുകൾ മറിച്ചീടിൽ
ദേവചിന്തയും വാസ്തു-
ശില്പവും ശാസ്ത്രങ്ങളും
ഉയർന്നു വളർന്നതിൻ
ചിത്രങ്ങൾ തെളിയുന്നു.
അക്ബറുമശോകനും
നിൻരക്ഷാകൃത്യംതീർത്ത
കാലത്തെ സ്വർണ്ണമായ്
ചരിത്രംകുറിക്കുന്നു.
വ്യാസനും വാല്മീകിയും
ഭാസനും ഭവഭൂതി
കാളിദാസന്മാരുംനിൻ
പാദങ്ങൾ പൂജിച്ചല്ലോ!
ഇന്നിതാ വേഷം, ഭാഷ,
ഭക്ഷണം തുടങ്ങിയ
കാര്യങ്ങൾ കലഹത്തിൻ-
ജ്വാലകൾ കൊളുത്തുന്നു.
ചന്ദ്രനിൽ പറന്നെത്താൻ
മനുജൻ മോഹിക്കുമ്പോൾ
ഭാരതാംബികേ, തമ്മിൽ
കലഹം മഹാകഷ്ടം..!

മേരി പി. എം.
II P. D. C.

വിനോദഭാവന

# എന്റെ കണി

—വിലാസിനിക്കുട്ടി വി. എം.
I B. Sc.

രാവിലെ ഉണർന്നപ്പോൾ സമയം എട്ടുമണി. തലേദിവസം ഉറക്കമിളച്ചതു കൊണ്ട് ക്ഷീണം നല്ലതുപോലെ ഉണ്ടായിരുന്നു. എന്തായാലും ഒൻപതുമണിക്കാണല്ലോ ബസ്സ് വരുന്നത് കുറച്ചുകൂടി കിടക്കാം. വഴക്കുപറഞ്ഞ് ഉണർത്തുവാൻ അച്ഛൻ ഇന്ന് ഇവിടെയില്ല. സമാധാനം. എട്ടരയായപ്പോൾ അമ്മയുടെ ശകാരംകേട്ട് എഴുന്നേററു. കണ്ണുതിരുമ്മി വാതിൽ തുറന്നു. 'എന്താ ഉറക്കമായിരുന്നു ലതേ ഇന്ന് കോളേജിൽ പോകണ്ടേ'? പുറത്തിറങ്ങി ദിനകൃത്യങ്ങളെല്ലാം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ കാപ്പിയുമായി അമ്മ എത്തി. കാപ്പിവാങ്ങിക്കുടിച്ചിട്ട് പുസ്തകം അടുക്കുവാൻ ചെന്നിരുന്നു. അപ്പോഴാണ് Novel-ന്റെ ഒരു criticism എഴുതാൻ സാർ പറഞ്ഞ കാര്യം ഓർത്തു. ഇന്ന് Last hour cut ചെയ്യാം എന്ന തീരുമാനത്തിൽ ഡ്രസ്സ് മാറുവാൻ പോയി. സമയം ഒൻപതാകാൻ അഞ്ചു മിനിട്ടുകൂടിമാത്രം. അപ്പോഴതാ അച്ഛനും അച്ഛന്റെ മൂത്ത സഹോദരിയും കൂടി വരുന്നു. കാണാതെ പുറകുവശത്തുകൂടി പോയാലോ? സംശയിച്ചുനിന്നു. അപ്പോഴതാ ചിററമ്മ സംസാരിക്കുവാൻ വരുന്നു! ചുരുങ്ങിയവിധത്തിൽ മറുപടിപറഞ്ഞു. ബസ്സിന്റെ ഹോണടിയല്ലേ കേൾക്കുന്നത്? അതെ എന്റെ.... ഗുരുവായൂരപ്പാ.... എന്റെ ഏററുമാനൂരത്തേവരേ........ ബസ്സ് പോകരുതേ.!! പുസ്തകവും മേശയിൽകണ്ട ചോററുപാത്രവുംഎടുത്തുകൊണ്ട് ഓടി. ബസ്സ്റ്റാൻറിലെത്താൻ കഷ്ടിച്ച് അഞ്ചുമിനിട്ടുവേണം.

ഓടി അവിടെ ചെന്നപ്പോഴോ! ബസ്സ് പോയിക്കഴിഞ്ഞിരിക്കുന്നു. ഇനി എന്തുചെയ്യും ദൈവമേ! ദൈവത്തിനെ വിളിച്ചാലും ഒരു ഫലവുമില്ല. മനസ്സിൽപറഞ്ഞു. 'എന്നാലും ദൈവം എന്നെ കൈവെടിയുകയില്ല.' അപ്പോഴാണ് തലമുടി

---

(65—ാം പേജിൽനിന്നും തുടർച്ച)

മത്തോടും, ഇടറാത്ത പാദങ്ങളോടുംകൂടി മുന്നോട്ടുപോയാൽ, വർഷങ്ങളായി നാം സ്വപ്നംകണ്ടുകൊണ്ടിരിക്കുന്ന ആ സമുന്നത ലക്ഷ്യം നമുക്കു കരഗതമാകും. ദാരിദ്ര്യത്തിന്റെയും, പട്ടിണിയുടെയും ഇരുണ്ടരാത്രിയിൽനിന്നും നമ്മുടെരാഷ്ട്രം സുഭിക്ഷതയുടെ പൊൻപുലരിയിൽ എത്തിച്ചേരട്ടെ.!

ചീകാത്ത കഥ ഓർത്തുവന്നതു്. നോക്കിയപ്പോൾ പേനായില്ല. പകരമോ? ചീപ്പുണ്ടു് കൈയിൽ, സാരമില്ല. ആരോടെങ്കിലും ഒരു പെൻസിൽ കടംവാങ്ങാം. ഇവിടെനിന്നു് തല ഒന്നു ചീകാം. അപ്പോൾ അതാ മററൊരുബസ്സ്. പ്രൈവററ് ബസ്സായിരുന്നതുകൊണ്ടു് നിറയെ ആളാണു്. അതു് കൈകാണിച്ചിട്ടും നിർത്താൻ ഭാവമില്ല. പോകട്ടെ, തലയെങ്കിലും ചീകാമല്ലോ! തലമുടി ഒരുവിധത്തിൽ പിന്നിയിട്ടു. സമയം എന്തായോ? കൈയിലേക്കു നോക്കി. കരുതക്കേടിനു് ചിററ വന്നതുകൊണ്ടു് വാച്ചെടുക്കാൻ മറന്നു. അടുത്ത ബസ്സുവന്നപ്പോൾ നിർത്തി, അതിൽകയറി. ഇരിക്കാൻ സ്ഥലം കിട്ടിയില്ല. ഏതായാലും ചീപ്പ് ആരും കാണാതിരിക്കാൻ പൊതിഞ്ഞു് ബുക്കിൽ വച്ചു. എങ്ങോട്ടാ ടിക്കററ്? കണ്ടക്ടർ സാറിന്റെ ചോദ്യം കേട്ടപ്പോഴാണു് കോളേജടക്കാറായ വിവരം അറിയുന്നതു്. കോളേജിലേക്ക പോകുവാൻ രണ്ടുമൂന്നു boys മാത്രം ഉണ്ടു്. എങ്ങനെ ക്ലാസ്സിൽ തനിയെ ചെല്ലും. എയ്യ് ‘ഇറങ്ങണം’ എന്നുള്ള ശബ്ദം കേട്ടപ്പോഴാണു് കോളേജ് പടിക്കൽ ബസ്സ് നിർത്തി എന്നറിഞ്ഞതു്. ധൃതിവച്ചിറങ്ങി. അടുത്തുള്ള കടയിലേക്ക നോക്കിയപ്പോൾ സമയം പത്തര. ഈശ്വരാ എങ്ങനെ ക്ലാസ്സിൽചെന്നുകയറും. എല്ലാംകൂടി കൂവും. എന്തുവന്നാലും സഹിക്കുക. ഇന്നുകണ്ടകണി! തിരിച്ചുചെല്ലട്ടെ, ആ ചെറുക്കനോട്ടു് രണ്ടുവർത്തമാനം പറയണം. ക്ലാസ്സിന്റെ വാതുക്കൽ ചെന്നു. ക്ലാസ്സിൽ കയറി. Drama യാണു്. മുൻവശത്തെ ബെഞ്ചിൽ മാത്രമേ സ്ഥലമുള്ളൂ എന്തെങ്കിലുമാകട്ടെ അവിടെ ഇരുന്നു.

അപ്പോഴാണു് ഓർത്തതു് ചോററുപാത്രംകൂടി കൊണ്ടുപോന്ന കഥ. അതു് ആരും അറിയാതെ ഡസ്കിനടിയിൽവച്ചു. പുസ്തകം നോക്കിയപ്പോൾ തലേദിവസത്തെ പുസ്തകങ്ങൾ മാത്രമേയുള്ളൂ. ഏതായാലും വെറുതെ ഒരു പുസ്തകം തുറന്നു വച്ചേക്കാം. എന്റെ ഈശ്വരാ സാറു കാണുന്നതേ! സമയം കടന്നുപോയി. ‘Latha stand up there’. അടുത്തിരുന്ന മേരി എന്നെ തോണ്ടി. ഞാൻ എഴുന്നേററുനിന്നു. അപ്പോഴാണു് താൻ ഉറങ്ങുകയായിരുന്നു എന്ന മനസ്സിലായതു്. വീണ്ടും ക്ലാസ്സ് അവിടെത്തന്നെയായിരുന്നതു് ഭാഗ്യം. ‘Are you sleeping’ അടുത്ത ചോദ്യം ‘What is your number’? ചോദ്യം ആവർത്തിച്ചു. താൻ പ്രതിമകണക്കെ നിന്നു. ‘You can get out of the class’ ദൈവമേ ഇനി ഈ സാറിന്റെ അടുത്തു് രക്ഷയില്ല. ‘ഏതായാലും Novel ന്റെ criticism എഴുതാത്ത ഞാനാണു് മിടുക്കി’ എന്നു് മനസ്സിൽ വിചാരിച്ചു. വേഗം ചോററുപാത്രവും എടുത്തു പുറത്തേക്കിറങ്ങി. കൈയിലിരുന്ന ചീപ്പ് താഴെച്ചാടി. വേഗം ചാടി എടുത്തുകൊണ്ടു് ഓടി, അപ്പോൾ ക്ലാസ്സിൽ ഒരു കൂട്ടച്ചിരി പരന്നു. സമയം ഏതായാലും പതിനൊന്നുകഴിഞ്ഞു. ചോറുണ്ണേക്കാം. കൈകഴുകി തിരിച്ചുവന്നു. പാത്രം എടുത്തു. ‘ഓ ഇന്നു് അമ്മ കുറച്ചു ചോറേ ഇട്ടിട്ടുള്ളൂ. നല്ലതുപോലെ വിശക്കുന്നുണ്ടു്’. അടപ്പു തുറന്നു. ഓ! ഇതു ചോറല്ല. വെറും പച്ചവെള്ളം രാത്രിയിൽ ഉറക്കം വരുമ്പോൾ മുഖത്തൊഴിക്കാൻ അനിയത്തി കൊണ്ടുവച്ചിരുന്നതാണു്. ഏതായാലും ഇന്നു ചെല്ലുമ്പോൾ അവൾക്കിട്ടു് രണ്ടു കൊടുക്കണം’.

സമയം ഇനിയും ഉണ്ടല്ലോ, ഒന്നു മയങ്ങിക്കളയാം. ഉറക്കത്തിൽ തലേദിവസത്തെ ഡാൻസ് ഒന്നുകൂടി കണ്ടു. ഉണർന്നപ്പോൾ സമയം അഞ്ചാകാറായി. നോക്കിയപ്പോൾ ഹേമ മാത്രമുണ്ടു്, എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. വേഗം എഴുന്നേററു് പോകാൻ യാത്രയായി. ഇന്നു് വീട്ടിൽ

ചെല്ലുമ്പോൾസമയം ആറാകും. വേഗം വരണം എന്നു പറഞ്ഞതാണ്‌ ചിററമ്മ വിട്ടു്. എന്തായാലും ക്ലാസ്സുണ്ടായിരുന്നു എന്ന്‌ പറയാം. ഉള്ളിൽ സമാധാനിച്ചു. അഞ്ചരയായപ്പോൾ ഒരു ബസ്‌ കിട്ടി. ബസ്സിറങ്ങി നടക്കാൻ തുടങ്ങുമ്പോൾ അച്ഛൻ വരുന്നതുകണ്ടു. ചിററമ്മയെ യാത്രയയച്ചിട്ട്‌ വരികയാണെന്ന്‌ അറിഞ്ഞു. ഒന്ന്‌ സംസാരിക്കുവാൻ കൂടി സമയം കിട്ടിയില്ല.

